"ആറുദിവസങ്ങൾക്കുശേഷം ഈശോ ശ്രോസിനേയും, യാക്കോബിനേയും അയാളുടെ സഹോദരൻ യോഹന്നാനേയും ഒരു ഉയർന്ന മലയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ അവർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടെ അവിടുന്നു അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു. അവിടുത്തെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. അവിടുത്തെ വസ്ത്രങ്ങൾ മഞ്ഞുപോലെ വെണ്മ പ്രാപിച്ചു."

—മത്തായി XVII 1—2

# സത്യദീപം

"ഓരോരുത്തനും അവനവന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നതിനു ആഗ്രഹിക്കുകയും അവനവന്റെ അഭിപ്രായത്തോടു യോജിച്ചുള്ളവരോടു് അനുകൂലിക്കുകയും ചെയ്യുന്നു എന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഈശ്വരൻ നമ്മോടുകൂടിയുണ്ടെങ്കിൽ, സമാധാനത്തിനുവേണ്ടി നമ്മുടെ സ്വന്തം അഭിപ്രായത്തെ നാം ചിലപ്പോൾ ത്യജിക്കേണ്ടിവരും. എല്ലാ സംഗതികളേയും പൂർണ്ണമായി അറിയാൻകഴിയത്തക്കവണ്ണം ബുദ്ധിയുള്ളവനായി ആരുണ്ടു്?"

—ക്രിസ്ത്വനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 മാർച്ച് 13—ബുധനാഴ്ച | Vol. 30, No. 30

# എറണാകുളം മെത്രാപ്പോലീത്താ തിരുമേനി നീണാൾ വാഴട്ടെ!



മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

(നാമഹേതുകത്തിരുനാൾ—മാർച്ച് 19)

ക്രൂരേ വും തൻതനയക്കു നേർവഴി മുദാ കണ്ടീടുവാൻ തക്കതാം-
മാറേറെശ്ശോഭതകാന്തി ചിന്തുമൊരു വിശ്വദീപമായ് മന്നിതിൽ,
കാരേശാതീയതിരൂപതയ്ക്കു നിയതം, ഭദ്രാസനാരൂഢനാം
പാറേക്കാട്ടിൽത്തിരുമേനി വാഴ്ക, നിതരാമാരോഗ്യസൗഖ്യാന്വിതം.

# ചെറുകഥ

## "മാനം തെളിഞ്ഞു മഴക്കാറുമാഞ്ഞു..."

(ടി. ജെ. മാടപ്പള്ളി)

ഗ്രീഷ്മകാലത്തിലെ മനോഹരമായ ഒരു സായംകാലമായിരുന്നു അന്ന്. പടിഞ്ഞാറെ ആകാശത്തിന്റെ കവിൾത്തടം ചുവന്നുതുടുത്തിരുന്നു. സായാഹ്നശ്രീയുടെ പൊന്നിൻ പട്ടുടുത്തു വെൺമുകിലുകൾ അംബരവീഥിയിൽ പാറി നടന്നിരുന്നു. ചക്രവാളസീമയുടെ അരികുചേർന്നു പക്ഷികൾ ചേക്കേറുകയാണ്. ശീതളമായ മന്ദമാരുതൻ ഊതിക്കൊണ്ടിരുന്നു. പുതഞ്ഞുകിടക്കുന്ന മണൽത്തിട്ടയെ, ആഴിയുടെ അലകൾ തലോടിക്കൊണ്ടിരിക്കുന്നു.

"കടലേയ് കടലേയ്..." ഒരു പയ്യൻ വിളിച്ചുപറഞ്ഞുകൊണ്ടു പോയി.

ബീച്ചിലെ മുക്കിലും മൂലയിലും നിന്ന് വർത്തമാനങ്ങളും പൊട്ടിച്ചിരികളും കേൾക്കാം. കുറച്ചകലെ ഒരു യുവാവും യുവതിയും സംസാരിച്ചുകൊണ്ടിരിക്കുന്നു.

"മേരി! ഞാൻപറയുന്നതു കേൾക്കൂ, നമുക്കുവേണ്ടി, നമ്മുടെ നാടിനുവേണ്ടി, യാതനയുടെ നീർച്ചുഴിയിൽ കിടന്ന് നട്ടംതിരിയുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി. ഞാൻ അങ്ങേ അററം പോരാടും. അഴിമതിയുടേയും അക്രമത്തിന്റേയും നടനസ്ഥലമായി രാജ്യം അടിക്കടി നീറിനീറി ദഹിക്കുമ്പോൾ ഞാൻ എങ്ങനെ അടങ്ങിയിരിക്കും?"

"ജോയി! അതിനു നാട്ടനിളെ വിപ്ലവവും, രക്തച്ചൊരിച്ചിലും ആവശ്യമാണോ? പരിപാവനമായ ഈശ്വരചൈതന്യത്തെ ചവുട്ടിത്തേച്ച്, പാവങ്ങളുടെ ജീവനെ പണയപ്പെടുത്തി, അമിതമായ അവകാശവാദം നടത്തി, വിപ്ലവം വിതച്ച് അസമാധാനം കൊയ്യുവാനുള്ള ശ്രമം ഉപേക്ഷിക്കൂ. പാവപ്പെട്ട തൊഴിലാളികളെക്കൊണ്ട് പണിമുടക്കിച്ചു പട്ടിണിയും വേട്ടയും വിളിച്ചുവരുത്തി അവരുടെ ജീവിതങ്ങളെ തകർക്കരുതേ. കമ്മ്യൂണിസ്റ്റ്പാർട്ടിയുമായുള്ള അങ്ങയുടെ ബന്ധം ഉപേക്ഷിക്കൂ. സമാധാനമാർഗ്ഗത്തിൽക്കൂടി പരിശ്രമിക്കൂ. എന്റെ അന്ത്യയാചനയാണിതു്..."

"ഇല്ല മേരി, അതെനിക്കു സാദ്ധ്യമല്ല. സഖാക്കളെ ആഹ്വാനം ചെയ്യേണ്ട ഞാൻ പിന്തിരിഞ്ഞോടുകയോ...? സമത്വസുന്ദരമായ ഒരു ഭാവിക്കുവേണ്ടി. അവസാനംവരെ പോരാടാൻതന്നെ ഞാൻ തീരുമാനിച്ചു! മേരി, നിന്നെ ഞാൻ അത്യധികമായി സ്നേഹിക്കുന്നു. പക്ഷേ നിന്റെ ഈ അഭിലാഷം നിറവേററാൻ സാദ്ധ്യമല്ല."

"എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ അങ്ങേക്കു സാദ്ധ്യമല്ലേ..." മേരി വീണ്ടും യാചിച്ചു. അവളുടെ കൺകോണുകളിൽ നീർത്തുള്ളികൾ ഉരുണ്ടുകൂടി. അന്തിവെയിലിൽ അവ മുത്തുമണികളായി മിന്നിമിന്നിനിന്നിരുന്നു. ജീവന്റെ ജീവനായി കരുതിപ്പോന്ന ജോയി ഒരുറച്ച വിപ്ലവകാരിയാണ്. വഴിപിഴച്ച ഇത്തരം മാർഗ്ഗങ്ങൾ എത്ര യുവാക്കളെയാണ് വശീകരിക്കുന്നതു്. പാവം! ജോയി! ഇന്നയാൾ എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റിന്റെ ഒരു കളിപ്പന്തായാൽ...

"മേരി, കരയാതിരിക്കൂ. സഹോദരങ്ങൾക്കുവേണ്ടി പടപൊരുതാൻ എന്നെ അനുവദിക്കൂ... പാർട്ടിയെ വിശ്വസിക്കൂ..."

"വേണ്ട. എന്റെ ഹൃദയം തുറന്ന അഭിലാഷത്തെപ്പോലും അങ്ങ് നിരസിച്ചു. ക്ഷമിക്കണം! ഇനി എന്നെ മറന്നുകളയൂ." അവൾ വിമ്മിവിമ്മിക്കരഞ്ഞു.

x x x

മറിയച്ചേട്ടത്തിക്കും തോമ്മാച്ചേട്ടനും ഒരൊററ മകനേയുള്ളു. ജോയി. ആണും പെണ്ണുമെല്ലാമായി അവൻ ഒരുത്തൻമാത്രം. അവരുടെ ജീവന്റെ ജീവനാണവൻ. എത്രയെത്ര മധുരപ്രതീക്ഷകളാണവനിലുള്ളതു്. അവന്റെ പുഞ്ചിരിയിലും കുസൃതിയിലുമെല്ലാം ഒരു പുതിയ ലോകം അവർ ദർശിച്ചു. രാവിലെ കലപ്പയുമെടുത്തു തോമ്മാച്ചേട്ടൻ പാടത്തേക്കു പോകുമ്പോൾ ജോയിയേയും "ഒക്കത്തു" വച്ചു മറിയച്ചേട്ടത്തി പടിക്കൽ കാണും. മടങ്ങിവരുമ്പോൾ എന്തെങ്കിലും പൊന്നുമോന് അയാൾ കൊണ്ടുവരും. അത്താഴമുണ്ണുമ്പോൾ ജോയിയെ അരികിലിരുത്തി തന്റെ കൈകൊണ്ടു ഒരുരുള തീററണമെന്ന് തോമ്മാച്ചേട്ടനു നിർബന്ധമുണ്ട്. ചിലപ്പോൾ അവൻ നേരത്തെ ഉറങ്ങിയിരിക്കും. മകനെ വിളിക്കുമ്പോൾ മറിയച്ചേട്ടത്തി പറയും: "അവൻ വയറുനിറയെക്കഴിച്ചാണുറങ്ങിയതു്."

എന്നാലും "നിറഞ്ഞില്ല" എന്നൊരു തോന്നലുണ്ട് തോമ്മാച്ചേട്ടനു്. അവനെ ഉറക്കത്തിൽ നിന്ന് വിളിച്ചെഴുന്നേല്പിച്ച് ചോറൂട്ടുക അയാൾക്കൊരു നിർബന്ധമാണ്.

പറമ്പിലെന്തെങ്കിലും പണിയെടുക്കുകയായിരിക്കും മറിയച്ചേട്ടത്തി. എങ്കിലും ജോയി അവരുടെ അരികിലുണ്ടാകും.

ആയിടയ്ക്കാണ് ആ ഭയങ്കര സംഭവം നടന്നതു്. തോമ്മാച്ചേട്ടന്റെ മരണം. അതു് ആ കൊച്ചുകുടുംബത്തെ വല്ലാതെ ഉലച്ചു. ഇന്നും അവയെല്ലാം മറിയച്ചേട്ടത്തിയുടെ മനസ്സിൽ കെട്ടുപിണഞ്ഞു കിടക്കുന്നു. തോമ്മാച്ചേട്ടനു പനിയായിരുന്നു. ഒരു ദിവസം നനഞ്ഞുകുതിർന്നാണ് വീട്ടിൽ വന്നു കയറിയതു്. വന്നപാടെ ദേഹം തോർത്തി കട്ടിലിൽ കിടക്കുകയും ചെയ്തു. അത്താഴമുണ്ണാൻ മറിയച്ചേട്ടത്തി ചെന്നുവിളിച്ചു.

"എനിക്കു ചോറു വേണ്ടാ" അയാൾ പറഞ്ഞു. എങ്കിലും മറിയച്ചേട്ടത്തി വളരെ നിർബന്ധിച്ചു. ജോയിയുടെ കാര്യം അയാൾ പ്രത്യേകം അന്വേഷിച്ചു. മറിയച്ചേട്ടത്തി കാന്തന്റെ മെയ്യിൽ കൈവച്ചുനോക്കി. അവർ കൈ പിൻവലിച്ചു. പൊള്ളുന്ന പനി. അവർ നടുങ്ങി. പെട്ടെന്ന് അടുക്കളയിൽചെന്ന് ചുക്കും മുളകുമിട്ട് കാപ്പിയനത്തി കൊണ്ടുവന്നു കൊടുത്തു. അതു കുടിച്ചിട്ട് തോമ്മാച്ചേട്ടൻ കിടന്നു. മറിയച്ചേട്ടത്തിക്കന്നുറക്കംവന്നില്ല. അവർ കട്ടിലിനുസമീപം അയാളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. വെളുപ്പാൻകാലമായപ്പോഴാണ് ഒന്നു കണ്ണടച്ചതു്.

പിറേറദിവസം ദിനകരൻ കിഴക്കൻമലകളുടെ ഇടയിൽക്കൂടെ ഉയർന്നുവന്നപ്പോൾ കുഞ്ഞേലിച്ചേട്ടത്തി ഞെട്ടിയുണർന്നു. അവർ തോമ്മാച്ചേട്ടനെ കുലുക്കിവിളിച്ചു. അർദ്ധപ്രജ്ഞനായി തോമ്മാച്ചേട്ടൻ ഞരങ്ങുകയും മൂളുകയുംചെയ്തുകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്ക് ജോയിയുടെ കാര്യവും അന്വേഷിച്ചുകൊണ്ടിരുന്നു.

മറിയച്ചേട്ടത്തിപോയി മരുന്നു വാങ്ങിക്കൊണ്ടുവന്നു. അതു കുടിച്ചിട്ടൊരു കുറവുമില്ല. ഡോക്ടരെ കൊണ്ടുവന്നു. ഒന്നുരണ്ടു കുത്തിവച്ചു. അയാൾ കണ്ണുതുറന്നു. വീണ്ടും കണ്ണുകളടച്ചു. "ഉറങ്ങിക്കൊള്ളട്ടെ" ഡോക്ടർ പറഞ്ഞിട്ടുപോയി.

വീണ്ടും ദിവസങ്ങൾ കടന്നുപോയി. തോമ്മാച്ചേട്ടന്റെ ദീനത്തിനൊരു കുറവുമില്ല. "ഹൌ! ഇതൊന്നു കുറഞ്ഞിരുന്നെങ്കിൽ!" മറിയച്ചേട്ടത്തി ആത്മാർത്ഥമായി ആശിച്ചു. ആ കൊച്ചുകുടുംബത്തിന്റെനേരെ കഷ്ടതയുടെ തീനാളങ്ങൾ പടർന്നുപിടിക്കുവാൻതുടങ്ങി. "കണ്ണീരും കയ്യുമായി" അവർ പ്രാർത്ഥിച്ചു. ഉള്ളഴിഞ്ഞ പ്രാർത്ഥനകൾ അവർ കാഴ്ചവച്ചു. ആ താങ്ങും തണലും നഷ്ടപ്പെട്ടാൽ! ഹാവൂ! എന്തൊരു ചിന്ത!

ദിവസങ്ങൾ ഇഴഞ്ഞിഴഞ്ഞുപോയി. തോമ്മാച്ചേട്ടനു് യാതൊരു കുറവുമില്ല. മറിയച്ചേട്ടത്തി കരഞ്ഞുകരഞ്ഞു് കൺപോളകൾക്കു് നീരുകെട്ടി. ജീവിതത്തിലുള്ള ആശ തോമ്മാച്ചേട്ടനു നശിച്ചുകഴിഞ്ഞിരുന്നു. ആ ദയനീയമായ കിടപ്പു കാണുമ്പോൾ അവർ ഒന്നു ഞെട്ടും. ഭർത്താവിന്റെ രോഗത്തിനുമുമ്പിൽ അവൾ കഴിവററവളാണ്. ആയിരമായിരം ആവശ്യങ്ങൾ അവർക്കു മുമ്പിൽ നിരക്കുകയാണ്.

പിറേറദിവസം തോമ്മാച്ചേട്ടൻ പതിവിലധികം സംസാരിച്ചു. ജോയിയെ ലാളിക്കുകയും ഉമ്മ കൊടുക്കുകയുംചെയ്തു. മറിയത്തിന്റെ ഉള്ളിൽ ആശയുടെ കിരണം വീശി! ആ അമ്മയും മകനും അയാളുടെ കട്ടിലിനരികെ അന്നു കഴിച്ചുകൂട്ടി. ഉച്ചതിരിഞ്ഞ സമയം. പെട്ടെന്നു വിഷമം വർദ്ധിച്ചു. തോമ്മാച്ചേട്ടൻ കട്ടിലിലേക്കു ചാഞ്ഞു. അയാളുടെ അന്തരാത്മാവ് പരമകാരുണികനായ ദൈവസന്നിധിയിലേക്കു പറന്നുയർന്നുകഴിഞ്ഞു. വിങ്ങുന്ന ഹൃദയവുമായി മറിയം അദ്ദേഹത്തിന്റെ കാലിൽ വീണു കരഞ്ഞു.

x x x

ജോയി വളരുകയാണ്. അപ്പച്ചനില്ലാത്ത വിഷമം അവർ അവനെ അറിയിച്ചില്ല. മറിയച്ചേട്ടത്തിയുടെ ജീവനാണവൻ. ആ കുസൃതിക്കുട്ടൻ ചിലപ്പോൾ ചോദിക്കും: "അമ്മേ, അപ്പച്ചനെന്ത്യേ?"

"മോന്റെ അച്ചൻ പോയി" അവൾ പ്രതിവചിക്കും. അവളുടെ കണ്ണുകൾ നിറയും. തുടർന്ന് മറെറന്തെങ്കിലും വിഷയത്തിലേക്ക് അവന്റെ ചിന്ത തിരിച്ചുവിടും, അവർ.

ജോയിയെ മറിയച്ചേട്ടത്തി പള്ളിക്കൂടത്തിലയച്ചു. അവരുടെ പ്രതീക്ഷകളുടെ ഉറവിടമാണവൻ. ജോയി സ്കൂൾഫൈനൽ പാസ്സായി. മറിയം അവരുടെ കിടപ്പാടം വിററു. ആ പണംകൊണ്ട് അവനെ കോളേജിലേക്കയച്ചു. പക്ഷേ അവനു് അന്തസ്സായി നടക്കണം. സിഗററ് വലിക്കണം. സിനിമാ കാണണം. അങ്ങനെ വഴിപിഴച്ചു ഒരു കൂട്ടുകെട്ടിൽ അവൻ ജീവിച്ചു.

കോളേജിൽനിന്നും പലപ്രാവശ്യം താക്കീതുകിട്ടുകയും ഒടുവിൽ അവനെ ഇറക്കിവിടുകയുംചെയ്തു. കമ്മ്യൂണിസ്റ്റ്പ്രവർത്തനങ്ങളിൽ അവൻ പങ്കെടുത്തു. പണിമുടക്കാനും ജാഥ നയിക്കുവാനുംതുടങ്ങി. "ഇങ്ക്വിലാബ്!" മുഷ്ടിചുരുട്ടി ആകാശത്തേക്കുയർത്തിക്കൊണ്ട് അവൻ അട്ടഹസിക്കും. "സിന്ദാബാദ്!" മററുള്ളവർ ഏററുപറയും.

കോളേജിൽനിന്നും പുറത്തായ ജോയി രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഇടപെടുകയും വിപ്ലവത്തിനു കൂട്ടുനില്ക്കുകയുംചെയ്തു ഇന്നു് ജോയി "സഖാവു ജോയി" ആയി മാറിയിരിക്കുകയാണ്.

മൈതാനമീററിംഗുകളിൽ ജോയി ആവേശപൂർവ്വം പ്രസംഗിച്ചു. തൊഴിലാളികളെ സംഘടിപ്പിച്ചു. അവരെ പണിമുടക്കാൻ പ്രേരിപ്പിച്ചു. ഗവമ്മെൻറിനെ അവഹേളിക്കുവാൻതുടങ്ങി. "പാർട്ടിയുടെ വിജയം" അതാണവന്റെ മുദ്രാവാക്യം. ഒരു കമ്മ്യൂണിസ്റ്റ് ഭരണക്കൂടത്തെ അവൻ സ്വപ്നംകണ്ടു. ആയിരക്കണക്കിനു തൊഴിലാളികളുടെ നേതാവാണവൻ. അവരുടെ അവകാശങ്ങൾക്കുവേണ്ടി വിപ്ലവത്തിനു കോപ്പുകൂട്ടുകയാണവൻ.

അന്നൊരു ശനിയാഴ്ചദിവസമായിരുന്നു. ആയിരക്കണക്കിനു തൊഴിലാളികൾ ഒരു വലിയ മില്ലിന്റെ ചുററുംകൂടി മുറവിളികൂട്ടി: "ഇങ്കിലാബ്! സിന്ദാബാദ്!" "കൂലി കൂട്ടിക്കിട്ടണം!" അവർ വിളിച്ചുകൂവി. "മാനേജരെ മാററണം!"

അങ്ങനെ അവർ വിളിച്ചു കൂവിക്കൊണ്ടിരുന്നു. പെട്ടെന്നാണ് ഒരു പോലീസ്വാൻ അവിടെ വന്നുനിന്നതു്. അവർ തൊഴിലാളികളോടു പിരിഞ്ഞുപോകുവാൻ പലപ്രാവശ്യം ആജ്ഞാപിച്ചു. വീണ്ടും അവർ കൂടുതൽ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, "റോഡിൽ മാർഗ്ഗതടസ്സമുണ്ടാക്കിയാൽ... ..." ലാത്തികൾ വിപ്ലവകാരികളുടെ നേരെ പാഞ്ഞു. ജോയി അറസ്റ്റു ചെയ്യപ്പെട്ടു. അവന്റെ കരങ്ങളിൽ ഇരുമ്പുയാമങ്ങൾ ചാർത്തപ്പെട്ടു.

ഇന്നു കാരിരുമ്പഴികളുള്ളിൽ വളർന്നുമുററിയ മീശയും പാറിപ്പറന്ന തലമുടിയുമായി ജോയി നില്ക്കുന്നതുകാണാം. 10 നീണ്ട വർഷത്തേക്കു അയാൾ ശിക്ഷിക്കപ്പെട്ടിരിക്കുകയാണ്. ചിലപ്പോൾ അയാളുടെ കണ്ണുകൾ തുറിക്കുന്നതും, പെട്ടെന്നു നിറയുന്നതും കാണാം. സ്വന്തം മാതാവിനേയും പ്രേമഭാജനമായ മേരിയേയും ഉപേക്ഷിച്ച് പാർട്ടിക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചു. ഇപ്പോൾ പാർട്ടിയുമില്ല. സഖാക്കളുമില്ല. തൊഴിലാളികൾ വീണ്ടും പഴയതുപോലെ തൊഴിലെടുക്കുന്നു. പലരും അറസ്റ്റ്ചെയ്യപ്പെട്ടു. അവരൊക്കെ ജയിൽവിട്ടു പോവുകയുംചെയ്തു. നീണ്ട 10 വർഷങ്ങൾ അവൻ ആ ഇടുങ്ങിയ ഭിത്തികൾക്കുള്ളിൽ കഴിച്ചുകൂട്ടണം. അവനു് അതോർക്കുവാൻകൂടി വയ്യാ.

(തുടരും)


തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷൻസമീപം

എല്ലാം വ്യാഴാഴ്ചയും ഉച്ചക്കു 1 മണി മുതൽ വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.


ആദ്ധ്യാത്മികവീഥി

## പ്രേഷിതവേല— ദൈവവിളിപ്രോത്സാഹനം

ദൈവത്തിന്റെ വത്സലമക്കളേ,

സന്മാതൃകവഴി എല്ലാവർക്കും നടത്താവുന്നതും നടത്തേണ്ടതുമായ പ്രേഷിതവേലയെക്കുറിച്ചു കഴിഞ്ഞലക്കത്തിൽ പറഞ്ഞതു ഓർക്കുന്നുണ്ടായിരിക്കുമല്ലോ. എന്നാൽ അതുകൊണ്ടുമാത്രമായില്ല. നമ്മുടെ സന്മാതൃകയാൽ ആകർഷിക്കപ്പെടുന്ന ആളുകളെ പഠിപ്പിക്കുന്നതിനും, ദിവ്യകൂദാശകൾവഴിയായി അവരെ വിശുദ്ധീകരിക്കുന്നതിനും ചുരുക്കത്തിൽ ദൈവപുത്രൻ ആരംഭിച്ച ജോലി ലോകാവസാനംവരെ തുടർന്നുകൊണ്ടുപോകുന്നതിനു വൈദികരും ഉണ്ടായിരിക്കണമെന്നുള്ളതു അത്യന്താപേക്ഷിതമാണ്. അതിനാൽ ധാരാളം നല്ല വൈദികരുണ്ടാകുന്നതിനു നമ്മാൽപാടുള്ള സകല ശ്രമവും ചെയ്യണം.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്നു വൈദികരുടെ വിരളത വളരെയധികം അനുഭവപ്പെടുന്നുണ്ട്. മിഷൻരാജ്യങ്ങളിൽ മാത്രമല്ല ക്രിസ്തീയരാജ്യങ്ങളിൽ വിശ്വാസികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനുപോലും വേണ്ടിടത്തോളം വൈദികരില്ലാതെ സഭ വിഷമിക്കുകയാണ്. അതുകൊണ്ടാണല്ലോ കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ ജപാപ്പസ്തോലസഖ്യാംഗങ്ങൾ എല്ലാവരും ദൈവാഹ്വാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രസ്ഥാനങ്ങളുടെ അഭിവൃദ്ധിക്കായി പ്രാർത്ഥിക്കണമെന്നു പരിശുദ്ധപിതാവ് ആവശ്യപ്പെട്ടതു്.

ഇതുസംബന്ധിച്ചു നമുക്കു എന്താണു ചെയ്യാൻ കഴിയുക? നമ്മനസ്സുണ്ടെങ്കിൽ പലതും ചെയ്യാൻ സാധിക്കും. ഒന്നാമതുതന്നെ ഒരുത്തമകത്തോലിക്കാ കുടുംബമാണു വൈദികകുസുമങ്ങൾ വികസിക്കുന്ന ഏററവും ഫലഭൂയിഷ്ഠമായ ഭൂമിയെന്നു നാം ധരിക്കണം. ഇന്നു തിരുസഭ വിശുദ്ധരായി വണങ്ങുന്ന മിക്കവൈദികരെയും പരിശോധിച്ചുനോക്കിയാൽ കാണാം കുടുംബത്തിൽവച്ചു അവർക്കു ലഭിച്ച നല്ല ശിക്ഷണവും അവരുടെ മാതാപിതാക്കന്മാരുടെ സന്മാതൃകയും ഉപദേശവുമാണു ദൈവശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ സമർപ്പിക്കുന്നതിനു അവർക്കു പ്രചോദനം നൽകിയതെന്ന്. ഇന്നു ജീവിച്ചിരിക്കുന്ന വൈദികരോടും വൈദികവിദ്യാർത്ഥികളോടും ചോദിച്ചാലും ഏറെക്കുറെ ഇതുപോലെയുള്ള മറുപടി ലഭിക്കാതിരിക്കയില്ല.

അതിനാൽ ധാരാളം നല്ല വൈദികരുണ്ടാകണമെന്നു നാം യഥാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ—അങ്ങനെ ആഗ്രഹിക്കാതിരിക്കാൻ ഏതൊരു ദൈവഭക്തനാണ് സാധിക്കുക—നമ്മുടെ കുടുംബത്തിൽവച്ചുതന്നെ ദൈവവിളി പരിപോഷിപ്പിക്കുന്നതിനു നമുക്കു ഉള്ളഴിഞ്ഞു പരിശ്രമിക്കാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവ്.

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അസാദ്ധ്യമെന്നു തോന്നിയിരുന്ന സുഖക്കേടു മാറിയതിന് ഉപകാരസ്മരണ താമസിച്ചതിനു ക്ഷമാപണം.

സ്കറിയാ ചാണ്ടി

ചെല്ലങ്കോട്ട്, പേരാവൂർ.

# ഫാദർ പീററർ ഡോൺഡേഴ്സ്

## കുഷ്ഠരോഗികളുടെ ഒരു അപ്പസ്തോലൻ

(എം. ഒ.)

ഹോളണ്ടിൽ ടിബർഗ്ഗ് എന്ന സ്ഥലത്ത് 1809 ഒക്ടോബർ 27-ാംനു ഭൂജാതനായ ഒരു ദരിദ്ര ശിശുവാണു പീററർ ഡോൺഡേഴ്സ്. അസാധാരണങ്ങളോ സംഭവബഹുലങ്ങളോ ആയ നേട്ടങ്ങളൊന്നും കൂടാതെതന്നെയാണു ആ ജീവിതം മുന്നോട്ടു നീങ്ങിയതും. ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടുകളുടെയും രുചി നല്ലവണ്ണം അറിഞ്ഞുകൊണ്ടാണ് അവൻ വളർന്നു വന്നതു്. കുടുംബത്തിലെ ദാരിദ്ര്യത്തിനു തെല്ലൊരു ഉപശാന്തി ഉണ്ടാക്കുവാൻ ചെറുപ്പത്തിലെതന്നെ കൂലിവേലചെയ്യുവാൻ നിർബന്ധിതനായിരുന്നതിനാൽ, വിദ്യാഭ്യാസമൊന്നും സിദ്ധിച്ചില്ല. ഒരു വൈദികനാകണമെന്നു ചെറുപ്പംമുതലേ ആഗ്രഹമുണ്ടായിരുന്നതാണു്. കുടുംബസംരക്ഷണവ്യഗ്രത അതിനും പ്രതിബന്ധമായിരുന്നു.

ഒടുവിൽ 22-ാമത്തെ വയസ്സിൽ പീററർ ഒരു സെമ്മിനാരിയിൽ ചേർന്നു. അതേവരെ വിദ്യാഭ്യാസമൊന്നും സിദ്ധിക്കാതിരുന്ന ആ പ്രായംചെന്ന വിദ്യാർത്ഥി സ്വതേ ഒരു മഠയനും ബുദ്ധിപരമായ പറയത്തക്ക കഴിവുകളൊന്നുമില്ലാത്തവനുമായിരുന്നു. തന്മൂലം സഹപാഠികളുടെയും അദ്ധ്യാപകന്മാരുടേയും ഒന്നുപോലെയുള്ള പരിഹാസത്തിനു അവൻ പാത്രമായി. വിശ്വസ്തനും മിടുക്കനുമായ ഒരു വീട്ടുവേലക്കാരനായേക്കാമെന്നതിൽ കവിഞ്ഞ പ്രാഗത്ഭ്യമൊന്നും അവനിൽ അവർ കണ്ടില്ല. എന്നാൽ അവന്റെ എളിമയും ഭക്തിയും അവരെ ആകർഷിച്ചു. ആ ഗുണവിശേഷങ്ങളില്ലായിരുന്നുവെങ്കിൽ ദുർബലശരീരനായ അവനെ അവർ സിമ്മനാരിയിൽനിന്നുതന്നെ പറഞ്ഞുവിട്ടേമായിരുന്നു.

സഹവിദ്യാർത്ഥികളുടെ പരിഹാസപാത്രമായിരുന്ന അവൻ, അവനാലാകുന്നതുപോലെ പഠനം തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ 1841 ജൂൺ 5-ാംതീയതി പീററർ ഡോൺഡേഴ്സ് കർത്താവിന്റെ ബലിപീഠത്തിലെ ഒരു പുരോഹിതനായി. അതിനു രണ്ടു കൊല്ലം മുൻപു്, തെക്കേ അമേരിക്കയിൽ സുറിനാമിലെ പ്രീഫെക്ട് അപ്പസ്തോലിക്കാ സെമ്മിനാരി സന്ദർശിച്ചപ്പോൾ തന്റെ രൂപതയിൽ മിഷ്യൻപ്രവർത്തനത്തിനുള്ള സാദ്ധ്യതകളെപ്പററി ഉജ്ജ്വലത്തായ ഒരു പ്രസംഗം ചെയ്തിരുന്നു. അവിടേക്കു് ഒരു മിഷ്യനറിയായിപ്പോകണമെന്നുള്ള ഒരു അഭിനിവേശം ഇതു് അദ്ദേഹത്തിൽ സംജാതമാക്കി. വൈദികനായി ഒരു കൊല്ലം കഴിഞ്ഞപ്പോൾ, 1842-ൽ ഫാദർ പീററർ ഡോൺഡേഴ്സ് സുറിനാം മിഷ്യൻരംഗത്തേക്കു യാത്രപുറപ്പെട്ടു.

അദ്ദേഹത്തിന്റെ ആദ്യത്തെ പ്രവർത്തനരംഗം അവിടത്തെ തോട്ടങ്ങളിൽ ജോലിചെയ്തിരുന്ന അടിമകളുടെ ഇടയിലായിരുന്നു. ആദ്ധ്യാത്മികവും ഭൗതികവുമായി ഏററവും അധഃപതിച്ച നിലയിൽ കഴിഞ്ഞിരുന്ന ഈ അടിമകളോടു് അവരുടെ യജമാനന്മാർ ഏററവും ക്രൂരമായിട്ടാണു പെരുമാറിക്കൊണ്ടിരുന്നതു്. "യൂറോപ്പിൽ മൃഗങ്ങളോടു കാണിക്കുന്നത്ര ദയ ഇവിടത്തെ അടിമകളോടു കാണിച്ചിരുന്നെങ്കിൽ എന്തൊരു പരിവർത്തനമാണു് ഉണ്ടാകുക" എന്നു് അവരെപ്പററി ഫാദർ ഡോൺഡേഴ്സുതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ അടിമകൾക്കു തോട്ടം വിട്ടുപോകുവാൻ അനുവാദമുണ്ടായിരുന്നില്ല. തന്മൂലം ഫാദർ ഡോൺഡേഴ്സു തോട്ടങ്ങളിൽ ചെന്നു അവരുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുകയും, കുട്ടികളെ മാമ്മോദീസാ മുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഈ നിസ്സ്വാർത്ഥസേവനം നീണ്ട 13 വർഷങ്ങൾ നീണ്ടുനിന്നു. 1863-ൽ ആ കോളനിയിലുണ്ടായിരുന്ന 53,000 അടിമകൾക്കു ഗവമ്മെന്റു സ്വാതന്ത്ര്യം നൽകി. സിറിനാമിലെ പ്രേഷിതവേലയുടെ രൂപത്തിനു ഇതുമൂലം ഒരു മാററം വന്നു. ഇനി അവരുടെ ആദ്ധ്യാത്മികകാര്യങ്ങളുടെ ചുമതല ഒരു സന്യാസസമൂഹത്തെ ഏല്പിക്കുകയായിരിക്കും നല്ലതെന്നു വികാരി അപ്പസ്തോലിക്കാ തീരുമാനിച്ചു. അങ്ങനെ ഹോളണ്ടിൽനിന്നു റിഡംപ്ററിസ്റ്റ് സന്യാസവൈദികർ 1865-ൽ അവിടെയെത്തിച്ചേർന്നു. ഏതെങ്കിലും ഒരു സന്യാസസഭയിൽ ചേരുവാൻ ആഗ്രഹിച്ചുകൊണ്ടിരുന്ന ഫാദർ ഡോൺഡേഴ്സിനു് ഇതൊരു സന്ദർഭമായിരുന്നു. 1867 ജൂൺ 24-ാംനു, 57-ാമത്തെ വയസ്സിൽ അദ്ദേഹം ആ സന്യാസസഭയിൽ ചേർന്നു.

1856 മുതൽ ഫാദർ ഡോൺഡേഴ്സ് ബറേറവിയായിലെ കുഷ്ഠരോഗികളുടെ ഇടയിൽ ജോലി ചെയ്യുകയായിരുന്നു. പത്തുകൊല്ലത്തെ സേവനത്തിനു ശേഷമാണു സന്യാസസഭയിൽ ചേർന്നതു്. വ്രതവാഗ്ദാനത്തിനുശേഷം തന്റെ കുഷ്ഠരോഗികളുടെ ഇടയിലേക്കുതന്നെ അദ്ദേഹം തിരിച്ചുപോയി. 26 കൊല്ലമാണു് അവരുടെ ഇടയിൽ അദ്ദേഹം സേവനം ചെയ്തതു്. പരിത്യക്തരും രോഗഗ്രസ്തരുമായ ആ നിർഭാഗ്യമനുഷ്യരുടെ സ്ഥിതി ഏററവും ദയനീയമായിരുന്നു. സകലവിധ ദുർഗ്ഗുണങ്ങളും അവരുടെ ഇടയിൽ പ്രചരിച്ചിരുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ ഈ ശൂന്യതയുടെ മദ്ധ്യത്തിലേക്കു കത്തോലിക്കാസിദ്ധാന്തങ്ങളുടെയും പരസ്നേഹപ്രവൃത്തികളുടെയും സമാശ്വാസപ്രദമായ നീർച്ചാലുകളെ അദ്ദേഹം ഒഴുക്കി. ഉപദേശങ്ങളാലും സന്മാതൃകകളാലും അദ്ദേഹം അവർക്കു പ്രത്യാശയും സമാധാനവും നൽകി. അവർക്കാകട്ടെ അദ്ദേഹത്തിൽ വിശ്വാസവും ബഹുമാനവും ഉദിച്ചു.

തന്റെ അജഗണത്തിനു കുർബാന കാണുന്നതിനുള്ള സൗകര്യത്തിനുവേണ്ടി, അവരിൽ നടക്കാൻ പാടില്ലാത്തവരെ, അദ്ദേഹം പള്ളിയിലേക്കു എടുത്തുകൊണ്ടുപോയിട്ടുണ്ടു്. അവരുടെ കുടിലുകളിൽ ചെന്നു അവിടം ശുചിയാക്കിയിരുന്നു; കൈ സ്വാധീനമില്ലാത്തവർക്കു ഭക്ഷണം എടുത്തുകൊടുത്തിരുന്നു; അവർക്കുവേണ്ടി വെള്ളം കോരുകയും, വിറകുവെട്ടുകയും, കിടക്ക തയാറാക്കുകയും, അവരുടെ മുറിവുകൾ വെച്ചുകെട്ടുകയും ചെയ്തിരുന്നു; അവരുടെ മലിനങ്ങളായ വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കുക, അവരുടെ വ്രണങ്ങളിൽനിന്നു ഈച്ചകളെ ഓടിക്കുക മുതലായവ അദ്ദേഹം സസന്തോഷം ചെയ്തിരുന്നു; അവരുമായി പൊതുവിലല്ലാതെ സ്വന്തമായി അദ്ദേഹത്തിനൊന്നും ഉണ്ടായിരുന്നില്ല. പലപ്പോഴും സ്വന്തം ഭക്ഷണം, തന്നെക്കാൾ പട്ടിണിക്കാരായ സഹജീവികൾക്കു കൊടുത്തു അദ്ദേഹം തൃപ്തിപ്പെട്ടിരുന്നു.

അദ്ദേഹത്തിന്റെ ഒരു ജീവചരിത്രകാരൻ എഴുതുന്നു: "ബറേറവിയായിലെ അദ്ദേഹത്തിന്റെ പ്രയത്നങ്ങളുടെ ഫലം അനവധിയായിരുന്നു. ശാരീരികദുരിതങ്ങൾ അതിന്റെ അത്യുച്ചിയിലായിരുന്ന അവിടം ക്ഷണേന ആ മിഷ്യനിലെ പറുദീസായെന്നു വിളിക്കപ്പെട്ടു." 1882 സെപ്തംബറിൽ ബറേറവിയായിലെ അദ്ദേഹത്തിന്റെ പ്രിയമക്കൾ—അവരെ അദ്ദേഹം അങ്ങനെയാണു വിളിച്ചിരുന്നതു്—അദ്ദേഹം സുറിനാമിൽ എത്തിയതിന്റെ 40-ാമത്തെയും അവരുടെ ഇടയിൽ ജോലി ആരംഭിച്ചതിന്റെ 25-ാമത്തെയും വാർഷികം കൊണ്ടാടി.

അഞ്ചുമാസങ്ങൾക്കുശേഷം, 73 വയസ്സായ അദ്ദേഹം നീഗ്രോകളുടെ ഇടയിൽ ജോലിചെയ്യുന്നതിനായി ബറേറവിയാ വിട്ടുപോയി. പക്ഷെ 1885-ൽ അദ്ദേഹം വീണ്ടും തിരിച്ചെത്തി. "ഒരു മെത്രാനെയെന്നപോലെ അത്യാഘോഷപൂർവ്വം അവർ അദ്ദേഹത്തെ സ്വീകരിച്ചു"വെന്നാണ് ഒരു ദൃക്‌സാക്ഷി വിവരിച്ചിരിക്കുന്നതു്. ബാലാൽപ്രഭൃതി ദുർബലശരീരനായിരുന്നെങ്കിലും 77 വയസ്സുവരെ അദ്ദേഹം ജീവിച്ചു. 1886 അവസാനമായപ്പോഴേക്കും അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചു.

1887 ജനുവരി 12-ാംനു ബുധനാഴ്ച അദ്ദേഹത്തെ സന്ദർശിച്ച ഒരു സുഹൃത്തിനോടദ്ദേഹം പറഞ്ഞു: "കഴിഞ്ഞരാത്രി സുഖമായിരുന്നു. പരാതിപ്പെടാനൊന്നുമില്ല. പക്ഷെ കുറച്ചുനാൾക്കൂടെ എന്റെ കൂടെ താമസിക്കുക. വെള്ളിയാഴ്ച മൂന്നുമണിക്കു ഞാൻ മരിക്കും." അദ്ദേഹം പറഞ്ഞതുപോലെതന്നെ 1887 ജനുവരി 14-ാംനു വെള്ളിയാഴ്ച 3 മണിക്കു്, പ്രാർത്ഥനാനിരതനായിരിക്കവേതന്നെ അദ്ദേഹം പുറകോട്ടുമറിഞ്ഞു ദിവംഗതനായി.

അദ്ദേഹത്തെ അനുഗൃഹീതനെന്നു പേരു വിളിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടു്.

---

പാവർട്ടി വി. യൗസേപ്പുപുണ്യവാന്റെ മാദ്ധ്യസ്ഥത്താൽ അസാദ്ധ്യമെന്നു ഡോക്ടർ വിധിച്ച എന്റെ അമ്മയുടെ സുഖക്കേടു പൂർണ്ണസുഖമായതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

എ. എം. ജേക്കബ്

---



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

അന്നമ്മ ജോസഫ്, ചേർത്തല.

---



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

അന്നമ്മ ജോസഫ്, ചേർത്തല

---

(10-ാംപേജ് തുടർച്ച)

ഈ റോമാവാസത്തെപ്പററിയാണെന്നു് അഭിപ്രായപ്പെടുന്ന അനേകം പണ്ഡിതന്മാരുണ്ടു്. വിശുദ്ധപത്രോസിന്റെ ഒന്നാംലേഖനത്തിൽ "ബാബേലിലുള്ള തിരഞ്ഞെടുക്കപ്പെട്ട സഭയും, എന്റെ പുത്രനായ മർക്കോസും നിങ്ങൾക്കു വന്ദനം പറയുന്നു" (I പത്രോ: V 13) എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ പറയുന്ന ബാബേൽ റോമായാണെന്നുള്ളതു പണ്ഡിതസമ്മതിയാർജ്ജിച്ചിട്ടുള്ള ഒരു വസ്തുതയാണു്. വെളിപാടു പുസ്തകത്തിലും യൂദന്മാരുടെ മററു ഗ്രന്ഥങ്ങളിലും റോമയെപ്പററി ബാബേൽ എന്നു പറഞ്ഞിട്ടുണ്ടു്.

ബ്ളക്കു്, കേവ്, ക്രഡ്നർ, ഡിവെററു്, ഗ്രോട്ടിയസ്, ലാർഡനർ, മക്നൈററു്, മേയർ, മിൻസ്റ്റർ, റെനാൻ, സ്ലീജർ, വീസെലർ, വിസ്സൺ, വിററ്ബി മുതലായ അകത്തോലിക്കപണ്ഡിതന്മാർ പത്രോസു റോമയിൽ പോയെന്നും അവിടെവെച്ചാണു മരിച്ചതെന്നും ഖണ്ഡിതമായി പ്രസ്താവിക്കുന്നുണ്ടു്. പത്രോസു റോമയിൽ വച്ചല്ലാ മരിച്ചതെങ്കിൽ, ഇത്ര പ്രസിദ്ധനായ ഒരു അപ്പസ്തോലന്റെ മരണസ്ഥലം മറെറാരിടത്താണെന്നു് ഇതുവരെ ആരും രേഖപ്പെടുത്താതിരുന്നതു് എന്തുകൊണ്ടു് എന്നു ഒരു പ്രോട്ടസ്റ്റൻറുകാരനായ മി. പീയേഴ്സൺ ചോദിക്കുന്നതു വളരെ പ്രസക്തമല്ലേ?

സർവ്വോപരി, റോമയിൽ നടത്തിയ പുരാണവസ്തുസംബന്ധമായ ഗവേഷണങ്ങൾ പത്രോസിന്റെ റോമാനിവാസത്തെ സംശയാതീതമായി തെളിയിക്കുന്നുണ്ടു്. "പുരാണവസ്തുശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം പത്രോസും പൗലോസും റോമയിൽ താമസിച്ചിരുന്നുവെന്നും അവിടെ വേദസാക്ഷിത്വം പ്രാപിച്ചുവെന്നുമുള്ളതു യാതൊരു സംശയത്തിന്റെയും ഛായയില്ലാത്തവിധം തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതകളാകുന്നു" എന്നു പ്രൊഫസർ ലാൻസിയാനി പ്രസ്താവിക്കുന്നതു് ഇവിടെ സ്മർത്തവ്യമാണു്.

84. ചോ: വേദപുസ്തകത്തിലെ നടപടിപുസ്തകത്തിൽനിന്നു്, പ്രത്യേകിച്ചു് ഓർശ്ലേം സൂനഹദോസിൽ പത്രോസു സംബന്ധിച്ചിരുന്നു എന്നതിൽനിന്നു പത്രോസു റോമയിൽ പോയിട്ടില്ലായെന്നു തെളിയുന്നുവെന്നു ശ്രീ പൗലൂസുമാപ്പിള സമർത്ഥിക്കുന്നു. അതു ശരിയാണോ?

(പി. കെ. എ. നിരണം)

ഉ: അദ്ദേഹത്തിന്റെ സമർത്ഥനം തെററാണെന്നു മാത്രമല്ലാ, മറിച്ചു് അനുമാനിക്കത്തക്ക സാഹചര്യമാണുള്ളതും. എന്തെന്നാൽ വിശുദ്ധപത്രോസിന്റെ പ്രവർത്തനങ്ങളെപ്പററി പ്രതിപാദിച്ചുകൊണ്ടു തുടങ്ങുന്ന നടപടിപുസ്തകം, 15-ാംഅദ്ധ്യായത്തിനുശേഷം പത്രോസിനെപ്പററി സ്മരിക്കുന്നതേയില്ല. പത്രോസു പലസ്തീനായിലെങ്ങാനും ഉണ്ടായിരുന്നുവെങ്കിൽ ഒരിക്കലെങ്കിലും ഒന്നു് അനുസ്മരിക്കുകയില്ലായിരുന്നുവോ?

ചോദ്യകർത്താവിന്റെ എഴുത്തിൽനിന്നു മനസ്സിലാകുന്നതു ഹേറോദേശു പത്രോസിനെ കാരാഗൃഹത്തിലടച്ചതു് ഏ. ഡി. 42-ലാണെന്നും, ഓർശ്ലേം സൂനഹദോസു് കൂടിയതു ഏ. ഡി. 56-ലാണെന്നും, അതിനാൽ അതുവരെ പത്രോസു റോമയിൽ പോയിട്ടില്ലെന്നു വ്യക്തമാണെന്നും ശ്രീ പൗലൂസുമാപ്പിള പറയുന്നതായിട്ടാണു്. തടവിൽനിന്നു മുക്തനായ പത്രോസ് ഏ. ഡി. 56 വരെ എവിടെയായിരുന്നുവെന്നു ശ്രീ പൗലൂസുമാപ്പിളയ്ക്കു ഖണ്ഡിതമായി അറിയാവുന്നതുപോലെയാണല്ലോ ഈ പ്രസ്താവം. അതിനുള്ള അദ്ദേഹത്തിന്റെ തെളിവുകളെന്തെന്നു നിശ്ചയമില്ല. ഓർശ്ലേം സൂനഹദോസ് എ. ഡി. 49-ൽ നടന്നുവെന്നാണു പണ്ഡിതാഭിപ്രായം.

---

### കൃതജ്ഞത

വി. യൗസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥംമൂലം എന്റെ സുഖക്കേടുമാറിയതിനു ഉപകാരസ്മരണ.

കത്രീന, പാവറട്ടി.

---

പത്രോസു റോമയിൽ പോയിട്ടില്ലെന്നു സ്ഥാപിക്കുവാനായിരിക്കാം ഏഴുകൊല്ലംകൂടി നീട്ടി 56 ആക്കിയതു്.

വിശുദ്ധ പത്രോസ് എന്നാണു് ആദ്യം റോമയിൽ കാൽകുത്തിയതു് എന്നതിനെപ്പററി ഖണ്ഡിതമായ സമകാലികരേഖകളില്ല. എന്നാൽ രണ്ടാംനൂററാണ്ടുമുതൽ നിലവിലിരിക്കുന്ന പാരമ്പര്യം അദ്ദേഹം രണ്ടുതവണ റോമായാത്ര ചെയ്തിട്ടുണ്ടെന്നാണു്. ആദ്യത്തേതു് എ. ഡി. 42-ൽ തടവിൽനിന്നു മാലാഖയാൽ അത്ഭുതകരമായി ബന്ധനവിമുക്തനാക്കിയതിനെത്തുടർന്നു്. പത്രോസ് അവിടെനിന്നും പലസ്തീനായിൽ തിരിച്ചെത്തിയെന്നും ഓർശ്ലേം സൂനഹദോസ് കഴിഞ്ഞു് വീണ്ടും റോമയിലേക്കു പോയെന്നും, എ. ഡി. 67-ൽ വേദസാക്ഷിയായി മരിക്കുന്നതുവരെ അവിടെത്തന്നെ താമസിച്ചെന്നുമാണു് പാരമ്പര്യം. ക്ലോഡിയസ് ചക്രവർത്തിയുടെ ഭരണകാലത്തു് എ. ഡി. 42-ൽ പത്രോസ് റോമയിലെത്തിയെന്നും, എ. ഡി. 67-ൽ വേദസാക്ഷിയായിയെന്നുമാണു് എവുസേബിയസ്, ജറോം മുതലായ പണ്ഡിതന്മാർ പ്രസ്താവിക്കുന്നതു്. ഇടയ്ക്കു് അദ്ദേഹം ഓർശ്ലേംസൂനഹദോസിൽ സംബന്ധിക്കുന്നതിനു പലസ്തീനായിൽ വന്നിരുന്നുവെന്നാണു് കരുതേണ്ടതു്.

—o—



# നിര്യാതനായി



വെരി റവ. മോൺ. ജോസഫ് വൈപ്പിശ്ശേരി

എറണാകുളം സെൻറ് ഫ്രാൻസീസ് കത്തീഡ്രൽ വികാരി വെരി റവ. മോൺ. ജോസഫ് വൈപ്പിശ്ശേരി അവർകൾ മാർച്ച് 7-ാം തീയതി വ്യാഴാഴ്ച വെളുപ്പിനു 2-30 ന് തൃശ്ശൂർ ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിൽവച്ചു കർത്താവിൽ ഭാഗ്യമരണമടഞ്ഞിരിക്കുന്നു. മൃതദേഹം എറണാകുളത്തേക്കുകൊണ്ടുവന്നു. P. M. 4-30നു കത്തീഡ്രലിൽ "എസ്ലേറ്റി" (ശവപീഠം) മേൽ പൊതു പ്രാർത്ഥനക്കും ആദരപ്രകടനത്തിനുമായി സ്ഥാപിക്കപ്പെട്ടു. വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി തിരുമനസ്സിലെയും എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലേയും പ്രധാന കാർമ്മികത്വത്തിൽ ലത്തീനിലും സുറിയാനിയിലും ഒപ്പീസ് കർമ്മങ്ങൾ നടത്തപ്പെട്ടു. തുടരെ തിരുക്കർമ്മങ്ങളും സ്ഥലത്തും പരിസരങ്ങളിലുമുള്ള അനേകായിരങ്ങളുടെ പ്രാർത്ഥനകളും സ്നേഹാദരപ്രകടനങ്ങളും നടന്നുകൊണ്ടിരുന്നു. വെള്ളിയാഴ്ച കാലത്തു 7-30 ന് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനി പരേതനുവേണ്ടി പൊന്തിഫിക്കൽ കുർബാന പാടി. സുറിയാനി കർമ്മലീത്താ പ്രിയോർജനറൽ വെരി റവ. ഫാ. മാവുരൂസ് ടി. ഒ. സി. ഡി അവർകളുടെ പ്രധാന കാർമ്മികത്വത്തിൽനടന്ന ഒപ്പീസിനെ തുടന്നു ശവസംസ്കാരകർമ്മങ്ങൾ മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും 70-ൽ പരം വൈദികരുടെ സഹകരണത്തിലും സമാരംഭിച്ചു. റൈറ്റ് റവ. മോൺ. ലന്തപ്പറമ്പിൽ, വെരി റവ. മോൺ. ഫിഗരേദോ, മോൺ. പുതുശ്ശേരി, മോൺ. കൊറയാ, മോൺ. നെടുമ്പറമ്പിൽ, മോൺ. റെയിനോൾഡ്സ്, വെരി റവ. ഫാ. മാവുരൂസ്, ഫാ. അവുറേലിയൻ C. D, ഫാ. കുര്യാക്കോസ് ചിറമേൽ, ഫാ. ലീ എസ്. ജെ., മുതലായി വിവിധ രൂപതകളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിക്കുന്ന വൈദികപ്രധാനന്മാർ തിരുകർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു. വിവിധ ദർശനസമൂഹങ്ങളുടെ അകമ്പടിയോടും പരസഹസ്രം ജനങ്ങളുടെ സഹകരണത്തിലും നടത്തപ്പെട്ട വിലാപയാത്ര സിമിത്തേരിപള്ളിയിൽ എത്തിയ ഉടനെ സമാപന കർമ്മങ്ങൾ സമാരംഭിച്ചു. 10-30 ഓടുകൂടി സംസ്കാരകർമ്മങ്ങൾ അവസാനിച്ചു.

പരേതൻ 1902 ഒക്ടോബർ 12-ാം തീയതി ജനിച്ചു. പ്രശസ്തമായ വിദ്യാഭ്യാസത്തിനുശേഷം 1930 ഡിസംബർ 22-ാം തീയതി പുത്തമ്പള്ളി സെമിനാരിയിൽ വച്ചു വൈദികപട്ടം സ്വീകരിച്ചു. മാള-പള്ളിപ്പുറം പള്ളിയുടെ അസിസ്റ്റന്തിയായും പനങ്ങാട്ടു ഇടവകയിലെ വികാരിയായും അദ്ദേഹം സേവനം സമാരംഭിച്ചു. 1933-ൽ വരാപ്പുഴ അതിരൂപതയുടെ ചാൻസലറും സിക്രട്ടറിയുമായ നിയമിക്കപ്പെട്ടു. 1936 ലാണ് സെൻറ് ഫ്രാൻസീസ് കത്തീഡ്രലിലെ വികാരിയായതു്. ഏവംവിധം ഉത്തരവാദിത്വബഹുലമായ വൈദിക സ്ഥാനങ്ങളിൽ അദ്ദേഹം പടിപടിയായി ഉയന്നു പ്രശോഭിച്ചിരുന്നു. 1947-ൽ പരിശുദ്ധപിതാവ് അദ്ദേഹത്തെ മോൺസിഞ്ഞോർ സ്ഥാനത്തേക്കുയർത്തി അദ്ദേഹത്തിൻെറ സേവനങ്ങൾക്കു അഭിനന്ദനം കല്പിച്ചു പ്രകടമാക്കിയെന്നുള്ളതു പ്രത്യേകം അനുസ്മരണാർഹമത്രെ. കർത്തവ്യനിരതമായ ഒരു ജീവിതം ആദ്യന്തം നയിച്ച് ചുരുങ്ങിയ കാലത്തിൽ വളരെയധികം ജോലി ചെയ്തുതീർത്തിട്ടുള്ള ഒരുജ്ജ്വല ക്രിസ്തുഭക്തനാണ് മോൺ. വൈപ്പിശേരി എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. വലിയ ഒരിടവകയുടെ വികാരി, അതിരൂപതയിലെ ആലോചനക്കാരൻ, സെൻറാൽബർട്ട്സ് ഹൈസ്കൂൾ മാനേജർ, സെൻറാൽബർട്ട്സ് കോളേജിൻെറ ബോർഡ് സെക്രട്ടറി, ബർസാർ, കറസ്പോണ്ടൻറ്, ആർച്ച് ഡയോസിസൻ അസോസിയേഷൻ പ്രസിഡൻറ്, കാത്തലിക് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡൻറ്, കാത്തലിക് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡണ്ട് മുതലായി അദ്ദേഹം സ്തുത്യർഹമായി അവസാനംവരെ നിർവ്വഹിച്ചുപോന്ന ഭാരിച്ച ജോലികൾ ബഹുമുഖങ്ങളാണ്. 1956 നവംബർ 3-ാം തീയതിയാണ് അദ്ദേഹം രോഗബാധിതനായി തീന്നതു്.

എറണാകുളം ജനറലാശുപത്രിയിലും അനന്തരം മഞ്ഞുമ്മേൽ ആശുപത്രിയിലും അവസാനം തൃശ്ശൂർ ജൂബിലി മെമ്മോറിയൽ ആസ്പത്രിയിലും വിദഗ്ദ്ധന്മാരായ ഡോക്ടറന്മാരുടെ നിർദ്ദേശമനുസരിച്ചു ചികിത്സകൾ നടത്തപ്പെട്ടെങ്കിലും അദ്ദേഹത്തിൻെറ ആരോഗ്യം വീണ്ടെടുക്കുന്നതിനു കഴിയാത്തവണ്ണം അധഃപതിച്ചു കഴിഞ്ഞിരുന്നു. സുദീർഘമായ സേവനങ്ങൾക്കു മകുടം ചാർത്തത്തക്കവിധത്തിൽ ആത്മീയമായ അവസാന ഒരുക്കങ്ങൾക്കുശേഷം അന്ത്യകൂദാശകൾ ഭക്തിപൂർവ്വം സ്വീകരിച്ചു തൻെറ പാവനാത്മാവിനെ ദൈവത്തിനു കയ്യാളിച്ചു.

R. I. P.

# വനാന്തരത്തിലെ മീൻപിടുത്തം

(റവ. ജെ. സി. മട്ടക്കക്കുഴി)

വനാന്തരത്തിൽ ആരും മീൻ പിടിക്കാറില്ല. എന്നാൽ സീമോൻ ആ വിജനസ്ഥലത്തു ഏതോ വിചിത്രമായ ഒരു മീൻപിടുത്തം നടത്തുകയായിരുന്നു.

ഇരുപത്തിയൊൻ പതു കൊല്ലങ്ങളായി, സീമോൻ ഗലീലയാതടാകത്തിൽ വലവീശുവാൻ തുടങ്ങിയിട്ട്. ജീവിതകാലം മുഴുവനും ഒരു മീൻപിടുത്തക്കാരനായി അയാൾ കഴിഞ്ഞുകൂടുകയാണ്—ഗലീലയാ തടാകത്തിലെ ഒരു മുക്കുവൻ!

കൊച്ചുകുട്ടിയായിരുന്നപ്പോൾ സീമോൻ തൻെറ പിതാവിൻെറ കൂടെ പടവിൽ കയറിയിരിക്കുക പതിവായിരുന്നു. വലവീശിക്കൊണ്ടിരിക്കുന്നതിനിടയിൽ അപ്പൻ ഓരോ കഥകൾ അവനു പറഞ്ഞുകൊടുക്കും. കൊച്ചുസീമോൻ അവ ശ്രദ്ധിച്ചുകേൾക്കുകയും.

ഒരിക്കൽ അപ്പൻ പറഞ്ഞു: "ദൈവം നമുക്കായി ഒരു രക്ഷകനെ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഒരു കാലത്തു്, നമ്മുടെ ഈ പ്രദേശത്തുകൂടി അവിടുന്നു നടക്കുന്നുണ്ടായിരിക്കും. വലിയൊരു രാജാവാണവിടുന്ന്. ലോകം മുഴുവനും ഭരിക്കേണ്ട ശക്തനായ ഒരു രാജാവ്."

"രക്ഷകനോ?" സീമോൻ ചോദിച്ചു: "ആ രക്ഷകനെന്താണു പേർ? വീടെവിടെയാണ്? അവിടുന്നു എന്നുവരും?"

ഇതിനെല്ലാം മറുപടിപറയുവാൻ ആ പിതാവിനു കഴിഞ്ഞില്ല. രക്ഷകൻ എന്നുവരുമെന്ന് ആരറിഞ്ഞു? അവിടുന്നു എവിടെ താമസിക്കുമെന്നോ, അവിടുത്തെ പേർ എന്തായിരിക്കുമെന്നോ, ആക്കും യാതൊരറിവുമുണ്ടായിരുന്നില്ലതാനും.

ശതാബ്ദങ്ങളായി ലോകം രക്ഷകനെ പാർത്തിരുന്നു; അന്നും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. കോടാനുകോടി ജനങ്ങൾ ജീവിക്കുകയും മരിക്കുകയുംചെയ്തു. അവരിൽ ആക്കും രക്ഷകനെ കാണുവാൻ കഴിഞ്ഞില്ല. സീമോൻെറ പിതാവും രക്ഷകനെ കാണാതെ മരണമടയുകയാണുണ്ടായതു്. എന്നാൽ കൊച്ചുസീമോൻ നിരാശനായില്ല. രക്ഷകൻ ഒരുദിവസം വരുമെന്ന് അവൻ അറിഞ്ഞിരുന്നു. ഒരിക്കൽ ദൈവം തൻെറ വാഗ്ദാനം നിറവേററാതിരിക്കുകയില്ല.

വർഷങ്ങൾ ധൃതഗതിയിൽ മുമ്പോട്ടുപോകുന്നതായി സീമോനു തോന്നി; അവ സംഭവബഹുലങ്ങളല്ലായിരുന്നു. ആ ഗലീലയാതടാകത്തെ അയാൾ സ്നേഹിച്ചു. ബെതു്സെയിദാപട്ടണം; അതു അയാളുടെ സ്വന്തമായിരുന്നു. ആ കൊച്ചുപട്ടണത്തിൻെറ പ്രശാന്തതയിൽ സീമോൻ ആനന്ദിക്കാറുണ്ട്.

ഒരുദിവസം ബെതു്സെയിദാപട്ടണം പ്രക്ഷുബ്ധമായി കാണപ്പെട്ടു. "യൂദയായിലെ വനാന്തരങ്ങളിൽ സ്നാപകയോഹന്നാൻ എന്നറിയപ്പെടുന്ന ഒരാൾ പ്രസംഗിച്ചുകൊണ്ടുനടക്കുന്നു." ഈ വാർത്തയെത്തുടന്നാണ് ബെതു്സെയിദായിൽ അത്രവലിയ തിക്കും തിരക്കുമുണ്ടായതു.

"യോഹന്നാൻ! യോഹന്നാൻ!" ഒരു വഴിയാത്രക്കാരൻെറ സ്വരമാണതു്. "രക്ഷകനായ മിശിഹാ വരുന്നുണ്ടെന്ന് ഈ യോഹന്നാൻ വിളിച്ചുപറയുന്നു. തേനും പഴങ്ങളുമത്രെ യോഹന്നാൻെറ ഭക്ഷണം. അരയോളം എത്തുന്ന ഒരു തോലുടുപ്പു ധരിച്ചിട്ടുള്ള ഒരു സന്യാസി!"

ജനങ്ങൾ ആദ്യം അതു വിശ്വസിച്ചില്ല. "ഈ യോഹന്നാൻ ആരു? പ്രവാചകനോ?" പുച്ഛരസത്തിൽ അവർ തലകുലുക്കി. എന്നാൽ അധികം താമസിയാതെ തന്നെ സ്നാപകയോഹന്നാനെ സംബന്ധിച്ച വാർത്ത ബെതു്സെയിദായിലെങ്ങും പ്രചരിച്ചു. ആളുകൾ അമ്പരന്നു.

"ദൈവത്താൽ അയക്കപ്പെട്ടവൻതന്നെ യോഹന്നാൻ" ചിലർ സംശയിച്ചു.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ച കാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ജെ. എൻ. റാവു
എൻ സി ജോൺ ആൻറ് സൺസ് പ്രൈവററ് ലിമിററഡ്,
ആലപ്പുഴ

---

"രക്ഷകനായ മിശിഹായാണ് യോഹന്നാൻ" മററു ചിലർ വാദിച്ചു.

ഗലീലയായിലെ എല്ലാ ഭാഗത്തുനിന്നും ആളുകൾ യൂദയായിലേക്കു പ്രവഹിച്ചു. വള്ളവും വലയും ഉപേക്ഷിച്ച് സീമോനും യാത്രയായി. അന്ത്രയോസ് തൻെറ സഹോദരനെ അനുഗമിക്കുവാനും തീരുമാനിച്ചു.

സീമോനും അന്ത്രയോസും യൂദയായിലെത്തി; യോർദ്ദാൻനദീതീരത്തിനടുത്തു താമസവുമാക്കി. സ്നാപകയോഹന്നാൻെറ പ്രസംഗങ്ങൾ കേൾക്കുവാൻ ദിവസേന അവർ വനാന്തരത്തിലേക്കു പൊയ്ക്കൊണ്ടിരുന്നു.

"പ്രായശ്ചിത്തം ചെയ്യുവിൻ. ദിവ്യരക്ഷകൻ ഉടനെ വരുവാനിരിക്കുന്നു" ഇതായിരുന്നു യോഹന്നാൻെറ സന്ദേശം.

"ദിവ്യരക്ഷകൻ ഉടനെ വരുവാനിരിക്കുന്നു!" സീമോനും അന്ത്രയോസിനും സന്തോഷമായി. അനുദിനം അവർ രക്ഷകനെ പ്രതീക്ഷിച്ചു. "നല്ല ദൈവമേ! രക്ഷകനെ കാണുവാൻ ഞങ്ങളെ അവിടുന്നു അനുഗ്രഹിക്കണമേ!" അവർ മുടങ്ങാതെ പ്രാർത്ഥിച്ചു; മുട്ടിപ്പായി പ്രാർത്ഥിച്ചു.

ഒരുദിവസം അതിരാവിലെ അന്ത്രയോസ് തനിയെ വനത്തിലേക്കു തിരിച്ചു. സന്ധ്യകഴിഞ്ഞിട്ടും അന്ത്രയോസ് മടങ്ങിവന്നില്ല. സീമോൻ അസ്വസ്ഥനായി. സ്വസഹോദരന് എന്തെങ്കിലും സംഭവിച്ചുകാണുമെന്ന് അയാൾ വിചാരിച്ചു. കൈകൾ പുറകിൽകെട്ടി, വിചാരാധീനനായി സീമോൻ വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ചിലപ്പോൾ നിശബ്ദനായി നില്ക്കൊള്ളും, വിദൂരത്തിൽ കാലടികളുടെ സ്വരം ശ്രദ്ധിക്കുവാൻ. എവിടേയും പ്രശാന്തത. അന്ത്രയോസ് ഇനിയും വന്നിട്ടില്ല.

നിമിഷങ്ങൾ പിന്നേയും കടന്നുപോയി. എവിടെയോ ഒരു സ്വരം കേട്ടതായി സീമോനുതോന്നി. വീണ്ടും ആ ശബ്ദം കേട്ടു. സീമോൻ ഇരുട്ടിലേക്കു സൂക്ഷിച്ചു നോക്കി. ആരോ വരുന്നുണ്ട്.

"അന്ത്രയോസാണോ വരുന്നതു്?" സീമോൻ ശബ്ദമുയർത്തി.

"അതെ" എന്നായിരുന്നു ഉത്തരം. "നല്ല വാർത്തകൾ വളരെയുണ്ടു പറയുവാൻ."

സീമോൻ അക്ഷമനായി. പരിഭ്രമവും ആകാംക്ഷയും കലന്ന സ്വരത്തിൽ അയാൾ ചോദിച്ചു, വിശേഷമെന്തുണ്ടായിയെന്ന്.

അന്ത്രയോസ് അടുത്തുവന്നു. "രക്ഷകനെ ഞാൻ കണ്ടു. അദ്ദേഹവുമായി ഞാൻ സംസാരിച്ചു. നാലുമണിവരെ ഞങ്ങൾ ഒരുമിച്ചായിരുന്നു."

സീമോനു് ഈ വാക്കുകൾ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. രക്ഷകനെയോ അന്ത്രയോസ് കണ്ടതു്? ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ, ദൈവം പറഞ്ഞൊത്ത ലോകോദ്ധാരകൻ വന്നെന്നോ?

സംഭവിച്ചതെല്ലാം അതേവിധത്തിൽ അന്ത്രയോസ് വിവരിക്കുവാൻതുടങ്ങി. രക്ഷകനായ മിശിഹായെ സ്നാപകയോഹന്നാൻ കാണിച്ചുകൊടുത്തതും നദിക്കരികെവരെ അവിടുത്തെ അനുഗമിച്ചതും. രക്ഷകൻ പറഞ്ഞതെല്ലാം, ഓരോ വാക്കും അന്ത്രയോസ് ഓർമ്മിച്ചു.

രക്ഷകൻ നസ്രായക്കാരനാണെന്നുള്ള വസ്തുതയാണ് സീമോനു് ഏററവും വിചിത്രമായി തോന്നിയതു്. മുപ്പതുവയസ്സോളം പ്രായംവരുന്ന ഒരു മനുഷ്യൻ! രാജാവോ പ്രഭുകുമാരനോ അല്ല! "യേശു" എന്നു വിളിക്കപ്പെടുന്ന ഒരു മനുഷ്യൻ!

സീമോൻെറ ഔൽസുക്യം വർദ്ധിച്ചതേയുള്ളു. യേശുവിൻെറ സന്നിധിയിലേക്കു തന്നേയും കൂട്ടിക്കൊണ്ടുപോകണമെന്ന് അന്ത്രയോസിനോട് അയാൾ അഭ്യർത്ഥിക്കുകയാണ്. അന്ത്രയോസിനു യാതൊന്നും തീരുമാനിക്കേണ്ടതില്ലായിരുന്നു. ഒട്ടും താമസിച്ചില്ല ഇരുവരും അന്ധകാരത്തിൽ മറഞ്ഞു.

കുറേദൂരം നടന്നുകഴിഞ്ഞപ്പോൾ അവർ ഒരു വീടിൻെറ പടിക്കലെത്തി. അവിടെ ഒരു കതകിൻെറ സമീപത്തായി ഒരു മനുഷ്യൻ ഏകനായിരിക്കുന്നതു അവർ കണ്ടു. അതു യേശുവായിരുന്നു.

യേശു എഴുന്നേററ് അവരുടെ അടുക്കലേക്കു ചെന്നു. സീമോൻെറ തോളിൽ കൈവച്ചുകൊണ്ടു അവിടുന്നു പറഞ്ഞു: "യോനായുടെ പുത്രനായ സീമോനാകുന്നു നീ; ഇനിമുതൽ "പത്രോസ്" എന്നായിരിക്കും നീ വിളിക്കപ്പെടുക."

ലോകം മുഴുവനും കറങ്ങുന്നതായി സീമോനു തോന്നി. അയാളുടെ ഹൃദയം ശക്തിയായി തുടിച്ചു. വിനീതഹൃദയനായ ആ മീൻപിടുത്തക്കാരനു് സംസാരിക്കുവാൻ കഴിഞ്ഞില്ല. രക്ഷകനായ മിശിഹാ തന്നെ അറിഞ്ഞു; അഭിസംബോധനചെയ്തു. "പത്രോസ്" എന്ന പുതിയ പേരുംനൽകി. ഇതിൻെറയെല്ലാം അർത്ഥം ഗ്രഹിക്കുവാൻ സീമോനു അസാദ്ധ്യമായിരുന്നു.

യേശു അവരുമായി വളരെയധികം സംസാരിച്ചു. അങ്ങനെ ആ കൂടിക്കാഴ്ച അവസാനിക്കുകയുംചെയ്തു. സീമോനും അന്ത്രയോസും തങ്ങളുടെ ഭവനത്തിലേക്കു മടങ്ങി.

സീമോനും അന്ത്രയോസും. സന്തുഷ്ടരായ രണ്ടു സഹോദരന്മാർ. സീമോൻ കൂടുതലായി സന്തോഷിച്ചു. വനാന്തരത്തിലെ "മീൻപിടുത്ത"മായിരുന്നല്ലോ അതു്. സീമോനാകുന്ന പത്രോസ് രക്ഷകനായ മിശിഹായെ കണ്ടെത്തി

(The Man who never Died) എന്ന ഗ്രന്ഥത്തോടു കടപ്പാടു്.

# ആബെ പീയെറി

(കെ. എം. അബ്രാഹം ബി. എസ്സ്‌സി)

സ്നേഹിതൻ: കത്തോലിക്കർ!

ഞാൻ: "ഉട്ടോപ്പിയൻ" എന്താ പറയുക?

സ്നേഹിതൻ: നിങ്ങൾ പിന്തിരിപ്പനാണ്.

ഞാൻ: അല്ല, മുന്തിരിപ്പനാണ്.

സ്നേഹിതൻ: കാരണം?

ഞാൻ: ആബെ പിയറി

സ്നേഹിതൻ: ആബേ പിയറി?

ഞാൻ: അതെ ആബേ പിയറിതന്നെ. അദ്ദേഹത്തെപ്പററി കേട്ടിട്ടുണ്ടോ?

സ്നേഹിതൻ: ഇല്ല, കഥയാണെങ്കിൽ പറഞ്ഞോളൂ.

ഞാൻ: ഇന്നു ലോകപ്രസിദ്ധമാണ് ആ നാമം. ഫ്രാൻസിലെ പ്രധാനമന്ത്രിയുടെയോ പ്രസിഡൻറിൻെറയോ പേരറിഞ്ഞുകൂടാത്ത ഫ്രഞ്ചുകാരനവധിയുണ്ട്. പക്ഷെ, ആബെ പിയറിയുടെ പേരു കേട്ടിട്ടില്ലാത്ത ഒരു ഫ്രഞ്ചുകാരനുമില്ല. ഫ്രാൻസിലെ എതു തെരുവിലും ഫാദർ ആബെയുടെ ഒരു ചിത്രം കാണാം; കൂടെ ഒരഭ്യർത്ഥനയും.

1954 ഫെബ്രുവരി 1 ഫ്രാൻസില നുഭവപ്പെട്ടിട്ടുള്ളതിൽവച്ചേററവും ശൈത്യമേറിയ ഒന്നായിരുന്നു. രാത്രിയിൽ ദേവാലയങ്ങളിലെ ഹന്നാൻവെള്ളംവരെയുള്ളതെല്ലാം തണുത്തുറഞ്ഞുകഴിഞ്ഞിരുന്നു. ഭവനരഹിതരായ ആയിരങ്ങൾ വെളിമ്പ്രദേശത്തു ചുരുണ്ടുകൂടിക്കിടന്നിരുന്നു. തലേദിവസം പലരും ശൈത്യമേററു മൃതിയടഞ്ഞിരുന്നു. ഏറെത്താമസിയാതെ ഫ്രാൻസിൻെറ തണുത്തുറഞ്ഞ ഹൃദയത്തിൽ ഒരു വേലിയേററമുണ്ടായി. പാരീസ് റേഡിയോയുടെ വാർത്താവിതരണം അവിടെ നിന്നു. ശാന്തവും വ്യക്തവുമായ ഒരടിയന്തിരാഹ്വാനം പ്രക്ഷേപണം ചെയ്യപ്പെട്ടു. ഫാദർ ആബേ പിയറിയായിരുന്നു ആ സന്ദേശവാഹകൻ. തണുപ്പിൽ മരണമടഞ്ഞവരുടെ കഥ അദ്ദേഹം വിവരിച്ചു. റോഡരുകിൽ ചാക്കവിരിച്ചു പ്രസവിച്ചുകിടക്കുന്ന ദീനരുടെ ചരിത്രം അദ്ദേഹം വർണ്ണിച്ചു തങ്ങളുടെ സഹജീവികളുടെ ജീവനെ രക്ഷിക്കാനദ്ദേഹം ഒരന്ത്യയാചന നടത്തി.

അരമണിക്കൂർ കഴിഞ്ഞില്ലാ, പാരീസിലെ സുപ്രസിദ്ധമായ പന്തേയോൺ സ്ക്വയർ ജനനിബിഡമായി. മന്ത്രിസഭാംഗം മുതൽ സിനിമാതാരങ്ങൾ വരെയുള്ളവർ അണിനിരന്നു ആ ഒരൊററരാത്രികൊണ്ടു 2000 പേർക്ക ഭക്ഷണവും വസ്ത്രവും നൽകി. ആ ഒരൊററ സഹായാഭ്യർത്ഥനയുടെ ഫലമായി 15000 പുതപ്പുകളും, 1000 ഉടുപ്പുകളും, 6000 ഓവർക്കോട്ടും 5000 ജോടി ചെരുപ്പും, 6000 കമ്പിളിപ്പുതപ്പുകളും, 50 കോടി ഫ്രാങ്കുംശേഖരിക്കപ്പെട്ടു.

പാരീസ് മുഴുവൻ ഉദാരത വഴിഞ്ഞൊഴുകി. ഫ്രഞ്ചുസൈന്യം സഹായത്തിനണഞ്ഞു. റെയിൽവേ കമ്പനികൾ അണ്ടർഗ്രൗണ്ടു സ്റ്റേഷനുകൾ ഭവനരഹിതർക്കു തുറന്നുകൊടുത്തു. ഭുവനപ്രസിദ്ധമായ റോച്ചസ്റ്റർ ഹോട്ടലിൻെറ രണ്ടു മുറികൾ ഓഫീസുപയോഗത്തിനു ഫാദർ ആബേക്കു നൽകപ്പെട്ടു സിനിമാശാലകളിൽ പ്രദർശനത്തിനിടയ്ക്കു ഫാദർ ആബേക്കു സംസാരിക്കുവാൻ അവസരം ലഭിച്ചു. 1954 ജനുവരിയിൽ ഭവനരഹിതർക്കു 100 കോടി ഫ്രാങ്കനുവദിക്കാൻ മടിച്ച ഫ്രഞ്ചുഗവമ്മെണ്ടു ഫെബ്രുവരി 4-ാം-നു-1000 കോടി ഫ്രാങ്കനുവദിച്ചു. 12000 ഭവനങ്ങൾ തീർക്കുവാനുള്ള തുകയാണതു്.

ഫ്രാൻസിലെ ഈ ഭവനരഹിതരിൽ ഭൂരിഭാഗവും ഭിക്ഷുക്കളല്ല പാവപ്പെട്ട തൊഴിലാളികളാണ്. ഏകദേശം 2 ലക്ഷം കുടുംബങ്ങൾ അത്തരത്തിലുണ്ട്— 70 ലക്ഷത്തോളം ജനങ്ങൾ.

ഫാദർ ആബെയുടെ യഥാർത്ഥനാമം ഹെൻട്രി ആൻറണി എന്നായിരുന്നു. 1912-ൽ ലയൺസിൽ ജനിച്ചു. അവിടത്തെ ജസ്യൂട്ടുകോളജിൽ ചേർന്നു പഠിച്ചു. ചെറുപ്പത്തിൽത്തന്നെ ഒരു കൊച്ചുനേതാവായിരുന്നു. നേവിയിൽ ചേരാൻ ശ്രമിച്ചു. കണ്ണക്കിനു മോശമായിരുന്നതിനാൽ സാധിച്ചില്ല. ഫ്രാൻസീസ് അസീസ്സിയുടെ ഒരു ജീവചരിത്രം വായിച്ചതക്കാലത്താണ്. ഒരാവർത്തിയല്ല, മൂന്നുപ്രാവശ്യം. ആ മനുഷ്യസ്നേഹിയുടെ ജീവചരിത്രം അദ്ദേഹത്തെ രോമാഞ്ചമണിയിച്ചു. റോമിലേക്കു പോയ വഴി അസ്സീസി പട്ടണത്തിലിറങ്ങി. തിരിച്ചു വീട്ടിൽ വന്നെത്തിയയുടനെ സ്വപിതാവിനോടു തൻെറ വീതം സ്വത്തുവാങ്ങിച്ചു. രണ്ടു നാഴികയ്ക്കുള്ളിൽ, അതു വിതരണംചെയ്തിട്ടു കപ്പൂച്ചിൻസഭയിൽ ചേർന്നു.

പക്ഷെ എട്ടുകൊല്ലങ്ങൾക്കുശേഷം അനാരോഗ്യംമൂലം ഇടവകവൈദികനായി തിരിച്ചുപോന്നു. ഗ്രിനോബിൾ രൂപതയിൽ ജോലിനോക്കി. ആ അവസരത്തിലാണു രണ്ടാംലോകമഹായുദ്ധം ഇരമ്പിക്കേറിവന്നതു്. നാസികളുടെ കൈയിൽനിന്നു അനേകം യഹൂദരെ അദ്ദേഹം രക്ഷിച്ചിട്ടുണ്ട്.

നാസികളുടെ പിടിയിൽനിന്നു അനേകരെ അദ്ദേഹം രക്ഷപ്പെടുത്തി. ജനറൽ ഡിഗാളെയുടെ ഒരു സഹോദരനെ തോളത്തുവഹിച്ചു സ്വിസ് അതിർത്തി കടത്തിവിട്ടു. അനേകം കൃത്രിമപാസ്പോർട്ടുകൾമൂലം പലരേയും ജർമ്മൻ ഭീകരപ്രവർത്തകരുടെ പിടിയിൽനിന്നും രക്ഷിച്ചിട്ടുണ്ട്. 1000-ാമത്തെ പാസ്പോർട്ടിൽ കുറിച്ചിരുന്നതു് ആബെ പിയറിയെന്നായിരുന്നു. അതദ്ദേഹം ഉപയോഗിച്ചു. അതാണു പ്രഖ്യാതമായ ഈ പേരു്.

ഇററാലിയൻസേന അദ്ദേഹത്തെ അറസ്റ്റുചെയ്തു പക്ഷെ സൂത്രത്തിൽ രക്ഷപ്പെട്ടു. ജർമ്മൻ രഹസ്യപ്പോലീസിൻെറ പിടിയിൽനിന്നു പിറനീസ് പർവ്വതപ്രാന്തങ്ങളിൽവച്ചു ഓടി രക്ഷപെട്ടു. ജനറൽ ഡി'ഗാളെയുടെ കീഴിൽ സൈന്യത്തിൽ സേവനം നടത്തി അതിനുമുമ്പു് ഒരണ്ടർഗ്രൗണ്ടുപത്രം നടത്തിയിരുന്നു, യുദ്ധാവസാനമായപ്പോഴേക്കും നേവിയിലെ പ്രധാന ചാപ്ലൻ ഫാദർ ആബെയായിരുന്നു.

കാർഡിനൽ സൂഹാർഡ് അദ്ദേഹത്തെ പാർലമെൻറു സ്ഥാനാർത്ഥിയായി നില്ക്കാൻ നിർബന്ധിച്ചു. അങ്ങനെ ലൊറെയിൻ നിയോജകമണ്ഡലത്തിൽനിന്നു് ഫ്രഞ്ചു് പാർലമെൻറിലേക്കു് തിരിഞ്ഞെടുക്കപ്പെട്ടു. അക്കാലത്തു് അദ്ദേഹം താമസിച്ചിരുന്നതു് ഒരു രണ്ടുനിലക്കെട്ടിടത്തിലായിരുന്നു. അതിനെപ്പററി അദ്ദേഹം പറയുകയാണ്: മഴപെയ്തിരുന്നതു് രണ്ടാം നിലയിൽനിന്നു ഒന്നാം നിലയിലേക്കായിരുന്നു."

അന്താരാഷ്ട്രീയകാര്യങ്ങളിൽഅദ്ദേഹം ശ്രദ്ധവെച്ചു. ഒരു സാർവ്വലൗകിക രാഷ്ട്രത്തിനുവേണ്ടി അദ്ദേഹം വാദിച്ചു. 40-ത്തോളം രാജ്യങ്ങളിൽനിന്നു വിദ്യാർത്ഥികൾ അദ്ദേഹത്തിൻെറ വസതിയിൽ വന്നു കൂടാറുണ്ടായിരുന്നു. അവർ പലപ്പോഴും തൻെറ താമസസ്ഥലം നന്നാക്കുന്നതിൽ അദ്ദേഹത്തെ സഹായിച്ചിരുന്നു.

1949-ലെ ഒരു സായംകാലത്തു് ഒരു കൊലപ്പുള്ളിയുടെ കുമ്പസാരം കേൾക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. അപകടത്തിൽപ്പെട്ട അയാൾ മരിച്ചില്ല. ആ മനുഷ്യനെ അദ്ദേഹം തൻെറ വസതിയിൽ താമസിപ്പിച്ചു. കഷ്ടതയനുഭവിക്കുന്നവരെ അദ്ദേഹം അടുത്തുകണ്ടു ഒരു കൊച്ചുമുറിയിൽ ഒരുമിച്ചു കഴിഞ്ഞിരുന്ന 4 ദമ്പതികളുടെയും രണ്ടുനാലു കുഞ്ഞുങ്ങളുടെയും ദയനീയാവസ്ഥ അദ്ദേഹത്തെ ഉൽക്കണ്ഠാകുലനാക്കി. മററു രണ്ടു ദമ്പതികളെ അദ്ദേഹം സ്വവസതിയിലേക്കു് ക്ഷണിച്ചു. ഏറെത്താമസിയാതെ അദ്ദേഹത്തിൻെറ വാസസ്ഥലം സഹായാർത്ഥികളുടെ ഒരു കുടുംബമായി മാറി.

ഒരു ദിവസം ആബേ പാർലമെൻററിമീററിംഗിനല്പം താമസിച്ചുപോയി. മററംഗങ്ങൾ കാരണമാരാഞ്ഞു. ഒരു പട്ടാളക്കൂടാരം വാങ്ങി അതുകൊണ്ടു ഒരു കുടിലു തീർക്കുന്നതിൽ, രാവിലെ 4 മണിക്കുള്ള കർബാനക്കുശേഷം അപ്പോൾവരെ പണിപ്പെടുകയായിരുന്നുവെന്നദ്ദേഹം പറഞ്ഞു. അവിടെയുണ്ടായിരുന്നവരെല്ലാം ഓരോ തുക സംഭാവന നൽകി. കത്തോലിക്കർ മുതൽ കമ്മ്യൂണിസ്റ്റുകാർ വരെ.

ഒരു ട്രക്കിലാണ് അദ്ദേഹം അന്നു് സഞ്ചരിച്ചിരുന്നതു്. പഴയ കാറുകളും ട്രക്കുകളും അദ്ദേഹം ഉപയോഗിച്ചിരുന്നു. അവയിൽ ലൈസൻസ് ബോർഡിൻെറ സ്ഥാനത്തുപയോഗിച്ചിരുന്നതു് ശിശുക്കളുടെ ജനനസർട്ടിഫിക്കററുകളും "ജീവിക്കാൻ അനുവദിക്കുക" എന്ന വാചകവുമായിരുന്നു.

1951-ലാണ് അദ്ദേഹം തൻെറ പ്രവർത്തനങ്ങൾക്കു പുതിയ ഒരു രൂപം കൊടുത്തതു്. രാഷ്ട്രീയമദ്ദേഹം ഉപേക്ഷിച്ചു. ഒരു പുതിയ പ്രസ്ഥാനമാരംഭിച്ചു പഴയതുണികൾ ശേഖരിക്കുകയായിരുന്നു അതു്. അതിനാണാദ്യം "എമ്മാവൂസിലെ സഹോദരന്മാരുടെ സംഘടന ആരംഭിച്ചതു്. ഇന്നു് 20-ത്തോളം ട്രക്കുകൾ ഈ ആവശ്യത്തിനുപയോഗിച്ചുവരുന്നു. പഴയ വസ്ത്രങ്ങൾ മുതൽ ഉപേക്ഷിക്കപ്പെടുന്ന കുപ്പികൾവരെയുള്ളവയെല്ലാം അവർ ശേഖരിക്കുന്നു ഇതിൽനിന്നുള്ള പ്രതിമാസാദായം 20 ലക്ഷം ഫ്രാങ്കാണ്. ഈ "എമ്മാവൂസിലെ ശിഷ്യന്മാർ" അഞ്ചു ഭവനങ്ങൾ പണിതുകഴിഞ്ഞു. 700 പേർക്കു തൊഴിൽ നൽകി. അങ്ങനെയിരിക്കവെയാണ് 1954 ഫെബ്രുവരിയിൽ ആബേ തൻെറ അടിയന്തിരാഹ്വാനം നടത്തിയതു്.

ഭവനരഹിതരിൽ 50-ത്തോളമാളുകൾ കഷ്ടപ്പാടുകൾമൂലം 1953-ൽ ആത്മഹത്യചെയ്തു. കുറഞ്ഞപക്ഷം 30000 ഭവനങ്ങളുടെ നിർമ്മാണമാണു ആബെയുടെ ലക്ഷ്യം.


ബാങ്കറന്മാരും എൻജിനീയറന്മാരും നിയമവിദഗ്ദ്ധന്മാരുമെല്ലാം അദ്ദേഹത്തിൻെറ പിൻപിലുണ്ടു്. പലരും ആബെയുടെ പ്രസ്ഥാനത്തെ പരമാവധി വിജയിപ്പിക്കുവാൻ ശ്രമിക്കുന്ന ത്യാഗമൂർത്തികളാണ്. ഫ്രാൻസിലെ ഏററവും വലിയൊരു എൻജിനീയറിങ്ങ് സ്കൂളിൻെറ മേധാവി ആബെയെ സഹായിച്ചുകൊണ്ടിരിക്കുന്നു. മൊറോക്കോയിലെ ഒരു ശില്പവിദഗ്ദ്ധനാണ് ഭവനനിർമ്മാണത്തിൽ ആബെയുടെ വലംകൈയായി നിലകൊള്ളുന്നതു്. അദ്ദേഹം പറയുകയാണ്: "ഞാൻ ആബെയെ കണ്ടു. സംസാരിച്ചു. പോകാൻഭാവിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, തൻെറ കല്പണിക്കാക്കു് ഒരു മണിക്കൂർനേരത്തേക്കു് അല്പമൊരു പരിശീലനം കൊടുക്കണമെന്നു്. പിന്നീടു ഞാൻ അവിടം വിട്ടു പോയില്ല."

മുന്നൂറോളമാളുകൾ ഭവനനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ പോലുമുണ്ടാക്കൂട്ടത്തിൽ. ദിവസംപ്രതി 10 മണിക്കൂർ വേലചെയ്യും. ലഹരിസാധനങ്ങൾമുതൽ "പോക്കററുമണി" വരെയുള്ളതു് അവിടെനിന്നും കിട്ടും ശരാശരി ഒരു ഡോളർ അവർ അനുദിനം മിച്ചംവയ്ക്കുന്നു. സ്വാശ്രയശീലം വളർത്തുകയാണ്, വെറും ഉപവിപ്രവൃത്തിയെക്കാൾ നല്ലതെന്നു ആബെ അഭിപ്രായപ്പെടുന്നു.

നാല്പതുകഴിഞ്ഞ ഫാദർ ആബെ ഇന്നു് ഒരത്ഭുതമനുഷ്യനാണ്. മിന്നൽവേഗത്തിൽ പാരീസിലെ തെരുവീഥികളിലൂടെ കാറോടിച്ചുപോകുന്ന അദ്ദേഹത്തെ കണ്ടാൽ ആരുമൊന്നു പുഞ്ചിരിക്കും, അഭിവാദനംചെയ്യും

വേഷവിധാനങ്ങളിൽ തെല്ലും ശ്രദ്ധിക്കാത്ത ഒരു കർമ്മധീരനാണദ്ദേഹം. പാരീസിലെ ഏതു കമ്മ്യൂണിസ്റ്റുകേന്ദ്രത്തിലും അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കാൻ ആളുകൾ തടിച്ചുകൂടും. കാറോടിച്ചുപോകുന്ന അവസരത്തിലാണ് പ്രസംഗിക്കേണ്ട കാര്യങ്ങളെപ്പററി അദ്ദേഹം ചിന്തിക്കുക. മറെറാരു വിൻസെൻറു് ഡി പോളിനെയാണ് ആബെ പിയറിയിൽ കാണുക അതോടൊപ്പം വിപ്ലവപ്രിയനായ ഒരു വൈദികോത്തംസത്തിനേയും.

(Catholic Digest-ൽനിന്നു്)



തൃശ്ശൂർ വികാരിജനറാളായിരുന്ന പരേതനായ മോൺ: ജോർജ് മാമ്പിള്ളി അവർകളുടെ സ്മരണക്കായി അദ്ദേഹത്തിൻെറ സഹോദരപുത്രൻ ഞാറക്കൽ മാമ്പിള്ളി ചാക്കു അവുസേപ്പ് സ്വന്തചിലവിൽ പണികഴിപ്പിച്ച് സെൻറ് ജോർജ് പള്ളിക്കു സംഭാവനചെയ്ത തിരുഹൃദയക്കപ്പേള.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 MARCH 13 || No. 30.


## പുളകംചാർത്തുന്ന പുണ്യദിനം

മാർച്ച് 19. പരിക്ലാന്തമായ ലോകത്തിനു ശാന്തിയുടെ സന്ദേശം പകരുന്ന മഹാത്മാവായ വിശുദ്ധ യൗസേപ്പിന്റെ ഭാഗ്യമരണത്തീയതി. ക്രിസ്തീയലോകത്തിനു പുളകംചാർത്തുന്ന പുണ്യദിനമാണന്ന്. മനുഷ്യജീവിതത്തിന്റെ നിഗൂഢാർത്ഥത്തെ ലോകത്തിനു ദൃശ്യമാക്കുന്ന ഒരു ദർപ്പണമാണ് ആ പുണ്യചരിതൻ. ഭൗതികതയിൽ ആണ്ടുപോകുന്ന ലോകത്തെ ഉദ്ധരിക്കുന്നതിനു പര്യാപ്തമായ ആദ്ധ്യാത്മികതയുടെ സരളമനോഹരമായ ഈരടികളുടെ ഒരു മഹാകാവ്യമാണ് നസ്രത്തിലെ പണിപ്പുരയിൽ വിരചിതമായിരിക്കുന്നത്. അതിന്റെ പരിണാമഗുപ്തിയാണ്, ക്രിസ്തുനാഥന്റെ മടിത്തലത്തിൽ തല ചായിച്ച് അമലകന്യാരത്നമായ മറിയത്തിന്റെ സ്നേഹശുശ്രൂഷകളാസ്വദിച്ച് നിത്യസമ്മാനത്തിനായി സ്വർഗ്ഗഭവനത്തിലേക്കു വിടവാങ്ങിപ്പോകുന്ന ആ വൃദ്ധനായ തച്ചന്റെ മരണശയ്യയിൽ നാം ദർശിക്കുന്നത്. ദൈവത്തിന്റെ ദത്തുപുത്രരായ നീതിമാന്മാർക്കു ജീവിതാനന്തരനിത്യസൗഭാഗ്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആ സ്മരണീയദിനം വിരാജിക്കുന്നു.

മാർച്ച് 19. ദിവംഗതനായ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമനസ്സിലെ അനന്തരഗാമിയായി എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്താപദത്തിൽ ആരോഹിതനായിരിക്കുന്ന പാറേക്കാട്ടിൽ തിരുമേനിയുടെ സ്ഥാനാരോഹണത്തെത്തുടർന്നു ഇദംപ്രഥമമായി സമാഗതമാകുന്ന ഈ തിരുനാൾ തിരുമനസ്സിലെ വത്സരായ ഭരണീയഗണത്തിനെന്നല്ല കേരളീയരായ സകലമാനപേർക്കും ആനന്ദമയിയായ ഒരു സുവർണ്ണാവസരമാണ്. തിരുമനസ്സിലെ നാമഹേതുകനായ മഹാസിദ്ധന്റെ മഹനീയാദർശങ്ങളെ അനുപദം സ്വീകരിച്ച് ജീവിതനൗകയെ നയിച്ചുപോരുന്ന തിരുമേനി, അതേ വിശേഷാത്തരാദർശങ്ങൾ ഭരണീയരിലും പൊതുജനങ്ങളിലും പ്രായോഗികമാക്കുന്നതിനു അവിശ്രമം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആദ്ധ്യാത്മികം, ധാർമ്മികം, സാമൂഹികം, ജീവകാരുണ്യപരമാദിയായ രംഗങ്ങളിൽ തിരുമേനി ശ്രദ്ധാപൂർവ്വം ഇതിനകം നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ ഈ വസ്തുതയ്ക്കു സാക്ഷ്യംവഹിക്കുന്നു. ദൈവദത്തവും കർമ്മലബന്ധവുമായി തിരുമേനിയിൽ സമ്മേളിച്ചിട്ടുള്ള അനന്യസാധാരണമായ കഴിവുകൾ മഹത്തായ ഒരു സേവനചരിത്രം വിരചിക്കുന്നതിനു പോരുന്നവയാണ്. തിരുമേനിയുടെ ആദർശങ്ങളോരോന്നും പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന് നമ്മുടെ ഉദാരവും അവികലവുമായ സഹകരണം നേരുന്നതോടൊപ്പം അവ സാകല്യേന ഫലപ്രദമായിത്തീരുന്നതിനുള്ള ദൈവാനുഗ്രഹങ്ങൾക്കുവേണ്ടി എന്നുമെന്നും, ഈ ശുഭാവസരത്തിൽ പ്രത്യേകിച്ചും, ഉള്ളഴിഞ്ഞു നമുക്കു ദൈവത്തെ പ്രാർത്ഥിക്കാം.

ഫ് പാറേക്കാട്ടിൽ തിരുമേനിയെപ്പററി സ്മരിക്കുമ്പോൾ അതിമനോഹരമായ ഒരു സേവനചിത്രം മലയാളികളുടെ മനോമുകുരത്തിൽ പരിശോഭിക്കുന്നതാണ് "സത്യദീപം". കത്തോലിക്കാമുദ്രാലയപ്രേഷിതത്വത്തിന്റെ ആദർശത്തിലും, പ്രസിദ്ധീകരണപ്രസ്ഥാനത്തിന്റെ അജയ്യമായ ശക്തിയുടെ ആലംബത്തിലും സത്യദീപംമൂലം അദ്ദേഹം സാധിച്ചിട്ടുള്ള മഹത്സേവനം കേരളത്തിനോ കൈരളിക്കോ കത്തോലിക്കാസഭയ്ക്കോ അംഗീകരിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. മുദ്രാലയത്തിൽനിന്നു മെത്രാൻപദത്തിലേക്കുയരുന്നതിനുമുമ്പുതന്നെ സത്യദീപത്തെ ഒന്നാംകിടയിലുള്ള ഒരു പ്രസിദ്ധീകരണമാക്കി അദ്ദേഹം ഉയർത്തിക്കഴിഞ്ഞിരുന്നു. കർത്തവ്യബദ്ധമായ തിരുമേനിയുടെ ഭരണപരിപാടികളുടെ മദ്ധ്യേ ഇന്നും അതിന്റെ രക്ഷാധികാരിത്വം മാത്രമല്ല അനുദിനപ്രവർത്തനസാരഥ്യം തന്നെ പൈതൃകമായ ഉൽസുകതയോടും വ്യഗ്രതയോടുംകൂടി നിർവ്വഹിച്ചുകൊണ്ടാണിരിക്കുന്നതെന്നുള്ളതു് സസന്തോഷം ഈ അവസരത്തിൽ ഞങ്ങൾ പ്രഖ്യാപിച്ചുകൊള്ളുന്നു. അവിടുത്തെ നാമഹേതുകത്തിരുനാൾ കൊണ്ടാടുന്ന ഈ സുമുഹൂർത്തത്തിൽ സത്യദീപം തിരുമേനിയുടെ നേർക്കുള്ള നിസ്സീമമായ കടപ്പാടുകളെ രേഖപ്പെടുത്തുകയും, അവിടുത്തെ ആദർശത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ദർപ്പണമായി നിലകൊള്ളുന്നതിൽ അതിനുള്ള ആനന്ദാഭിമാനാദിവികാരങ്ങളെ ഏററുപറയുകയും, തിരുമനസ്സിലെ ആദർശനനിഷ്ഠമായ സേവനം ക്രിസ്തുവിന്റെ മോക്ഷാവാടിയിൽ നീണാൾ തുടരുന്നതിനു അനുഗ്രഹനിധിയായ ദൈവം ആയുരാരോഗ്യങ്ങളോടെ അവിടുത്തെ സംരക്ഷിക്കട്ടെയെന്നു ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു. തിരുനാൾമംഗളങ്ങൾ തിരുമേനിക്കു സത്യദീപം പ്രശ്രയപൂർവ്വം നേർന്നുകൊള്ളട്ടെ!

സത്യദീപത്തെ പിതൃതുല്യം സ്നേഹിച്ച് പ്രോത്സാഹിപ്പിച്ചുപോരുന്ന അതിവന്ദ്യ അട്ടിപ്പേററി തിരുമനസ്സിലെ നാമഹേതുകത്തിരുനാളും ഒത്തിണങ്ങിയിട്ടുള്ള ഈ ശുഭാവസരം ഞങ്ങളുടെ ആനന്ദത്തെ ദ്വിഗുണീഭവിപ്പിക്കുകയാണ്. സത്യദീപത്തിന്റെ പ്രവർത്തനത്തോടുള്ള തിരുമനസ്സിലെ പ്രത്യേകതരമായ സ്നേഹവാത്സല്യങ്ങൾക്കും അതിന്റെ സേവനത്തെ ഓരോ കുടുംബത്തിലും അനുഭവവേദ്യമാക്കുന്നതിനു തിരുമേനി നിതരാം ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമങ്ങൾക്കും പുത്രനിർവ്വിശേഷമായ ഹൃദയവികാരങ്ങളോടെ കൃതജ്ഞത രേഖപ്പെടുത്തുന്നതിനു ഈ സന്ദർഭം ഞങ്ങൾ സഹർഷം സ്വാഗതംചെയ്യുകയാണ്. കത്തോലിക്കാസഭാമണ്ഡലത്തിൽ തിരുമനസ്സിലെ പ്രശസ്തസേവനദീപ്തി ഉജ്ജ്വലതരമായി പ്രശോഭിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ഹാർദ്ദമായ തിരുനാൾമംഗളങ്ങൾ ഭക്ത്യാദരപൂർവ്വം ആശംസി

മോസ്റ്റ് റവ. ഡോക്ടർ ജോസക്കകയും ചെയ്തുകൊള്ളുന്നു.

## തിരുനാൾ മംഗളം



വരാപ്പുഴ മെത്രാപ്പോലീത്താ

മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി

തിരുമനസ്സുകൊണ്ട്

(നാമകരണത്തിരുനാൾ—മാർച്ച് 19)

### പ്രസാധകക്കുറിപ്പുകൾ

## കത്തുമൂലമുള്ള പ്രേഷിതത്വം

മൂന്നുകൊല്ലംമുമ്പു ഇംഗ്ലണ്ടിൽ സമാരംഭിച്ച ഒരു പ്രേഷിതപ്രസ്ഥാനമാണ് "കാത്തലിക്ക് എൻക്വയറി സെൻറർ"—കത്തോലിക്കാ അന്വേഷണകേന്ദ്രം. ഈ മാർച്ച് 1-ാംതീയതിയാണ് അതിന്റെ മൂന്നാംവാർഷികം കൊണ്ടാടിയതു്. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനലക്ഷ്യം അകത്തോലിക്കരുടെ സംശയങ്ങൾ കത്തുകൾമൂലംപരിഹരിക്കുന്നതിനും കത്തോലിക്കാസഭയെപ്പററി പഠിക്കുന്നതിനു അവർക്കു സഹായം നൽകുന്നതിനുമാണ്. വളരെ സ്തുത്യർഹമായ ഒരു പ്രവർത്തനം ഈ ചുരുങ്ങിയകാലത്തിനിടയിൽ നിർവ്വഹിക്കുന്നതിനു സാധിച്ചുവെന്നുള്ളതു് അതിന്റെ ഫലസിദ്ധിയെ വെളിവാക്കുന്നു. അകത്തോലിക്കാ ജനവിഭാഗത്തിന് കത്തോലിക്കർ സെൻററുമായ കത്തിടപാടുകൾ നടത്തുകയുണ്ടായി. അവരിൽ 1500 പേർക്കു സെൻററിൽനിന്നു ലഭിച്ച അറിവുകൾകൊണ്ടുതന്നെ അവരുടെ സംശയനിവാരണം ഉണ്ടാവുകയും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്തിട്ടുണ്ട്. 3,300 പേരെ കൂടുതൽ പഠനത്തിനുവേണ്ടി ഓരോ ഇടവകവൈദികർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയുണ്ടായിട്ടുണ്ട്. ബാക്കിയുള്ളവരുടെ കാര്യത്തിൽ കേന്ദ്രത്തിനു നേരിട്ടറിവില്ല. എങ്കിലും വലിയൊരു വിഭാഗം അവരുടെ അന്വേഷണങ്ങൾ തുടർന്നുനടത്തി കത്തോലിക്കാസഭയുടെ സത്യം മനസ്സിലാക്കി സഭയിൽ ചേർന്നതായി അനുമിക്കുന്നതിൽ തെററില്ല. സെൻറർ നടത്തിയ ഒരു പരിശോധനയിൽ ഇതു തെളിയുകയുണ്ടായി. സെൻററുമായി കത്തിടപാടു നടത്തിക്കൊണ്ടിരുന്ന ആദ്യത്തെ—അതായതു് 1954 ഡിസമ്പർവരെ—500 പേർക്കു കഴിഞ്ഞ വേനൽ കാലത്തു അവരുടെ സ്ഥിതിഗതികളെ സംബന്ധിച്ചു അന്വേഷിച്ചു കത്തുകളയച്ചു. 250 പേരുടെ മറുപടികിട്ടി. അവർ സെൻററിന്റെ നിർദ്ദേശമനുസരിച്ച് സത്യാന്വേഷണം തുടർന്നുവെന്നും കാലാന്തരത്തിൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു എന്നുമായിരുന്നു മറുപടി. മറുപടി കിട്ടാത്തവരിലും വലിയൊരുഭാഗത്തിന്റെ സ്ഥിതി അന്യമല്ല എന്നനുമാനിക്കാവുന്നതാണ്. മാത്രമല്ല സെൻററുമായി കത്തിടപാടുകൾ നടത്തി സത്യം ഗ്രഹിച്ച് കത്തോലിക്കരായിത്തീർന്ന ഓരോരുത്തരും അവരുടെ കുടുംബാംഗങ്ങളിൽനിന്നും സ്നേഹിതരിൽനിന്നും പലരേയും കത്തോലിക്കാസഭയിലേക്കു കൊണ്ടുവരുന്നുവെന്നു പല ഭാഗങ്ങളിൽനിന്നും ഇടവകവൈദികർ എഴുതിഅറിയിക്കുന്നുണ്ട്. റവ. ഫാദർ മൈക്കൾ ഒക്കോണറാണ് ഈ എൻക്വയറിസെൻററിന്റെ ഡയറക്ടർ. ഈ പ്രസ്ഥാനത്തിന്റെ സഹായകാംഗങ്ങളായി ഇപ്പോൾ 24,000 പേരുണ്ട്. സെൻററിന്റെ ചിലവുകൾക്കായി ഓരോ അംഗവും പ്രതിമാസം ഓരോ ഷില്ലിംഗ് സംഭാവനയും പ്രവർത്തനത്തിന്റെ വിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥനയും നടത്തുന്നു. ഈ മാതൃക നമുക്കും അനുകരിക്കരുതോ?

× × ×

## ധാർമ്മികമൂല്യങ്ങളെപ്പററി ബ്രിട്ടനിലെ വിദ്യാഭ്യാസമന്ത്രി

ബ്രിട്ടനിലെ പുതിയ വിദ്യാഭ്യാസവകുപ്പുമന്ത്രിയായ ലോർഡ് ഹെയിൽഷാം അവർകൾ ഈയിടെ ഒരു പ്രസംഗത്തിൽ ആധുനികമനുഷ്യൻ ആദ്ധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങളെ വിലമതിക്കേണ്ട ആവശ്യകതയെ ശക്തിയുക്തം പ്രതിപാദിക്കുകയുണ്ടായി. "നിങ്ങളിൽ ഭൗതികമായ സംതൃപ്തിയെ ഏററം കൂടുതൽ അഭിലഷിക്കുന്നവരോടൊപ്പംതന്നെ അതിനെ ഞാനും വിലമതിക്കാതിരിക്കുന്നില്ല എന്നാൽ ഭൗതികങ്ങളായ സന്തോഷങ്ങൾമാത്രമാണ് ജീവിതത്തിൽ ലക്ഷ്യമാക്കേണ്ടവയെന്നു് — ജീവിതത്തിന്റെ മൂല്യങ്ങളെന്ന്—ന്യായങ്ങളെ കൊണ്ടുനടക്കുന്നവരോടാണ് എനിക്കു അഭിപ്രായവ്യത്യാസമുള്ളതു്. ഈ ആശയഗതിക്കാരിൽ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരുമുണ്ടെന്നു തീർച്ചയാണ്. യാഥാസ്ഥിതികരും, ഉല്പതിഷ്ണുക്കളും, തൊഴിലാളിക്കക്ഷിക്കാരും, സർവ്വോപരി കമ്മ്യൂണിസ്റ്റുകളും. ഞാൻ ഈ ആശയത്തിനു കടകവിരുദ്ധമായി വിശ്വസിക്കുന്ന ഒരുവനാണ്. മാത്രമല്ല ഭൗതികസംതൃപ്തിയെമാത്രം ലക്ഷ്യമാക്കുന്ന വ്യക്തിയോ രാഷ്ട്രമോ ഏതായാലും, അതു അധഃപ്പതനത്തിന്റെ രാജവീഥിയിലാണ് പുരോഗമിക്കുന്നതെന്നും, അതിന്റെ അഭീഷ്ടലക്ഷ്യമായ അതേ ഭൗതികസൗഭാഗ്യത്തെത്തന്നെ അതു നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും വിശ്വസിക്കുന്നതിനു ഞാൻ നിർബന്ധിതനായിരിക്കുന്നു. നാം എന്തിനുവേണ്ടിയാണ് നിലകൊള്ളേണ്ടതെന്ന് ഒററവാക്കിൽ എന്നോടു ആരെങ്കിലും ചോദിക്കുകയാണെങ്കിൽ എന്റെ മറുപടി ഇപ്രകാരമായിരിക്കും: ആദ്ധ്യാത്മികമൂല്യങ്ങൾക്കു വേണ്ടിയുള്ള ഒരു സമരം നാം നടത്തേണ്ടിയിരിക്കുന്നു; സത്യസന്ധത, ജീവിതനൈർമ്മല്യം, സ്വരാജ്യസ്നേഹം, സേവനമനോഭാവം, ധീരത മുതലായവയെ സംബന്ധിച്ച് അഭിനവമായ ഒരു വീക്ഷണം നമുക്കുണ്ടാകണം." ഇംഗ്ലണ്ടിലെ ഒരു പ്രമുഖവ്യക്തിയും ഗവമ്മെൻറിൽ അത്യുന്നതവും ഉത്തരവാദിത്വപ്പെട്ടതുമായ ഒരു വകുപ്പിന്റെ മന്ത്രിയായി നിയമിക്കപ്പെട്ടിരിക്കുന്ന ദേഹവുമായ ഹെയിൽഷാംപ്രഭു അവർകളുടെ ഈ പ്രസ്താവം എത്രമാത്രം ഗൗരവാവഹമായ ഒന്നാണെന്നു പ്രസ്തുത വിഷയത്തെപ്പററി അല്പമൊന്നു മനസ്സിരുത്തിയാൽ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇന്നത്തെ അഭിവന്ദ്യനേതാക്കന്മാരുടെ പ്രസംഗധോരണിയും പത്രങ്ങളുടേയും ഇതരപ്രസിദ്ധീകരണങ്ങളുടേയും നിരന്തരവും ശക്തിപൂർവ്വകവുമായ ഉൽബോധനവും ജനങ്ങളെ നന്നാക്കുന്നതിനും അവർക്കു സൗഭാഗ്യം പകർന്നുകൊടുക്കുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. അതിനുള്ള പലപലപദ്ധതികൾ ഗവമ്മെൻറുകളും ആസൂത്രണംചെയ്തു നടപ്പാക്കുന്നുണ്ട്. എന്നാൽ ബഹുവി

# വിവിധവൃത്താന്തങ്ങൾ

## 51 സാർവ്വദേശീയ കോൺഗ്രസുകൾ

കഴിഞ്ഞകൊല്ലം ശാസ്ത്രീയവും സാമൂഹ്യവുമായ പ്രശ്നങ്ങൾ സംബന്ധിച്ച 51 സാർവ്വദേശീയകോൺഗ്രസുകളിൽ തിരുസിംഹാസനം പങ്കെടുത്തിട്ടുണ്ട്. ലോകത്തിൽ തിരുസിംഹാസനത്തിനു സിദ്ധിച്ചിരിക്കുന്ന വർദ്ധമാനമായ പ്രശസ്തിക്ക് ഒരു തെളിവാണിതു്. വൈദ്യം, ചരിത്രം, പുരാണവസ്തുശാസ്ത്രം, കുടിയേററം, അണുശാസ്ത്രം, നരവംശശാസ്ത്രം, ക്ഷീരവും ക്ഷീരോല്പന്നങ്ങളും, സ്റ്റാമ്പുശേഖരണം ചലച്ചിത്രങ്ങൾ, ധാന്യങ്ങൾ മുതലായവയെപ്പററിയായിരുന്നു സാർവ്വദേശീയകോൺഫറൻസുകൾ. ഫ്റാൻസിൽ നാൻറസിൽ നടന്ന പുഷ്പമേളയിലും തിരുസിംഹാസനം പങ്കെടുത്തു. കരിബിയൻ സഹകരണപ്രസ്ഥാനം, സ്ത്രീകളുടെ നില, കുഷ്ഠരോഗികൾ, മദ്യപാനം, സാങ്കേതികവിദ്യാഭ്യാസം, ഗ്രാമീണയുവജനപ്രവർത്തനം, സമുദ്രീയനിയമസംഹിത മുതലായവയാണു തിരുസിംഹാസനം പങ്കെടുത്ത മററു ചില സാർവ്വദേശീയ കോൺഫറൻസുകൾ.

ധങ്ങളായ ഈ പ്രവർത്തനങ്ങളെല്ലാം പലപ്പോഴും വെറും പ്രഹസനങ്ങളായും ഒച്ചപ്പാടുകളായും കലാശിക്കുന്നതു നിത്യാനുഭവമായിട്ടുണ്ടു്. ഈ പരാജയത്തിനുള്ള മൂലകാരണമെന്തായിരിക്കാം? അതാണു് ലോർഡ് ഹെയിൽഷാം മേലുദ്ധരിച്ച അദ്ദേഹത്തിൻെറ ചുരുങ്ങിയ വാക്കുകളിൽ വ്യക്തമായി പ്രതിപാദിക്കുന്നതു്. മനുഷ്യൻ വെറും ഭൂതാത്മകമായ ഒരു വസ്തുമാത്രമല്ല. അവനിൽ ആദ്ധ്യാത്മികവും ധാർമ്മികവുമായ ചില ഘടകങ്ങളുണ്ടു്. അവയാണു് മനുഷ്യജീവിതത്തിൽ പ്രാമുഖ്യം അർഹിക്കുന്നതു്. അവയെ അവഗണിച്ചുകൊണ്ടു് ഭൗതികമാത്രമായ ഒരു സംതൃപ്തിയേയൊ സൗഭാഗ്യത്തേയൊ പ്രദാനംചെയ്തു മനുഷ്യവ്യക്തിയെ സമാധാനിപ്പിക്കാമെന്നുവച്ചാൽ ആ ശ്രമം വിജയിക്കുവാൻപോകുന്നില്ല; കാരണം അതു മനുഷ്യപ്രകൃതിക്കു അനുരൂപമോ അവൻെറ ഉന്നതമായ അഭിലാഷങ്ങളെ സ്പർശിക്കുന്നവയോ അല്ല. അതുകൊണ്ടു് മനുഷ്യനെ സംബന്ധിക്കുന്ന ഏതൊരു പ്രവർത്തനവും അവൻെറ വ്യക്തിത്വത്തിൻെറ എല്ലാ ഘടകങ്ങളേയും സ്പർശിക്കുന്ന ഒന്നായിരിക്കണം. ഇതിലാണു് ഇന്നത്തെ ഭൗതികമാത്രമായ— ലൗകായതികമായ— പ്രസ്ഥാനങ്ങളുടെ പരാജയത്തിൻെറ മൂലകാരണം സ്ഥിതിചെയ്യുന്നതു്. ജനനേതാക്കന്മാരും ഭരണധുരന്ധരന്മാരും ഗവമ്മെൻറുകളും രാഷ്ട്രങ്ങളും എല്ലാം മൗലികമായ ഈ വസ്തുതയെ അനുസ്മരിച്ചു പ്രവർത്തിക്കുന്നവെങ്കിൽ മാത്രമേ ഇന്നത്തെ ലോകാധഃപ്പതനത്തിൽനിന്നു രക്ഷാകരമായ ഒരു പരിവർത്തനത്തിനുള്ള വഴി തെളിയുകയുള്ളു.

Thanksgiving
to Rev. Sr. ALPHONSA
For Favours Received
Mathew Varghese Elenjickel
Kothamangalam

## അടുത്തയാഴ്ചയിൽ

മാർച്ച്
14 വ്യാ: വി. ഡൊരേത്തി
15 വെ: വി. പ്രോബൂസ്
16 ശ: വി. ലൂഡൊവിക്കോസ്
17 ഞാ: നോമ്പു 2-ാം ഞായർ
18 തി: വി. ഗബ്രിയേൽ
19 ചൊ: വി. യൗസേപ്പു പിതാവു്
20 ബു: ഭാ. ബാപ്റ്റിസ്റ്റ്

## 80 ലക്ഷം പേർക്കു സഹായം

തിരുസിംഹാസനം കഴിഞ്ഞ കൊല്ലം പോണ്ടിഫിക്കൽ റിലീഫ് സംഘടനവഴിയായി 80 ലക്ഷംപേർക്കു സഹായം നൽകിയിട്ടുള്ളതായി കാണുന്നു. ഈ ദുരിതസഹായം 233,000 പ്രവർത്തകർ മുഖാന്തിരമാണു വിതരണംചെയ്തതു്. അതിൽ 202000പേരും സ്വമേധാ സേവകരായിരുന്നു ഇററലിയിൽതന്നെ പോണ്ടിഫിക്കൽ റിലീഫ് സംഘടന 1442 സാമൂഹ്യകേന്ദ്രങ്ങൾ നടത്തിപ്പോന്നിരുന്നു. ഈ സംഘടന നടത്തിയ വേനൽക്കാല ക്യാമ്പുകളിൽ 980,000 ദരിദ്രകുട്ടികൾക്കു വിശ്രമസൗകര്യങ്ങൾ നൽകപ്പെട്ടിരുന്നു. 48 ട്രേഡ്സ്കൂളുകളിൽ 17000 ബാലികാബാലന്മാർക്കു പരിശീലനം നൽകിയിരുന്നു.

## രണ്ടു രക്ഷാകവചങ്ങൾ

ഹംഗറിയിലെ കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ ഹംഗേറിയൻ മെത്രാന്മാർ സന്ദർശിച്ചു സംഭാഷണം നടത്തിയെങ്കിലും കമ്മ്യൂണിസ്റ്റുകാരുടെ പക്കൽനിന്നും താൻ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളെപ്പററി അദ്ദേഹം അവരോടു യാതൊന്നും പറയുകയുണ്ടായില്ലെന്നു് ഇപ്പോൾ പരസ്യമാക്കപ്പെട്ടിരിക്കുന്നു. പക്ഷെ ഈ മർദ്ദനങ്ങളെയെല്ലാം എതിർത്തുനില്ക്കുവാൻ എങ്ങനെ സാധിച്ചുവെന്നു ചോദിച്ച ഒരു മെത്രാനോടു തിരുമേനി ഇങ്ങനെയാണു മറുപടി പറഞ്ഞതു്. "എനിക്കു രണ്ടു രക്ഷാകവചങ്ങൾ ഉണ്ടായിരുന്നു. ഒന്നു് പത്രോസാകുന്ന പാറയിൽ എനിക്കുണ്ടായ അചഞ്ചലമായ വിശ്വാസം; രണ്ടു്, എൻെറ അമ്മയുടെ ജപമാല."

## അച്ഛനും മക്കളും വൈദികർ

യുദ്ധത്തിനുമുൻപു ഹോളണ്ടിൽ ഒരു ബാങ്കിൻെറ ഏജൻറായിരുന്ന ജരാർദ്ദ ബേക്കർ, ഭാര്യയുടെ മരണത്തെത്തുടർന്നു റോമൻ സെമ്മിനാരിയിൽ ചേർന്നു പഠിപ്പിക്കുകയും വൈദികപട്ടം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഇംഗ്ലീഷ് ഉൾപ്പെടെ ഏഴു ഭാഷകളിൽ പണ്ഡിതനായ ഫാദർ ബേക്കർ ഇപ്പോൾ ആഫ്റിക്കയിൽ ഒരു മിഷ്യനറിയാണു്. അദ്ദേഹത്തിൻെറ രണ്ടു പുത്രന്മാരും ഇതിനുമുമ്പുതന്നെ വൈദികരായിട്ടുണ്ടു്. ആഫ്റിക്കയിലെ മിഷ്യനറിപ്രവർത്തനങ്ങൾക്കിടയിൽ ഫാദർ ബേക്കർ മൂന്നു ദേവാലയങ്ങളും മൂന്നു് ആശുപത്രികളും സ്ഥാപിച്ചിരിക്കുന്നു. കഴിഞ്ഞ യുദ്ധകാലത്തു 300 കനേഡിയൻ പടയാളികളെ അദ്ദേഹം തൻെറ വസതിയിൽ സ്വീകരിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു; അദ്ദേഹത്തിൻെറ ഭാര്യ രോഗികളെയും മുറിവേററവരെയും ശുശ്രൂഷിച്ചിരുന്നു.

## സ്കൂളിൻെറ നേട്ടം

അയർലൻഡിൽ ഡൻഗാർവൻ എന്ന സ്ഥലത്തു അഗസ്റ്റീനിയൻ സന്യാസികൾ നടത്തുന്ന ഒരു വിദ്യാലയത്തിൽ, കഴിഞ്ഞ 7 കൊല്ലത്തിനുള്ളിൽ 70 പേർ വൈദികവൃത്തി സ്വീകരിച്ചിട്ടുണ്ടു്. അതായതു കൊല്ലത്തിൽ ശരാശരി 10 പേർ. 150 കുട്ടികൾമാത്രം പഠിപ്പിക്കുന്ന ഒരു വിദ്യാലയത്തിനു് അഭിനന്ദനീയമായ ഒരു നേട്ടമാണിതെന്നു് മി ഡഗ്ലസ്ഹൈഡ് കാത്തലിക് ഹെറാൾഡിൽ എഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇവിടത്തെ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ബോർഡിങ്ങിൽ താമസിക്കുന്നവരാണു്.

## കൊറിയയിൽ സർവ്വകലാശാല

ദക്ഷിണകൊറിയയുടെ തലസ്ഥാനമായ സീയോളിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിലേക്കായി, കൊറിയയിൽ മിഷ്യനറിപ്രവത്തനത്തിലേർപ്പെട്ടിരിക്കുന്ന അമേരിക്കൻ ജസ്വീററു മിഷ്യനറിമാർ 50 ഏക്കർ സ്ഥലം സമ്പാദിച്ചിരിക്കുന്നു. ഈ മിഷ്യനറിസമൂഹം കൊറിയയിലെത്തിയിട്ടു് ഇനിയും മൂന്നുകൊല്ലമായിട്ടില്ല. പുതിയ സർവ്വകലാശാലാ 1958-നു മുൻപു തുറന്നു പഠനമാരംഭിക്കണമെന്നാണു ജസ്വീററുമിഷ്യൻ ഉദ്ദേശിച്ചിരിക്കുന്നതു്.

ചന്ദ്രിക
REGD.
ആയുർവേദസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V. PRODUCTS, IRINJALAKUDA

## വത്തിക്കാനിൽ സ്ഥാനപതികൾ

47 രാജ്യങ്ങളിൽനിന്നുള്ള സ്ഥാനപതികൾ ഇപ്പോൾ വത്തിക്കാനിലുണ്ടു്. 27 രാജ്യങ്ങൾക്കു അമ്പാസിഡർമാരും 16 രാജ്യങ്ങൾക്കു മിനിസ്റ്റർമാരും 4 രാജ്യങ്ങൾക്കു ചാർജ് ഡി അഫയേഴ്സുമാണുള്ളതു്. അമേരിക്കയിലെ അർജൻറീനാ, ബൊളീവിയാ, ബ്രസീൽ, ചില്ലി, കൊളംബിയാ, കോസ്റ്ററിക്കാ, ക്യൂബാ, എൽസാൽവഡോർ ഇക്വഡോർ, ഗ്വാട്ടിമാലാ, ഹിയാത്തി, ഹോൺഡൂറാസു്, നിക്കാറാഗ്വാ, പനാമാ, പരാഗ്വേ, പെറു, ഡോമിനിക്കൻറിപ്പബ്ളിക്കു്, ഉറുഗ്വേ, വെനിസുലാ ഈ രാജ്യങ്ങൾക്കും, യൂറോപ്പിലെ ആസ്റ്റ്റിയാ, ബെൽജിയം, ഫിൻലൻഡു്, ഫ്റാൻസു്, ജമ്മനി, ഗ്രേററ്ബ്രിട്ടൺ, അയർലൻഡു്, ഇററലി, ലക്സംബർഗ്ഗ്, മൊണോക്കോ, നെതർലൻഡ്സ്, മാൾട്ടാ, പോർട്ടുഗൽ, സാൻമറിനോ, സ്പെയിൻ, ലിത്വാനിയാ (അഭയാർത്ഥി) പോളണ്ടു് (അഭയാർത്ഥി) എന്നീ ഗവർമ്മെൻറുകൾക്കും, ഏഷ്യയിലെ ദേശീയചൈനാ, ഇൻഡ്യാ, ഇൻഡൊനേഷ്യാ, ഇറാൻ, ജപ്പാൻ, ലെബാനൻ, പാക്കിസ്ഥാൻ, ഫിലിപ്പൈൻസ്, സീറിയാ ഈ രാജ്യങ്ങൾക്കും, ആഫ്റിക്കയിലെ ഈജിപ്ത്, ലിബേറിയാ ഈ രാജ്യങ്ങൾക്കുമാണു സ്ഥാനപതികളുള്ളതു്.

## അസാധാരണസ്വീകരണം

മൂവായിരം ഫ്ളമിഷ് തീർത്ഥസഞ്ചാരികൾ ഈയിടെ വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയുണ്ടായി. തിരുമേനി സന്ദർശനമുറിയിലേക്കു് എഴുന്നള്ളിയപ്പോൾ, തങ്ങളുടെ ദേശീയവസ്ത്രങ്ങളും തൂവൽവച്ച തൊപ്പികളും ധരിച്ചെത്തിയിരുന്ന ആ തീർത്ഥകർ ചെണ്ടകൊട്ടിയും കാഹളമൂതിയും തിരുമേനിക്കു ഹൃദ്യമായ ഒരു സ്വീകരണം നൽകിയിരിക്കുന്നു. ഈ സ്വീകരണത്തിനുശേഷം അവർ, ചുവപ്പും വെള്ളയും കറുപ്പും നിറങ്ങളിലുള്ള തങ്ങളുടെ കൊടികൾ തറയിൽ വിരിക്കുകയുണ്ടായി. അപ്പോൾ ബഹുവർണ്ണോജ്ജ്വലമായ ഒരു പരവതാനിപോലെ ശോഭിച്ചു.

## ജന്മഗേഹം കാഴ്ചബംഗ്ലാവു്

1878 മുതൽ 1903 വരെ തിരുസഭാദ്ധ്യക്ഷനായിരുന്ന പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ ജന്മഗേഹം—പെച്ചി പ്രഭുക്കന്മാരുടെ കൊട്ടാരം—ഒരു കാഴ്ചബംഗ്ലാവായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു റോമയിലെ കാർപ്പെന്തീനാതെരുവിലുള്ള ഈ കൊട്ടാരത്തിൽ പതിമൂന്നാം ലെയോ തിരുമനസ്സിലെ അനേകം കത്തുകളും അമൂല്യങ്ങളായ അനേകം ഗ്രന്ഥങ്ങളും ശേഖരിച്ചിട്ടുള്ളതു് പണ്ഡിതന്മാർക്കു കാണുന്നതിനും ഉപയോഗിക്കുന്നതിനും സാധിക്കുന്നതാണു്. റേരും നൊവാരും എന്ന സുപ്രസിദ്ധ ചാക്രീകലേഖനത്തിൻെറ കർത്താവായ പതിമൂന്നാം ലെയൊ കഴിഞ്ഞ നൂററാണ്ടിലെ അദ്വിതീയനായ സാമൂഹ്യപരിഷ്കർത്താവായിരുന്നു.

## ഉക്രേനിയൻ സെമ്മിനാരി

കർദ്ദിനാൾസംഘത്തിൻെറ ഡീൻ ആയ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമനസ്സുകൊണ്ടു് കാസ്റ്റൽ ഗൊൺഡോൾഫോയിൽ ഒരു "കൊച്ചുസെമ്മിനാരി" ഉൽഘാടനംചെയ്തിരിക്കുന്നു. ഉക്രേനിയൻമാർക്കുവേണ്ടിയുള്ള ഈ സെമ്മിനാരി, ഫ്റാൻസിൽ ലൂറി എന്ന സ്ഥലത്തു വിശുദ്ധ ജോൺ ബോസ്കോ സ്ഥാപിച്ചിരുന്ന ഉക്രേനിയൻ ഇൻസ്റ്റിററ്യൂട്ടിൻെറ ഒരു തുടർച്ചമാത്രമാണു്. കഴിഞ്ഞ ജൂൺമാസത്തിൽ ഇൻസ്റ്റിററ്യൂട്ട് നിർത്തേണ്ടിവന്നപ്പോൾ അവിടത്തെ വിദ്യാർത്ഥികളെയും റിക്കാർഡുകളും കാസ്റ്റൽ ഗൊൺഡോൾഫോയിലേക്കു മാററുകയാണു ചെയ്തതു്. ബിസൻറയിൻറീത്തിലുള്ള സലേഷ്യൻവൈദികരുടെ കീഴിൽ അവർ അവിടെ അദ്ധ്യയനം തുടരുകയായിരുന്നു.

## കുടുംബസൗഭാഗ്യ പരിശീലനം

മാൾട്ടായിലെ കാനാകോൺഫറൻസിൻെറ ആഭിമുഖ്യത്തിൽ "കുടുംബസൗഭാഗ്യ"ത്തിനുള്ള ഒരു പരിശീലനക്ലാസ് ആരംഭിച്ചിരിക്കുന്നു. ഗവർണ്ണരുടെ പത്നി ലേഡി ലേക്കോക്കു് ഉൽഘാടനം ചെയ്ത ഈ പരിശീലനകോഴ്സ് 5 മാസത്തേക്കുണ്ടായിരിക്കുന്നതും തയ്യൽ, അലക്കു്, പാചകം, നേഴ്സിങ്ങ്, തുന്നൽ, ശിശുപരിചരണം, അലങ്കരണം, ശുചീകരണം. പ്രഥമശുശ്രൂഷ മുതലായവയിൽ പരിശീലനം നൽകുന്നതുമാണു്. 1500-ലധികം ദമ്പതികൾ ഇതിൽ സംബന്ധിക്കുന്നുണ്ടു്. ഈ കോഴ്സിൽ ഏററവും കൂടുതൽ ഹാജരുള്ള വിദ്യാർത്ഥിക്കു സിംഗർകമ്പനിക്കാർ ഒരു തയ്യൽയന്ത്രം സമ്മാനിക്കുന്നതാണു്.

## വിദേശവാർത്തകൾ

ലിവർപൂളിൽ ഗിൽഡ് ഓഫ് സെൻറു ജോൺ ബോസ്കോ എന്ന പേരിൽ കത്തോലിക്കാ യുവപ്രവർത്തകരുടെ ഒരു സംഘടന രൂപവത്കൃതമായിരിക്കുന്നു. ഇടവകവികാരിയുടെ നിർദ്ദേശമനുസരിച്ചുള്ള പ്രേഷിതപ്രവർത്തനങ്ങൾ നിർവ്വഹിക്കുകയെന്നതാണു സംഘടനയുടെ ഉദ്ദേശ്യം. വളരെയധികം യുവതീയുവാക്കന്മാർ ഇതിൽ അംഗങ്ങളായി ചേർന്നിരിക്കുന്നു.

—പരിശുദ്ധപിതാവിൻെറ കഴിഞ്ഞ ക്രിസ്തുമസ് സന്ദേശം, അമേരിക്കൻ കോൺഗ്രസ് രേഖകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സോവ്യററു് ഭീഷണിക്കെതിരായി സ്വതന്ത്രലോകത്തോടുള്ള പരിശുദ്ധപിതാവിൻെറ ആഹ്വാനം ലോകസമാധാനത്തിനുള്ള അത്യുത്തമമായ ഒരു സംഭാവനയാണെന്നും അതിനാൽ അതു കോൺഗ്രസ് റിക്കാർട്ടുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്നും ന്യൂയോർക്ക പ്രതിനിധി മി. കെ. ബി. കീററിങ്ങാണു് കോൺഗ്രസിൽ ആവശ്യപ്പെട്ടതു്.

—ചൈനയിൽ യൂട്സെ രൂപതയിലെ ബിഷപ്പ് യാങ്ങ് കുവാങ്ങ സിഹിയേയും, തെയുവാൻ രൂപതയിലെ വികാരിജനറാൾ മോൺ: ജോൺ ബാപ്റ്റിസ്റ്റ്ഹോയേയും കമ്മ്യൂണിസ്റ്റുകാർ അറസ്റ്റുചെയ്തിരിക്കുന്നു.

—സുകുമാരകലകൾക്കുള്ള ഹോളണ്ടിലെ ഇക്കൊല്ലത്തെ വാർഷികഎവാർഡ് ഫാദർ എഗ്ബെർട്ട് ഡെക്കേഴ്സ് എന്ന വൈദികനു ലഭിച്ചിരിക്കുന്നു.

—ജപ്പാനിലെ 545 കത്തോലിക്കാവിദ്യാലയങ്ങളിൽ പഠിക്കുന്ന 1,09,000 വിദ്യാർത്ഥികളിൽ 98000 പേരും അകത്തോലിക്കരാണു്.

—ഫ്ളോറൻസു നഗരത്തിൽനിന്നുള്ള ഒരു നിവേദകസംഘം മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ചു് 100 പെട്ടി വസ്ത്രങ്ങളും 1500 വൈദ്യസാമഗ്രികളും 125 മിലാൻകേക്കുകളും 20 ലക്ഷം ലീരായുടെ ഒരു ചെക്കും സമർപ്പിക്കുകയുണ്ടായി. ഹംഗേറിയൻ അഭയാർത്ഥികൾക്കുവേണ്ടിയുള്ള ഈ സംഭാവനകൾ പോണ്ടിഫിക്കൽ എയിഡ് ഓർഗനൈസേഷനെ ഏല്പിച്ചിരിക്കുന്നു.

—ഫാദർ പാട്രിക് പേററൻ കുടുംബജപമാല പ്രാർത്ഥനാപ്രസ്ഥാനം ആരംഭിച്ചിട്ട് 15 കൊല്ലമായല്ലൊ. പ്രതിദിനം ജപമാല ചൊല്ലിക്കൊള്ളാമെന്നു ഒരുകോടി കുടുംബങ്ങൾ പ്രതിജ്ഞാപത്രത്തിൽ ഒപ്പിട്ടുകഴിഞ്ഞിട്ടുണ്ടു്. ഈ പ്രസ്ഥാനത്തിനുവേണ്ടി ഫാദർ പേററൻ ഇതിനകം 5 ലക്ഷം മൈൽ യാത്രചെയ്തിരിക്കുന്നു.

—ക്രിസ്തുരാജ അന്താരാഷ്ട്രീയ കോൺഗ്രസ് ഇക്കൊല്ലം ആഗസ്റ്റ് 9 മുതൽ 13 വരെ തീയതികളിൽ ഫാത്തിമായിൽവച്ചു കൂടുന്നതാണു്. "ആധുനികലോകത്തിൽ ക്രിസ്തുവിൻെറ രാജ്യം" എന്നതാണു് ചർച്ചാവിഷയം. ബിഷപ്പ് ഫുൾട്ടൻ ഷീൻ ഒരു പ്രാസംഗികനായിരിക്കും.

—ഫ്റാൻസിലെ "ദി ലിററിൽ സിംഗേഴ്സ് ഓഫ് ദി വുഡൻ ക്രോസ്" എന്ന കുട്ടികളുടെ ഗായകസംഘം ഒരു ലോകപര്യടനത്തിനു പുറപ്പെട്ടിരിക്കുന്നു. യാത്ര പുറപ്പെടുന്നതിനു മുൻപു തങ്ങളുടെ ഉപകർത്രിയായിരുന്ന മാഡംകോട്ടിയുടെ (ഫ്റഞ്ചുപ്രസിഡൻറിൻെറ പത്നി) കുഴിമാടത്തിങ്കൽ അവർ ഒരു പുഷ്പമാല്യം അർപ്പിക്കുകയുണ്ടായി.

—സുഡാനു് ഒരു ഭരണഘടന എഴുതിയുണ്ടാക്കുവാൻ നിയുക്തമായിരിക്കുന്ന കമ്മിററിയിലെ ഒരംഗമായി ഫാദർ സാത്തൂർണിയോ ലോഹൂർ എന്ന കത്തോലിക്കാ വൈദികനെ നിയമിച്ചിരിക്കുന്നു.

—ചൈനാ കമ്മ്യൂണിസ്റ്റധീനമാകുന്നതിനുമുൻപു് 5916 വിദേശമിഷനറിമാരാണു് ചൈനയിലുണ്ടായിരുന്നതു്. അവരിൽ 23 പേർ മാത്രമേ ഇപ്പോൾ അവശേ

ഷിച്ചിട്ടുള്ള. അവരിൽതന്നെ 7 പേർ ജയിലിലാണ്; 11 പേർ കന്യാസ്ത്രീകളാണ്.

(12-ാംപേജ് തുടർച്ച)

ഈശോയെ അവൾ തൻെറ ഹൃദയമണവാളനായി സ്വീകരിച്ചു ഈശോയെ കൈയിലെടുക്കുന്നതിനും, ഈശോയെ ആലിംഗനം ചെയ്യുന്നതിനും, ഈശോയുമായി സംഭാഷിക്കുന്നതിനും അവൾക്കു സാധിച്ചു. ആദ്യമായി അവൾ ദിവ്യകാരുണ്യം സ്വീകരിച്ചപ്പോൾ ഉണ്ടായിരുന്ന ഹൃദയവിശാലതയും, കമ്മധീരതയും, അതുല്യസന്തോഷവും, സഹനസന്നദ്ധതയും അവളുടെ ജീവിതത്തിൽ എന്നെന്നും നിലനിന്നു.

കമ്മലമാത്തിൻെറ വൻപിച്ച ഭിത്തികൾക്കുള്ളിൽ ഒളിഞ്ഞിരുന്നുകൊണ്ട് ഈശോയുമായി സ്നേഹസംഭാഷണങ്ങൾ നടത്തുകയും ഒരു കൊച്ചുകുട്ടിയെപ്പോലെ ഈശോയുമായി സ്നേഹസമ്പക്കം പുലത്തുകയും ചെയ്തിരുന്നു. കൊച്ചുകുട്ടികളെയാണ് ഈശോയ്ക്കു അതിവത്സല്യമെന്നും അതുകൊണ്ട് ഒരു കൊച്ചുകുട്ടിയുടെ നിഷ്കളങ്കമനഃസ്ഥിതിയാണ് തനിക്കു വേണ്ടതെന്നും മനസ്സിലാക്കി അവൾ എന്നും ഒരു കൊച്ചുകുട്ടിയെപ്പോലെ ആത്മീയശിശുത്വം പാലിച്ചു ജീവിച്ചു. അവളുടെ നിമ്മലഹൃദയം ഒരിക്കലും പാപത്താൽ മലിനപ്പെട്ടിട്ടില്ല. ക്ഷയരോഗിണിയായി കിടക്കുന്ന അവസരത്തിൽ ചുമയ്ക്കുമ്പോഴും, രക്തംതുപ്പുമ്പോഴും, നെഞ്ചുവേദനിക്കുമ്പോഴും അവളുടെ ഹൃദയം ഈശോയോടുള്ള സ്നേഹത്താൽ ജ്വലിച്ചുകൊണ്ടിരുന്നു. അങ്ങിനെ അവൾ, ഈശോയ്ക്കു ഇഷ്ടപ്പെട്ട ഒരു ചെറുപുഷ്പമായിത്തീന്നു.

ഈശോയോടുള്ള സ്നേഹത്തിൻെറ ദിവ്യസന്ദേശം ക്രൈസ്തവഹൃദയങ്ങളിൽ പകന്നുകൊടുത്തുകൊണ്ട് ആ ദിവ്യതരുണീരത്നം ഇഹത്തിൽനിന്നു അതിശീഘ്രം സ്വഗ്ഗത്തിലേക്കു പ്രയാണംചെയ്തു. ആ സന്ദേശംതന്നെ ഇന്നും സ്നേഹറാണിയായ ചെറുപുഷ്പം ലോകത്തിൽ ഉദീരണംചെയ്തുകൊണ്ടിരിക്കുന്നു.


“കാളൻ’സ് ലഘുലേഖ”
സൗജന്യം. എഴുതുക:
കാളൻ
നെല്ലായി (S. India)

## ഇടവകവാത്തകൾ

പാലാ: കവീക്കുന്നു സെൻറ് അഗ്രേം സ്കൂളിൻെറ വാർഷികസമ്മേളനം റവ. ഫാദർ ടീഷർ അവർകളുടെ അദ്ധ്യക്ഷതയിൽ സാഘോഷം നടത്തപ്പെട്ടു. അദ്ധ്യാപകൻ ശ്രീ ഏ സി ചാണ്ടി സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗത്തിനുശേഷം ശ്രീ എം. ജോസഫ് വെള്ളാപ്ലാട്ട് അവർകൾ പ്രസംഗിച്ചു കഥാകാലക്ഷേപം, പ്രഹസനം സംഗീതം, ഡാൻസ് മുതലായ വിവിധകലാപരിപാടികളും ഉണ്ടായിരുന്നു. ശ്രീ അഗ്രേം കദളിക്കാട്ടിലിൻെറ കൃതജ്ഞതാപ്രസംഗാനന്തരം സമ്മേളനം സമംഗളം പയ്യവസാനിക്കുകയുണ്ടായി.

തലപ്പുഴ: ഈ ഇടവക കൂവത്തോട്ട് ശ്രീ കെ എം വറുഗീസ് അവർകളുടെ പുത്രൻ വറുഗീസും ഉപ്പുതറ പഴേമഠത്തിൽ ശ്രീ മാത്യു അവർകളുടെ പ്രഥമപുത്രി കുമാരി ഏലിക്കുട്ടിയും തമ്മിലുള്ള വിവാഹം ഉപ്പുതറ സെൻറ് ഫിലോമിനാസ് ദേവാലയത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

## മൂന്നാം ചരമവാർഷികം



പരേതനായ
ശ്രീ തൊമ്മൻ ജോസഫ്
വണ്ടനാക്കര
ചരമം 27—2—1954

പരേതൻെറ ആത്മാനുകൂലാത്ഥം ചരമവാർഷികദിനമായ 1957 ഫെബ്രു: 27-ാംനു- ബുധനാഴ്ച രാവിലെ ഇടവകപ്പള്ളിയിൽ മറപ്രകാരമുള്ള കമ്മാദികൾ നടത്തിക്കപ്പെട്ടു. ദിവ്യകാരുണ്യസ്വീകരണാനന്തരം കുടുംബാംഗങ്ങൾ പരേതൻെറ കല്ലറയിൽ പുഷ്പാച്ചനം നടത്തി തൊമ്മൻ ജോസഫിൻെറ പിതാവ് ശ്രീ വക്കി തോമസ് 4000-ൽ പരം രൂപാ മുടക്കി സ്ഥലം സെൻറ് ജോജ്ജ്സ് ഹോസ്പിററലിന് സംഭാവന ചെയ്ത തൊമ്മൻ ജോസഫ് മെമ്മോറിയൽ മറേറർനിററി വാർഡിൻെറ ഉത്ഘാടനാത്ഥം വൈകുന്നേരം 5-45നു സ്ഥലത്തു് ആഗതനായ കോതമംഗലംമെത്രാൻ മൊററ് റവ. ഡോ. മാത്യു പോത്തനാമുഴി തിരുമേനിയെ ശ്രീ തോമസ് ഹാരമണിയിച്ചു സ്വീകരിച്ചു. തിരുമേനി ഒരു വെള്ളിത്താക്കോൽകൊണ്ടു് വാർഡിൻെറ ഉൽഘാടനം നിർവഹിച്ചു പുതിയ വാർഡിൽ ജോസഫിൻെറ ഒരു ഛായാപടം അനാഛാദനം ചെയ്തു. തദവസരത്തിൽ കോതമംഗലം രൂപതയുടെ വികാരിജനറാൾമൊററ് റവ. മോൺ കുര്യാക്കോസ് നമ്പ്യാപറമ്പിൽ, സ്ഥലം പള്ളി വികാരി റവ. ഫാദർ ജോസഫ് നമ്പ്യാപറമ്പിൽ തുടങ്ങി പത്തോളം വൈദികപ്രമുഖരും, ഹോസ്പിററൽ ഡോക്ടർ ശ്രീ സി ഇ വക്കി എം ബി ബി എസ്, മെഡിക്കൽ സിസ്റ്റേഴ്സ്, ഏതാനും കമ്മചിത്താ സിസ്റ്റേഴ്സ് എന്നിവരും ഒരു വമ്പിച്ച ജനാവലിയും സന്നിഹിതരായിരുന്നു തുടന്നു നടത്തപ്പെട്ട ഗാർഡൻ പാർട്ടിയിൽ അഭിവന്ദ്യതിരുമേനിയുൾപ്പെടെ 80-ൽപരം ബഹുമാന്യാതിഥികൾ സംബന്ധിച്ചു ശ്രീ വക്കി തോമസിൻെറ ഉദാരമായ സംഭാവനയെ അഭിനന്ദിച്ചുകൊണ്ടു് ഡോക്ടർ പ്രസംഗിച്ചു സ്ഥലം ഇൻഫൻറ് ജീസസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാ ഗ്രിഗോരി ററി ക സി ഡി റക്കി തോമസിനുവേണ്ടി കൃതജ്ഞത പറഞ്ഞു. തുടന്നു് അഭിവന്ദ്യമെത്രാൻ തിരുമനസ്സു കൊണ്ടു് ചെയ്തചെറുപ്രസംഗത്തിൽ ആസ്പത്രിയുടെ വളർച്ചയിലും അഭിവൃദ്ധിയിലുമുള്ള സന്തോഷം പ്രകടിപ്പിച്ചു വാർഡു സമ്മാനിച്ച ശ്രീ വക്കി തോമസിനെ അഭിനന്ദിച്ചു താൻ വികാരിയായിരുന്നപ്പോൾ പണിതീർത്ത ആസ്പത്രിയെ വിസ്മരിക്കയില്ലെന്നും ഇതിൻെറ അഭിവൃദ്ധിയിൽ ശ്രദ്ധിക്കുമെന്നും പ്രസ്താവിച്ചു. ആസ്പത്രിയും പ്രസവവാർഡും നാട്ടുകാക്കു് വലിയ ഒരനുഗ്രഹമാണ്. ഈ വാർഡുത്ഘാടനത്തിൻെറ സ്മരണയ്ക്കായി അഭിവന്ദ്യ തിരുമേനിയും ബ. വൈദികരും ഹോസ്പിററൽ സ്റ്റാഫും വണ്ടനാക്കര കുടുംബാംഗങ്ങളും ഉൾപ്പെട്ട ഒരു ഗ്രൂപ്പ് ഫോട്ടായും ഉണ്ടായിരുന്നു.

# പുതിയ നാണയങ്ങൾ

പുതിയ ദശാംശനാണയങ്ങൾ 1957 ഏപ്രിൽ 1 മുതൽ നടപ്പിൽ വരുന്നതാണ്. നിലവിലുള്ള കാൽരൂപാ, അരരൂപാ, ഒരുരൂപാ നാണയങ്ങൾക്കു പുതിയ സമ്പ്രദായത്തിലും മാററമൊന്നും ഉണ്ടായിരിക്കുകയില്ല. ഇപ്പോഴത്തെ നാണയങ്ങൾ, പുതിയവ നടപ്പിൽ വരുന്നതിനുശേഷം 3 വർഷത്തോളം പ്രാബല്യത്തിലുണ്ടാകും. പുതിയവ അധികമധികം ഉപയോഗിച്ചുതുടങ്ങുന്നതോടെ പഴയവ പിൻവലിക്കപ്പെടും.

പത്തു നയാപൈസയും അതിനുകീഴിലുള്ള നാണയങ്ങളുമായിരിക്കും ആദ്യം പ്രചരിപ്പിക്കുക. അതിനാൽ രണ്ടണയും അതിൽ കുറഞ്ഞ നാണയങ്ങളും ആദ്യം പിൻവലിക്കപ്പെടും.

എല്ലാ പുതിയ നാണയങ്ങളുടേയും മുഖവശത്തു അശോകസ്തംഭവും “ഭാരത്” എന്നു ഹിന്ദിയിലും, “ഇന്ത്യ” എന്നു ഇംഗ്ലീഷിലും കൊത്തിയിരിക്കും. മറുഭാഗത്തു അതു അടിച്ച വർഷവും നയാപൈസയിൽ അതിൻെറ വിലയും കുറിച്ചിരിക്കും.

100. 50, 25 നയാപൈസാനാണയങ്ങൾ ശുദ്ധമായ നിക്കൽകൊണ്ടും 10, 5, 2 നയാപൈസാതുട്ടുകൾ 75 ശതമാനം ചെമ്പും 25 ശതമാനം നിക്കലും ചേന്ന ലോഹസങ്കരംകൊണ്ടും ഒരു നയാപൈസ ഓടുകൊണ്ടും ഉള്ളതായിരിക്കുന്നതാണ്. റിസർവുബാങ്ക്, സ്റ്റേററ്ബാങ്ക് ആഫീസുകൾ, ട്രഷറികൾ എന്നിവവഴി ഇവ ജനങ്ങളുടെയിടയിൽ വിതരണംചെയ്യപ്പെടും. 1, 2, 5, 10 നയാപൈസാതുട്ടുകൾ മാത്രമേ ഇപ്പോൾ ഉടനെ പ്രചരിപ്പിക്കുകയുള്ളു.

ഗവമ്മെൻറുകണക്കുകൾ ഏപ്രിൽ 1 മുതൽ ഉറുപ്പിക—നയാപൈസയിലായിരിക്കും സൂക്ഷിക്കുക. അതിനാൽ ഗവമ്മെൻറിനു പണം കൊടുക്കാനുള്ള ചലാനുകളും ഗവമ്മെൻറിൽനിന്നു പണം വാങ്ങാനുള്ള ബില്ലുകളും പുതിയ സമ്പ്രദായത്തിൽവേണം തയ്യാറാക്കാൻ. ഗവമ്മെൻറ് ഏതുതരത്തിലുള്ള നാണയവും സ്വീകരിക്കുമെങ്കിലും കഴിയുന്നത്ര പുതിയ നാണയങ്ങൾതന്നെ നൽകാൻ ശ്രമിക്കുന്നതാണ്.

## മാററനിരക്കുകൾ


മാററനിരക്കുകൾ ജനങ്ങൾക്കു ശരിയായി മനസ്സിലാക്കുന്നതിനു കേന്ദ്രധനകാര്യവകുപ്പ് മാററപ്പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. പണമിടപാടുകൾ നടക്കുന്ന എല്ലാ പ്രധാനസ്ഥലങ്ങളിലും ഇവ ധാരാളം ലഭ്യമാകുന്നതാണ്.

എളുപ്പമായ ഒരു പട്ടിക താഴെകൊടുക്കുന്നു:—

| അണ | ” | കാൽ | അര | മുക്കാൽ |
|---|---|---|---|---|
| | നയാ പൈസാ | | | |
| 0 | 0 | 2 | 3 | 5 |
| ഒന്നു | 6 | 8 | 9 | 11 |
| രണ്ടു | 12 | 14 | 16 | 17 |
| മൂന്നു | 19 | 20 | 22 | 23 |
| നാലു | 25 | 27 | 28 | 30 |
| അഞ്ചു | 31 | 33 | 34 | 36 |
| ആറു | 37 | 39 | 41 | 42 |
| ഏഴു | 44 | 45 | 47 | 48 |
| എട്ടു | 50 | 52 | 53 | 55 |
| ഒൻപതു | 56 | 58 | 59 | 61 |
| പത്തു | 62 | 64 | 66 | 67 |
| പതിനൊന്നു | 69 | 70 | 72 | 73 |
| പന്ത്രണ്ടു | 75 | 77 | 78 | 80 |
| പതിമൂന്നു | 81 | 83 | 84 | 86 |
| പതിനാലു | 87 | 89 | 91 | 92 |
| പതിനഞ്ചു | 94 | 95 | 97 | 98 |
| പതിനാറു | 100 | — | — | — |

1955 ലെ ഇന്ത്യൻ നാണയസമ്പ്രദായ (ഭേദഗതി) നിയമമനുസരിച്ച് രണ്ടണയ്ക്കും അതിനു താഴെയുള്ള നാണയങ്ങൾക്കും തുല്യമായ പുതിയ നാണയങ്ങളില്ല. അതിനാൽ ഇവ തനിച്ചോ മററു നാണയങ്ങളോടൊപ്പമോ മാറുമ്പോൾ അല്പം ലാഭമോ നഷ്ടമോ ഉണ്ടാകും. ഈ തുച്ഛമായ ലാഭമോ നഷ്ടമോ പുതിയ നാണയങ്ങൾ ധാരാളമായി പ്രചരിക്കുന്നതോടെ കുറയുന്നതാണ്. ഏതായാലും ജനങ്ങൾക്കു തങ്ങളുടെ പണം നാലണയോ അതിൻെറ ഗുണകങ്ങളോ ആക്കിമാററി, ഈ നഷ്ടമോ ലാഭമോ കുറയ്ക്കാവുന്നതാണ്. ട്രഷറികളും മററും നാലണയും അതിൻെറ ഗുണകങ്ങളും മാത്രമേ പുതിയ നാണയങ്ങളായി മാററുകയുള്ളു.

## മാതൃകകൾ




ചിത്രത്തിൽ മുകളിലത്തെ രണ്ടു വരികൾ ദശാംശനാണയങ്ങൾ ചിത്രീകരിക്കുന്നു. മുകളിൽ വലത്തുപകുതിയിലുള്ള നാണയങ്ങൾ ഏപ്രിൽ 1-നു പ്രചരിപ്പിക്കപ്പെടും. മറേറ പകുതിയിലുള്ളവ പിന്നീടേ പ്രചാരത്തിൽ വരൂ. മുകളിൽ വലത്തെ മൂലയിൽ പുതിയ നാണയങ്ങളുടെ മുഖവശം കാണിച്ചിരിക്കുന്നു.

താഴത്തെവരി ഒരു മാററപ്പട്ടികയാണ്. ആദ്യവരിയിൽ ഇപ്പോഴത്തെ അരയണയും ഒരണയും രണ്ടണയും തുട്ടുകളാണ്. രണ്ടാംകോളത്തിൽ ഇവയുടെ മാററവിലകൾ കാണിച്ചിരിക്കുന്നു. ഇതിൻെറ രണ്ടാംപകുതിയിൽ മൂന്നണയുടെ മാററനിരക്കു കാണാം.

# മററു ചില മാനസാന്തരങ്ങൾ

(ഏ. പീലിപ്പോസ് എം. ഏ, ബി. എൽ.)

മാനസാന്തരസംഭവങ്ങളെ പരിശോധിക്കുന്നപക്ഷം, വിവിധങ്ങളായ കാരണങ്ങളാലാണ് അവ നടക്കുന്നതെന്നു കാണാവുന്നതാണ്. ചിലർ കാർഡിനൽ ന്യൂമനെപ്പോലെയോ, ഹിപ്പോയിലെ വി. അഗസ്റ്റിനെപ്പോലെയോ തങ്ങളുടെ ബുദ്ധികൊണ്ടു് പല അന്വേഷണങ്ങൾ നടത്തിയശേഷം കത്തോലിക്കാസഭയാണ് സത്യസഭയെന്നറിഞ്ഞു് മാനസാന്തരത്തിനു വഴിപ്പെടുന്നു. മററുചിലർ തങ്ങളുടെ ശുദ്ധവും വിനീതവുമായ മനസ്ഥിതിയിൽനിന്നു അധികമൊന്നും അന്വേഷിക്കാതെയും മാനസാന്തരത്തിനു വഴിപ്പെടുന്നു. "കത്തോലിക്കാസഭയാണ് ദൈവമാതാവിനോടു വളരെ ഭക്തിയുള്ള സഭ. അതുകൊണ്ടുമാത്രമാണ് ഞാൻ ആ സഭയിൽ ചേന്നതു്" എന്നു ഒരാൾ പറഞ്ഞതായി ഞാൻ Our Sunday Visitor-ൽ വായിച്ചതായി ഓക്കുന്നു. ദൈവാത്മാവിൻെറ വിളിയും സ്പർശനവും കൂടാതെ ആക്കും മററു വിശ്വാസത്തിൽനിന്നു കത്തോലിക്കാസഭയിൽ ചേരാൻ സാധിക്കയില്ല എന്നു തീർച്ചയാണ്. "എന്നെ അയച്ച പിതാവു ആകർഷിക്കാതെ ഒരുവനും എൻെറ അടുക്കൽ വരുവാൻ കഴികയില്ല" (യോഹ: 6—44) എന്നു ദിവ്യരക്ഷകൻതന്നെയാണ് പറഞ്ഞിരിക്കുന്നതു്. ഈ ദിവ്യവചനത്തെ സാക്ഷീകരിക്കുന്ന ചില മാനസാന്തരസംഭവങ്ങൾ താഴെ പറയുന്നു.

ഒരിക്കൽ, 1938-ൽ എന്നു തോന്നുന്നു, തിരുവല്ലാ കത്തോലിക്കാസാക്ഷ്യസംഘത്തിൻെറ അംഗങ്ങളായ ഞങ്ങൾ ചെങ്ങന്നൂരിൽ പ്രസംഗിക്കയായിരുന്നു. ജനങ്ങളുടെ സൗകര്യംപ്രമാണിച്ചു് രാത്രിയിലാണ് പ്രസംഗിച്ചതു്. ചിലപ്പോൾ സ്ഥലത്തു താമസിച്ചു് രണ്ടുമൂന്നുദിവസങ്ങൾ അടുപ്പിച്ചു ഞങ്ങൾ പ്രസംഗിക്കും. ഒരുരാത്രി ഞാൻ ചെങ്ങന്നൂരിൽ പ്രസംഗിച്ചുകൊണ്ടുനില്ക്കുമ്പോൾ, കേൾവിക്കാരിൽ ഒരാൾ എഴുന്നേററുനിന്നു ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. ഞാൻ അയാളോടു ഇങ്ങനെ പറഞ്ഞു: "പ്രസംഗമദ്ധ്യേ നിങ്ങൾ ചോദിക്കരുതു്. ഉത്തരം പറയാൻ തുടങ്ങിയാൽ പ്രസംഗം നടക്കയില്ല. അതിനാൽ പ്രസംഗം തീന്നു ഞാൻ ഇരിക്കുമ്പോൾ നിങ്ങൾ ചോദ്യങ്ങൾ ചോദിച്ചുകൊള്ളണം. എന്നിട്ടും അയാൾ ചോദ്യങ്ങൾ ചോദിക്കാൻതുടങ്ങിയപ്പോൾ ഞാൻ നിർബന്ധിച്ചു് അയാളെ ഇരുത്തി. പ്രസംഗം തീന്നശേഷം അയാളുടെ ചോദ്യങ്ങൾക്കു ഞാൻ മറുപടിനൽകി.

അടുത്തദിവസം കാലത്തെ ഞാൻ തനിച്ചു നടക്കാനിറങ്ങി. പമ്പാനദിയിലെ പാലംവരെ നടന്നു് പാലവുംകണ്ടു തിരിച്ചുവരുമ്പോൾ, റോഡരികിലുള്ള ഒരു വീടിൻെറ ഭിത്തിയോടുചേന്നു് റോഡിൽ ഒരാൾനില്ക്കുന്നതായികണ്ടു. ഇന്നലെ എന്നോടു ചോദ്യം ചോദിച്ചതു ഇയാളാണല്ലോ എന്നു മനസ്സിലാക്കിയിട്ടു്, അടുത്തുചെന്നു് "ഇതു നിങ്ങളുടെ വീടാണോ?" എന്നു ഞാൻ ചോദിച്ചു "അതെ" എന്നു മറുപടിപറഞ്ഞു. "നമുക്കു വീട്ടിലോട്ടു കേറാം" എന്നു ഞാൻ പറഞ്ഞിട്ടു ഞങ്ങൾ അകത്തേക്കു കേറി. ഞങ്ങളെ കണ്ടുംകൊണ്ടു് അയൽവീടുകളിൽനിന്നു മൂന്നുനാലു ചെറുപ്പക്കാർകൂടെ കേറിവന്നു. അവരെല്ലാവരും മാർത്തോമ്മാക്കാരും, വീട്ടുടമസ്ഥൻ യാക്കോബായക്കാരനുമായിരുന്നു. വന്നവരുടെ കൂട്ടത്തിൽ മാർത്തോമ്മാസഭയിലെ ഒരു പ്രമുഖാംഗമായിരുന്നു മരിച്ചുപോയ വറുഗീസ് ശിരസ്തദാരുടെ മക്കളുമുണ്ടായിരുന്നു.

ഞങ്ങൾ മതസംബന്ധമായ കാര്യങ്ങളെക്കുറിച്ചു സംസാരിച്ചു. വി. കുർബാനയിലുള്ള നമ്മുടെ കർത്താവിൻെറ തിരുസാന്നിദ്ധ്യം ഞങ്ങൾക്കു വർത്തമാനവിഷയമായിത്തീന്നു. വീട്ടുടമസ്ഥൻ ഉൾപ്പെടെ എല്ലാവരും അതു നിഷേധിക്കുന്നവരായിരുന്നു. ഇതുകണ്ടപ്പോൾ, "ഇവിടെ വേദപുസ്തകമുണ്ടോ?" എന്നു ഞാൻ വീട്ടുടമസ്ഥനോടു ചോദിച്ചു. "ഉണ്ടു്" എന്നു പറഞ്ഞു. എടുത്തുകൊണ്ടുവരാൻ ഞാൻ ആവശ്യപ്പെട്ടു. യോഹന്നാൻെറ സുവിശേഷം 6-ാം അദ്ധ്യായം മദ്ധ്യഭാഗംമുതൽ വായിക്കാൻ ഞാൻ പറഞ്ഞു. അയാൾ വായിക്കുമ്പോൾ ഓരോ വാക്യത്തേയുംപററി എനിക്കു പറയാനുള്ളതു ഞാൻ പറയും അപ്പോൾ ആരും മിണ്ടരുതെന്നു ഞാൻ നിഷ്കർഷമായി പറഞ്ഞു. പിന്നീടു് എന്തും ചോദിക്കാമെന്നും ഞാൻ പറഞ്ഞു. വായിച്ചുകൊണ്ടിരിക്കുമ്പോൾ, മുമ്പുപിമ്പു ബന്ധംനിലനിത്തിയും,

---

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ ജ്യേഷ്ഠത്തിയുടെ മകളുടെ സുഖക്കേടു് മാറിയതിനു് ഉപകാരസ്മരണ.

മിസ്സിസ് തെറീസ ജോൺ,
കോഴിക്കോട്.

---

രചനാരീതി അനുസരിച്ചും, ഞാൻ ഓരോവാക്യത്തിനും എനിക്കു പറയാനുള്ളതു പറഞ്ഞുകൊടുത്തു. വായിച്ചുതീന്നപ്പോൾ വായിച്ച വീട്ടുടമസ്ഥൻ ഇങ്ങനെ പറഞ്ഞു: "ഞാൻ ഈ അദ്ധ്യായം പലപ്രാവശ്യം വായിച്ചിട്ടുണ്ടല്ലോ. എന്നിട്ടും ഈ അത്ഥം എനിക്കു തോന്നിയില്ലല്ലോ." അയാൾ ഹൃദയശുദ്ധിയും, നിഷ്കപടതയുമുള്ളവനാണെന്നും അപ്പോൾതന്നെ എനിക്കു തോന്നി. മററവർ മിണ്ടിയില്ല.

അന്നു വൈകിട്ടും ഗിൽഡുപ്രസംഗങ്ങൾ നടന്നു. രാത്രി വളരെ ഇരുട്ടുന്നതുവരെ ചോദ്യങ്ങൾക്കു മറുപടിയുംപറഞ്ഞു. വീട്ടുടമസ്ഥനും ധാരാളം ചോദിച്ചു. ചോദ്യങ്ങൾ അവസാനിക്കുന്നില്ലെന്നു കണ്ടപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞു: "നിങ്ങൾക്കു ധാരാളം ചോദിക്കാനുള്ളതുകൊണ്ടു് അതിൻെറയെല്ലാം ഉത്തരംപറയാനായിമാത്രം ഞാൻ അടുത്തു വന്നു ഇവിടെ രണ്ടുമൂന്നുദിവസം അതിനായി താമസിക്കാം." ഒന്നുരണ്ടുമാസങ്ങൾ കഴിഞ്ഞു് ഞാനും ഗിൽഡു്സിക്രട്ടറിയുംകൂടെ അവിടെച്ചെന്നു ഒരു വീട്ടിൽ താമസിച്ചു. മുമ്പു ഒരു വീട്ടിൽവച്ചു ചോദിച്ചവർ എല്ലാവരുംതന്നെ ആദ്യദിവസം വന്നു. നാലുമണിക്കുശേഷമേ അവർക്കു വരാൻ സൗകര്യമുണ്ടായിരുന്നുള്ളു. അന്നു ചോദിച്ചതിനെല്ലാം ഞാൻ മറുപടിപറഞ്ഞു. പിന്നത്തെ രണ്ടുദിവസങ്ങളിൽ മുമ്പുപറഞ്ഞ വീട്ടുടമസ്ഥൻമാത്രമേ വന്നുള്ളു. മററുള്ളവരെ ആരേയും കണ്ടേയില്ല. അയാളോടു ആ രണ്ടുദിവസങ്ങളിലും സംശയനിവൃത്തിക്കായി ഉത്തരങ്ങൾ പറഞ്ഞുകൊടുത്തു. അയാൾക്കു ചില കത്തോലിക്കാലഘുപുസ്തകങ്ങൾ അയക്കട്ടേയെന്നു ഞാൻ ചോദിച്ചു. സന്തോഷത്തോടുകൂടി അയാൾ സമ്മതിച്ചു. അതെല്ലാം വായിച്ചു സംശയനിവൃത്തിവരുത്തിയശേഷം ഏതാനും മാസങ്ങൾക്കുള്ളിൽ അയാൾ പുനരൈക്യപ്പെട്ടു. അയാൾ ഇപ്പോഴും ഉറച്ച വിശ്വാസത്തോടുകൂടി കത്തോലിക്കാസഭയിൽ നില്ക്കുന്നു. ചെങ്ങന്നൂർ വടക്കെടത്തുവീട്ടിൽ ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകൻ മി. പി. കെ. തോമസാകുന്നു സ്മൃഷ്ടപുരുഷൻ.

ചെങ്ങന്നൂർ നടന്ന വേറൊരു മാനസാന്തരവും പ്രസ്താവയോഗ്യമാണ്. അതു ആൽത്തറമൂട്ടിൽ മി. കെ. സി. മാമ്മൻെറ മാനസാന്തരമാണ്. അദ്ദേഹം ഗവമ്മെൻറു് മലയാളം ഹൈസ്കൂളിൻെറ റിട്ടയേഡു് ഹെഡു്മാസ്റ്ററായിരുന്നു. ഒരു തികഞ്ഞ പണ്ഡിതൻ. നല്ല പ്രാസംഗികൻ. കോമളഗാത്രൻ. യാക്കോബായസഭയിലെ സ്ഥലത്തെ ഒരു പ്രമുഖാംഗം. ഈ നിലകളിൽ നിലയും വിലയുമുള്ള ഒരാളായിരുന്നു. റീത്തുപ്രസ്ഥാനം യാക്കോബായസഭയെ ആക്രമിച്ചു് പലരേയും മാനസാന്തരപ്പെടുത്തുന്നതുകണ്ടിട്ടു് അതിനെ വിഘാതപ്പെടുത്തി യാക്കോബായസഭയെ സംരക്ഷിക്കാൻവേണ്ടി കാലംചെയ്ത പീലക്സീനോസ് (പുത്തൻകാവിൽ മെത്രാനച്ചൻ) തിരുമേനിയോടുകൂടി യോജിച്ചു് സ്ഥലത്തും പരിസരങ്ങളിലും അദ്ദേഹം പല പ്രസംഗങ്ങളും പ്രവത്തനങ്ങളും ചെയ്തിട്ടുണ്ടു്. ഞാൻ ചെങ്ങന്നൂർ ഗിൽഡു്പ്രസംഗം നടത്തുമ്പോൾ അദ്ദേഹത്തെക്കണ്ടു് കത്തോലിക്കാസഭയെപ്പററി പറയണമെന്നു ചിലർ എന്നോടാവശ്യപ്പെട്ടതനുസരിച്ചു് ഞാൻ കണ്ടു സംസാരിച്ചു. ഒരു ഫലവും ഉണ്ടായില്ല. പിന്നീടു് കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം മാനസാന്തരപ്പെട്ടു് കത്തോലിക്കാസഭയിൽ ചേന്നതായി അറിഞ്ഞു. അതിൻെറശേഷം എനിക്കു പിന്നീടു് ചെങ്ങന്നൂക്കു പോകേണ്ട ആവശ്യംപ്രമാണിച്ചു പോയപ്പോൾ മി. മാമ്മൻെറ വീട്ടിൽ അദ്ദേഹത്തെക്കണ്ടു അനുമോദിക്കാനായി ചെന്നു. വത്തമാനം പറഞ്ഞ കൂട്ടത്തിൽ "നിങ്ങൾ മാനസാന്തരപ്പെടാൻ കാരണമെന്താണ്?" എന്നു ഞാൻ ചോദിച്ചു. വിസ്മയകരമായ ഒരു മറുപടിയാണ് എനിക്കു ലഭിച്ചതു്. ആ മറുപടി ഇങ്ങനെയായിരുന്നു: "എൻെറ രണ്ടു മക്കൾ എൻെറ സമ്മതം കൂടാതെ റീത്തിൽചേന്നു. അവരെ പിന്തിരിക്കാൻവേണ്ടി ഞാൻ പല ന്യായങ്ങൾ പറഞ്ഞിട്ടും, അവർ പിന്തിരിയാതെ ഓരോ ഉറച്ച ന്യായങ്ങൾ എന്നോടു പറഞ്ഞുതുടങ്ങി. എന്നാൽ ഞാൻ തന്നെ കത്തോലിക്കാസഭയെപ്പററി നല്ലവണ്ണം പഠിച്ചിട്ടു് ആ സഭയുടെ അടിസ്ഥാനരാഹിത്യത്തേയും അബദ്ധോപദേശങ്ങളേയും വഴിയെ അവരെപ്പറഞ്ഞു മനസ്സിലാക്കി അവരെ പിന്തിരിപ്പിക്കണമെന്നു വിചാരിച്ചുകൊണ്ടു് ഞാൻ കത്തോലിക്കാസഭയുടെ പുസ്തകങ്ങൾ വായിച്ചുപഠിച്ചു അതിൻെറ ഫലമായി അതാണ് സത്യസഭയെന്നു ദൃഢബോദ്ധ്യംവന്നു ഞാൻ മാനസാന്തരപ്പെട്ടു് പുനരൈക്യപ്പെടുകയാണു ചെയ്തതു്." വളരെ സന്തോഷത്തോടുകൂടി അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിച്ചു. ഈ കൃപയ്ക്കു ദൈവത്തെ സ്തുതിച്ചുകൊണ്ടു് ഞാൻ തിരിച്ചുപോന്നു. കുറെ വർഷങ്ങൾകഴിഞ്ഞു് അദ്ദേഹം ഭാഗ്യമരണം പ്രാപിക്കയുംചെയ്തു. ദൈവമേ, നീ എത്ര വലിയവൻ! നിനക്കു തിരഞ്ഞെടുക്കപ്പെട്ടവരെ ഏതെല്ലാം വിധത്തിൽക്കൂടെ നീ സഹായിച്ചു് അങ്ങനെയുള്ളവരുടെ ആത്മാക്കളെ രക്ഷിക്കുന്നു!

---

## കൃതജ്ഞത

വി. ഗീവർഗീസ് സഹദായുടെ സഹായത്താൽ മരണാപകടത്തിൽ എത്തിയ ഒരു പ്രസവം സുഖമായിക്കഴിഞ്ഞതിനു് അകമഴിഞ്ഞ കൃതജ്ഞത.

General Hospital, Parur.

---

അടുത്തു പറയുന്ന മാനസാന്തരം 1938 ആദ്യം കല്ലൂപ്പാറ വച്ചു നടന്നതാണ്. ഒരു ദിവസം സന്ധ്യമയക്കത്തോടുകൂടി ഞാൻ അഞ്ചിലവിനടുത്തുള്ള പബ്ളിക്കു് റോട്ടിൽക്കൂടെ എൻെറ വീട്ടിലോട്ടു നടന്നുവരികയായിരുന്നു. ഒരാൾ എൻെറകൂടെയുണ്ടായിരുന്നു. അപ്പോൾ വേറൊരാൾ ഞങ്ങൾക്കു എതിരെ റോട്ടിൽക്കൂടിത്തന്നെ നടന്നുവരുന്നു. കുറെ ദൂരെവച്ചു കണ്ടപ്പോൾ എൻെറ കൂടെ ഉണ്ടായിരുന്ന ആ കത്തോലിക്കൻ എന്നോടു ഇപ്രകാരം പറഞ്ഞു:- "ആ വരുന്നയാൾ ഒരു ഉത്തമമനസ്സാക്ഷിയുള്ള യാക്കോബായക്കാരനാകുന്നു. ആ സഭയിലെ ആചാരനിഷ്ഠകൾ നല്ലപോലെ പാലിച്ചു ജീവിക്കുന്ന ആളും ആകുന്നു അയാളോടു കത്തോലിക്കാസഭയെപ്പററി വല്ലതും പറഞ്ഞാൽ ഫലം ഉണ്ടായേക്കും." എനിക്കു ആ ആൾ അതുവരെ തീരെ പരിചിതനല്ലായിരുന്നു. എന്നാലും പറഞ്ഞുനോക്കാമെന്നു വിചാരിച്ചു ഞങ്ങളെ കണ്ടതുകൊണ്ടു് അയാൾ വഴിയിൽ അല്പംനേരം നിന്നു. കിട്ടിയ സ്വല്പസമയംകൊണ്ടു കത്തോലിക്കാസഭയാണു സത്യസഭയെന്നും, ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന സഭ അതാണെന്നും, മററു സഭകൾ എല്ലാം അതിൽനിന്നു പിരിഞ്ഞ ശീശ്മസഭകളാണെന്നും മററും ഞാൻ പറഞ്ഞപ്പോൾ, മുഖവാട്ടത്തോടുകൂടിയെങ്കിലും ശ്രദ്ധിച്ചു അയാൾ കേട്ടു. അതിൻെറശേഷം കത്തോലിക്കാസഭയെപ്പററി ചില ലഘുപുസ്തകങ്ങൾ അയച്ചുതന്നാൽ വായിക്കാമോഎന്നു ഞാൻചോദിച്ചതിനു,വായിക്കാമെന്നു മറുപടി പറഞ്ഞു. ഞാൻ ആ കാലത്തു ചങ്ങനാശ്ശേരിയിൽ താമസിക്കുകയായിരുന്നു. അവിടെ ചെന്നശേഷം, 2-3 ലഘുപുസ്തകങ്ങൾ ഞാൻ ആ ആളിനു അഞ്ചൽവഴി അയച്ചുകൊടുത്തു. പിന്നീടു ഏകദേശം 2 മാസംകഴിഞ്ഞു ആ വഴിയിൽ വച്ചുതന്നെ അയാളെ രണ്ടാമതും കാണാനിടയായി. അപ്പോഴും അയാൾ എന്നെ കണ്ടതുകൊണ്ടു് വഴിയിൽ സ്വല്പനേരം നിന്നു. കത്തോലിക്കാസഭയെപ്പററി അപ്പോഴും ഞാൻ കുറെനേരം സംസാരിച്ചശേഷം ഞാൻ അയച്ച പുസ്തകങ്ങൾ കിട്ടിയോ, വായിച്ചോ എന്നു ചോദിച്ചു വായിച്ചു എന്നു പറഞ്ഞപ്പോൾ, വായിച്ചിട്ടു എന്തു തോന്നി എന്നു ഞാൻ ചോദിച്ചു. അതെല്ലാം സത്യമാണെന്നാണു തോന്നിയതു എന്നു പറഞ്ഞു. കുറെ പുസ്തകങ്ങൾകൂടെ അയക്കട്ടെയോ എന്നു ചോദിച്ചതിനു, അയക്കാൻ സമ്മതിച്ചു പറഞ്ഞു. പിന്നെയും കുറെ ലഘുപുസ്തകങ്ങൾ ഞാൻ അയച്ചുകൊടുത്തു. മൂന്നാമതു കണ്ടപ്പോൾ വിപരീതമൊന്നും അപ്പോഴും പറഞ്ഞില്ല. എന്നാൽ കത്തോലിക്കാസഭയിൽ ചേരുന്നോ എന്നു ഞാൻ ചോദിച്ചു. കുറച്ചു കാലതാമസം വേണമെന്നുമാത്രം പറഞ്ഞു. അതു എന്തിനാണെന്നു ഞാൻ ചോദിച്ചു അപ്പോൾ മാർ സെവേരിയോസ് തിരുമേനി പുനരൈക്യപ്പെട്ടു കഴിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ കൈയാൽ സ്വീകരിക്കപ്പെടണമെന്നാണു ആഗ്രഹം എന്നു പറഞ്ഞു. കുറെ ആഴ്ചകൾക്കുള്ളിൽ അദ്ദേഹത്തിനു ഭരണാധികാരം മാർപ്പാപ്പായിൽ നിന്നു ലഭിച്ചു. അതിനുശേഷം അദ്ദേഹത്തിൻെറ കൈയാൽതന്നെ തിരുസഭയിലേക്കു ആ ആളിൻെറ ആഗ്രഹപ്രകാരം സ്വീകരിക്കപ്പെടുകയും ചെയ്തു. അയാളുടെ ഉത്തമമനസ്സാക്ഷിയെപ്പററി എനിക്കു അറിവുതന്ന ആളിൻെറ അഭിപ്രായം എത്ര ശരിയായിരുന്നുഎന്നു നിഷ്പ്രയാസമായി നടന്ന ഈ മാനസാന്തരം എന്നെ ബോദ്ധ്യപ്പെടുത്തി. അയാൾ ഭാര്യയോടും മക്കളോടുംകൂടി കുടുംബസഹിതമാണു ചേന്നതു്. മാതൃകായോഗ്യമായ ഒരു കത്തോലിക്കാജീവിതം ആ കുടുംബം ഇന്നും നയിച്ചുകൊണ്ടിരിക്കുന്നു. പുനരൈക്യപ്പെട്ട ആ ആൾ മഞ്ഞനാക്കുഴിയിൽ അഞ്ചൽമാസ്റ്റർ മി എം സി എബ്രഹാം ആകുന്നു.

ഇതോടുചേത്തു രേഖപ്പെടുത്തേണ്ട വേറൊരു മാനസാന്തരവും ഉണ്ടു്. അതു 85 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധനായ ഒരു മാന്യൻെറയും അദ്ദേഹത്തോടു അടുത്തു പ്രായമുള്ള അദ്ദേഹത്തിൻെറ ഭാര്യയുടെയും മാനസാന്തരമാകുന്നു. വൃദ്ധനായ ഈ ആൾ എൻെറ പിതാവിൻെറ ഒരു സ്നേഹിതനും, ഞങ്ങളുടെ കുടുംബത്തോടു താല്പര്യമുള്ള ആളും, എന്നോടു വ്യക്തിപരമായ അതിവാത്സല്യമുള്ള ആളുമായിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ വാർദ്ധക്യാവസ്ഥയിൽ ചെന്നു കാണാനായി ഞാൻ ആ വീട്ടിൽ പോയി മററു കാര്യങ്ങൾ പറഞ്ഞശേഷം ഞാൻ ഇങ്ങനെ അയാളോടു പറഞ്ഞു:- "വാർദ്ധക്യം ദൈവം തരുന്ന ഒരനുഗ്രഹമാകുന്നു ആയുസ്സിനെ ഈ ലോകത്തിൽ ദൈവം നീട്ടിക്കൊണ്ടുപോകുന്നതു ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു ആത്മരക്ഷ സമ്പാദിക്കാനായുള്ള മാർഗ്ഗം തുറന്നുതരാൻ വേണ്ടിയാകുന്നു. ആത്മരക്ഷയ്ക്കു ദൈവം സ്ഥാപിച്ച ഏക മാർഗ്ഗം കത്തോലിക്കാസഭമാത്രമാണ്. അതുകൊണ്ടു കത്തോലിക്കാസഭയിൽ [illegible]



ണം." ഒരു മടിയും കൂടാതെ ഉടൻ എന്നോടു പറഞ്ഞ മറുപടി ഇപ്രകാരമാണ്: "എൻെറ കുഞ്ഞു കള്ളംപറയുകയില്ല. എന്നോടു പറഞ്ഞതു നേരാണെന്നു ഞാൻ വിശ്വസിക്കുന്നു. ഞങ്ങളുടെ കുടുംബം അതിരമ്പുഴനിന്നു വന്നവരാണ്. ബ. കമ്മലിത്താ ബർണാർഡ് അച്ചനും ബ. ആലഞ്ചേരിലച്ചനും ഈപ്പച്ചനും ഞങ്ങളും ഒരു കുടുംബക്കാരാണ്. ആ പഴയ സഭയിലേക്കു പോകുന്നതു എനിക്കും ഇഷ്ടമാണ്. അതുകൊണ്ടു് ഞാൻ കത്തോലിക്കാസഭയിൽ ചേർന്നുകൊള്ളാം." ഏതാനും ദിവസങ്ങൾ മാത്രം കഴിഞ്ഞശേഷം. ഭർത്താവും ഭാര്യയും കത്തോലിക്കാസഭയിൽ ചേർന്നു. ചേരുകമാത്രമല്ല, രണ്ടുപേരും കത്തോലിക്ക ഉപദേശം കൂടുതൽ സ്വീകരിച്ചു കുമ്പസാരവും കുർബാനയും സ്വീകരിച്ചു. പിന്നീടു അധികം താമസിയാതെ രണ്ടുപേരും അടുത്തടുത്തു മരിച്ചു ആത്മരക്ഷ സമ്പാദിക്കയും ചെയ്തു. വൃദ്ധനായ ഈ മനുഷ്യൻ (മഞ്ഞയിൽ ചാണ്ടി)മേൽവിവരിച്ച അഞ്ചൽമാസ്റ്റർ മി എബ്രഹാമിൻെറ പിതാവും ഭാര്യ അദ്ദേഹത്തിൻെറ മാതാവുമാണ്. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" എന്നുള്ള നമ്മുടെ രക്ഷകൻെറ വാക്കുകൾ മിസ്റ്റർ അബ്രഹാമിൻെറയും അദ്ദേഹത്തിൻെറ പിതാവിൻെറയും മാനസാന്തരത്തിൽ കണ്ടതുപോലെ ഞാൻ മററു അധികം ആരിലും ഇത്ര അർത്ഥവത്തായി കണ്ടിട്ടില്ല. മററുള്ളവരും അവരെ അനുകരിച്ചു ദൈവസഹായം ലഭിക്കാൻ ശ്രമിക്കട്ടെ. ശ്രമിക്കുന്നവരെ ദൈവം സഹായിക്കാതിരിക്കുകയില്ല. എന്തെന്നാൽ ദൈവത്തിനു വേണ്ടതു നമ്മുടെ ഹൃദയംമാത്രമാണ്. നമ്മുടെ വസ്തുവകകൾ എല്ലാം ദൈവം നമുക്കു തന്നതാണ്. അതൊന്നും ദൈവത്തിനു വേണ്ട. നമ്മുടെ മനസ്സു് അവയിൽ വെക്കാതെ അവയെ തന്ന സ്രഷ്ടാവായ ദൈവത്തിനുമാത്രം മനസ്സിനെയും ഹൃദയത്തെയും നാം കൊടുക്കണമെന്നേ ദൈവം നമ്മോടു ആവശ്യപ്പെടുന്നുള്ളു.

ഇനിയും ഒരു മാനസാന്തരവും കൂടെ പറഞ്ഞിട്ടു ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളാം. വെണ്ണിക്കുളത്തു ഉണ്ടിയിലെ കുഞ്ഞു (മി. ടി. ജി. ഫിലിപ്പ്) പുനരൈക്യപ്പെട്ടെങ്കിലും, കുഞ്ഞിൻെറ അമ്മയും ഭാര്യയും പുനരൈക്യപ്പെടാതിരിക്കുന്നതു്, എപ്പോഴും എന്നെ കുത്തിക്കൊണ്ടിരിക്കുന്ന ഒരു മുള്ളുപോലെയായിരുന്നു.

1936-ലോ 1937-ലോ ഇതിൽ ഒരാണ്ടിൽ എന്നു തോന്നുന്നു, കത്തോലിക്കാ സാക്ഷ്യസംഘത്തിൻെറ (Catholic Evidence Guild) പ്രസംഗം വെണ്ണിക്കുളത്തു ചാരുമൂട്ടിൽ കവലയിൽവച്ചു നടന്നു. മററു അംഗങ്ങൾ പ്രസംഗിക്കുന്നതിനെ ശ്രദ്ധിച്ചുകൊണ്ടു ഞാൻ അവിടെ ഇരിക്കുകയായിരുന്നു. അപ്പോൾകുഞ്ഞിൻെറ അമ്മയുടെ കാര്യം എൻെറ ഓർമ്മയിൽ വന്നു. കുഞ്ഞിൻെറ വീടു അവിടെനിന്നും അധികം ദൂരമല്ല. പ്രസംഗം കഴിഞ്ഞാൽ ഉടനെ അങ്ങോട്ടു പോകുകയെന്നു നിശ്ചയിച്ചു ദൈവാനുഗ്രഹത്തിനായി അവിടെയിരുന്നുകൊണ്ടു മനസ്സിൽ ഞാൻ പ്രാർത്ഥിച്ചു. പ്രസംഗം കഴിഞ്ഞ ഉടൻ വൈകിട്ടു് ആറുമണിയോടുകൂടി നേരെ അങ്ങോട്ടുതന്നെ ഞാൻ പോയി. എഴുപതുവയസ്സിനുമേൽ പ്രായമുള്ള കുഞ്ഞിൻെറ അമ്മ രോഗശയ്യയിൽ കട്ടിലിൽ കിടക്കുകയായിരുന്നു. അടുക്കൽ ഉണ്ടായിരുന്ന ഒരു കസേരയിൽ ഞാനും ഇരുന്നു. കുഞ്ഞും ഭാര്യയും സമീപത്തുണ്ടായിരുന്നു. ഞാൻ കുഞ്ഞിൻെറ അമ്മയോടു ഇങ്ങനെ പറഞ്ഞു: "വാർദ്ധക്യവും രോഗശയ്യയും ശരിയായി ഉപയോഗിച്ചാൽ, ദൈവാനുഗ്രഹം കിട്ടാൻ, ദൈവം തരുന്ന മാർഗ്ഗങ്ങളാണ് അവ. അവയെ ദുരുപയോഗിച്ചാൽ, ദോഷഫലവും ഉണ്ടാകും. അതുകൊണ്ടു ആത്മരക്ഷയ്ക്കുള്ള ഏകമാർഗ്ഗമായ കത്തോലിക്കാസഭയിൽ ചേർന്നു ആ വിശ്വാസം സ്വീകരിച്ചു ആത്മരക്ഷ സമ്പാദിക്കണം." ഓരോരോ ന്യായങ്ങൾ പറഞ്ഞു കഴിഞ്ഞശേഷം, ഒടുവിൽ അവർ ഇങ്ങനെ പറഞ്ഞു: "എനിക്കു രക്തസംബന്ധമുള്ളവരായ ഇപ്പോഴത്തെ കാതോലിക്കാ ബാവായും, വട്ടശ്ശേരിൽ മെത്രാനച്ചനും നില്ക്കുന്നസഭയിൽനിന്നു പിരിഞ്ഞു ഞാൻ വേറൊരു സഭയിൽ എങ്ങനെ ചേരും. കത്തോലിക്കാസഭയിലെപ്പോലെ ആ സഭയിലും രക്ഷകിട്ടുമല്ലോ." എൻെറ ആ ഇരിപ്പിൽതന്നെ ഇരുന്നുകൊണ്ടും, എൻെറ മനസ്സിനെ ദൈവത്തിനു കൊടുത്തുകൊണ്ടും അറിവുകേടിൽനിന്നു പറയുന്ന ഈ വാക്കുകൾക്കു ഞാൻ എന്തുത്തരമാണു കൊടുക്കേണ്ടതെന്നു മനസ്സിൽ ഓർത്തു പ്രാർത്ഥിച്ചു. ദൈവം എനിക്കു അപ്പോൾ തന്ന ദൂതിനെ ഈ വാക്കുകളിൽ ഞാൻ അവരോടു പറഞ്ഞു: "നിങ്ങൾക്കു ഈ ഒരു മകൻ അല്ലാതെയുണ്ടോ?" "ഇല്ലാ" എന്നു മറുപടിപറഞ്ഞു. "അവനെ നിങ്ങൾ സ്നേഹിക്കുന്നതുപോലെ ലോകത്തിൽ ആരെയെങ്കിലും നിങ്ങൾ സ്നേഹിക്കുന്നുണ്ടോ?" "ഇല്ല" എന്നു വീണ്ടും പറഞ്ഞു. "അവൻ നില്ക്കുന്ന സഭയിൽ ആത്മരക്ഷകിട്ടുമെങ്കിൽ, അവനോടുകൂടി ആ സഭയിൽ നില്ക്കുന്നതല്ലെ നിങ്ങൾക്കു നല്ലതു്. നമുക്കു വേണ്ടതു ആത്മരക്ഷമാത്രമാണല്ലോ." ഈ വാക്കുകൾ കേട്ടപ്പോൾ ഏതാനും നിമിഷങ്ങൾ എന്തോ വിചാരിക്കുന്നതുപോലെ മൗനമായിരുന്നശേഷം ഉടൻ പറഞ്ഞതു "ഞാൻ ചേരാം" എന്നായിരുന്നു. എൻെറ ഹൃദയം ഈ വാക്കുകൾ കേട്ടപ്പോൾ സന്തോഷംകൊണ്ടു തുളുമ്പിയിട്ടു് ഞാൻ ഇങ്ങനെ പറഞ്ഞു: "എന്നാൽ അതു കഴിഞ്ഞേ ഞാൻപോകുന്നുള്ളു. ഞാൻ ഇന്നിവിടെ താമസിക്കാം" "എനിക്കു കുറെ ദിവസങ്ങൾകൂടെ വേണം" എന്നു അവർ പറഞ്ഞു. അതുകേട്ടു ഞാൻ സന്തോഷഭരിതനായി തിരികെപോന്നു. പിന്നെ ഏതാനും ദിവസങ്ങൾ കഴിഞ്ഞു അവർ പുനരൈക്യപ്പെട്ടു. അതിനുശേഷം അധികം താമസിയാതെ, ഒരു മാസത്തിനകം എന്നു തോന്നുന്നു, അവർ ഭാഗ്യമരണം പ്രാപിക്കയും ചെയ്തു. ഇതു കേട്ടുനിന്ന കുഞ്ഞിൻെറ ഭാര്യയോടു അപ്പോൾതന്നെ സംസാരിച്ചതിൽ ഫലമുണ്ടായില്ല. അവൾക്കു ദൈവത്തിൻെറ കൃപകിട്ടാൻ കുറെസമയംകൂടെ വേണമെന്നു തോന്നുന്നു. ദൈവം അവരേയും തിരുസഭയിലേക്കു വിളിക്കാൻ ഞാൻ പ്രാർത്ഥിക്കുന്നു.

ഭർത്താക്കന്മാർ കത്തോലിക്കാസഭയിൽ ചേർന്നിട്ടും അവരോടു വിയോജിച്ചു ചേരാതെനില്ക്കുന്ന ഭാര്യമാരോടു ദൈവത്തിൻെറ ഈ ദൂതു ഞാൻ ഒന്നുകൂടെ ആവർത്തിച്ചുപറഞ്ഞുകൊള്ളട്ടെ: "അവർ ഇരുവരും ഒരു ജഡമാകുന്നു. ദൈവം അവരെ കൂട്ടിച്ചേർത്തു. അവരെ ആരും വേർതിരിക്കരുതെന്നു ലോകത്തിൻെറ ആരംഭത്തിൽതന്നെ ദൈവം നിശ്ചയിച്ച കല്പന ഇന്നും ഊർജ്ജിതത്തിൽ ഇരിക്കുന്നു എന്നു നിങ്ങൾക്കു അറിയാമല്ലോ. ഇതിനെക്കാൾ ഏതു ശക്തിയായ ഭാഷയിൽ ഭാര്യാഭർത്താക്കന്മാരുടെ യോജിപ്പിനെ വർണ്ണിക്കാൻ കഴിയും. വിയോജിക്കാനല്ല യോജിക്കാനാണു നിങ്ങളെഭാര്യാഭർത്താക്കന്മാരായി ദൈവം കൂട്ടിച്ചേർത്തതു്. ആ യോജിപ്പിൽനിന്നാണ് ഈ ലോകത്തിലെയും, പരലോകത്തിലെയും ഭാഗ്യവും അനുഗ്രഹവും നിങ്ങൾ സമ്പാദിക്കേണ്ടതു്. യോജിപ്പു ഐശ്വര്യവും, വിയോജിപ്പു അനൈശ്വര്യവുമാണ്. കത്തോലിക്കാസഭയിൽ ആത്മരക്ഷയില്ലെന്നു ലോകത്തിൽ ഒരു സഭക്കാരും പറയുകയില്ല. നിങ്ങളുടെ ഭർത്താക്കന്മാരുടെ സഭയിൽ രക്ഷ കിട്ടുമെങ്കിൽ കുടുംബക്ഷേമത്തെയും, നിങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാഗ്യത്തേയും നന്മയേയും എങ്കിലുമോർത്തു്, ഒരുമിച്ചു പ്രാർത്ഥിക്കാനും, ഒരുമിച്ചു പള്ളിയിൽ പോകാനും മററുമായി, ലോകത്തിനു വികടത്തിൻെറ ഒരു ലക്ഷ്യമായി നിങ്ങളെ പറയാൻ ഇടകൊടുക്കാതെ നിങ്ങളുടെ ഭർത്താക്കന്മാരുടെ സഭയിൽ നിങ്ങളും ചേരേണ്ടതു ആവശ്യമല്ലയോ എന്നു പ്രാർത്ഥിച്ചുകൊണ്ടു ചിന്തിപ്പിൻ. ഒരപ്പത്തിൽനിന്നു ഭക്ഷിക്കാൻ ദൈവം നിങ്ങൾക്കു തരുന്ന അവസരത്തേയും നഷ്ടപ്പെടുത്തരുതു്. ഒന്നുമാത്രമേ കാര്യമായുള്ളു. അതായതു് ആത്മരക്ഷ. അതു കത്തോലിക്കാസഭയിൽ കിട്ടുമെങ്കിൽ നിങ്ങൾ എന്തിനു ഭർത്താക്കന്മാരോടു വിഘടിക്കുന്നു?

"ലോകം നിങ്ങളെ ഭിന്നിപ്പിക്കാൻ കഴിവതും ശ്രമിക്കും. അതു ലോകത്തിൻെറ പതിവാണ്. ഞാനും എൻെറ ഭാര്യയുംകൂടെ പുനരൈക്യപ്പെടാൻ നിശ്ചയിച്ചു കഴിഞ്ഞവിവരം ഒരു മന്യസ്നേഹിതൻ അറിഞ്ഞു. അയാൾ സത്യസഭയുടെ വിരോധിയായിരുന്നു. എങ്ങനെയെങ്കിലും ഞങ്ങളെ ഭിന്നിപ്പിക്കണമെന്നു അയാൾക്കു തോന്നി. ഞങ്ങളുടെ വേറൊരു സ്നേഹിതനെ, ഞാൻ വീട്ടിൽ ഇല്ലാത്ത അവസരത്തിൽ, അതായതു ഞാൻ കച്ചേരിയിൽ ആയിരിക്കുമ്പോൾ, എൻെറ ഭാര്യയുടെ അടുക്കൽ അയാൾ അയച്ചു എൻെറ ഭാര്യയോടു ഇപ്രകാരം അയാളെക്കൊണ്ടു പറയിപ്പിച്ചു. "പിന്നെ കയ്യാലത്തെ ചാക്കോച്ചൻ (കെ. വി. ചാക്കോ) ചേർന്നെങ്കിലും, ചാക്കോച്ചൻെറ ഭാര്യ—അവർ മൂലമണ്ണിൽ പാപ്പിയുടെ പെണ്ണുങ്ങളാണ്—ചേർന്നില്ല. നിങ്ങൾ നെല്ലിമൂട്ടിലെയാണ്. നിങ്ങളും ചേരരുതു്." ഇതാണു ലോകത്തിൻെറ വിദ്യയെന്നു നിങ്ങളും അറിഞ്ഞുകൊള്ളണം. പിശാചിനു കേറാൻ പാടില്ലാത്ത സങ്കേതം ഒന്നുമാത്രമേയുള്ളു. അതായതു്, എന്തുവന്നാലും ഞാൻ ദൈവേഷ്ടം ചെയ്യും, എന്നു ഹൃദയത്തിൽ നിശ്ചയിച്ചുകൊണ്ടു പ്രാർത്ഥിക്കുന്ന ഒരാളിൻെറ ആത്മാവു്. അങ്ങനെയുള്ള ആത്മാവോടുകൂടി നിങ്ങളും പ്രാർത്ഥിച്ചു പിശാചിൻെറ സങ്കേതത്തിൽനിന്നു ഒഴിയണമെന്നു് എത്രയും വിനയമായും, എന്നാൽ എത്രയും ഗൗരവമായും നിങ്ങളോടു അപേക്ഷിച്ചുകൊണ്ടു ഈ ലേഖനം ഞാൻ നിർത്തുന്നു."

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എനിക്കു ജോലി കിട്ടിയതിനു് ഉപകാരസ്മരണ.

പി. എ. തോമാസ്,
എങ്ങണ്ടിയൂർ

# ചോദിച്ചാൽ പറയാം

83. ചോ: ശ്രീ പട്ടശ്ശേരിൽ പൗലൂസുമാപ്പിള എന്നൊരാൾ എഴുതി പ്രചരിപ്പിച്ചിരിക്കുന്ന ഒരു ലഘുലേഖയിൽ "യഹൂദന്മാരുടെ ഇടയിൽ സുവിശേഷം അറിയിക്കുവാനാണു നമ്മുടെ കർത്താവു വിശുദ്ധ പത്രോസിനോടു് ആവശ്യപ്പെട്ടതെന്നും, പത്രോസ് ഒരിക്കലും റോമയിൽ പോയിട്ടില്ലെന്നും" പ്രസ്താവിച്ചിരിക്കുന്നു. ഇതു ശരിയാണോ?

(പി കെ എ നിരണം)

ഉ: ശ്രീ പട്ടശേരിൽ പൗലൂസുമാപ്പിള ലഘുലേഖയിൽ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ, സഭാസംബന്ധമായും ചരിത്രപരമായുമുള്ള കാര്യങ്ങളിൽ അദ്ദേഹത്തിനുള്ള അജ്ഞതയെയാണു് അതു കാണിക്കുന്നതു്. വി. പത്രോസ് യഹൂദരുടെ ഇടയിൽ മാത്രം സുവിശേഷം അറിയിച്ചാൽ മതിയെന്നു നമ്മുടെ കർത്താവു് ഒരിക്കലും അദ്ദേഹത്തോടു പറഞ്ഞിട്ടില്ല. നേരെമറിച്ചു് യൂദാസൊഴികെയുള്ള പതിനൊന്നു് അപ്പസ്തോലന്മാരോടും ക്രിസ്തു കല്പിച്ചതു് "നിങ്ങൾ പോയി സകലജാതികളോടും ഉപദേശിച്ചു്...അവരെ സ്നാനപ്പെടുത്തുവിൻ" (മത്താ: XXVIII,19) "നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടിയിലും എൻെറ സുവിശേഷം അറിയിക്കുവിൻ" (മർക്കോ: XVI, 15) എന്നാണു്. മററു് അപ്പസ്തോലന്മാർക്കു കൊടുത്തിരിക്കുന്ന കല്പനതന്നെയാണല്ലോ ഇവിടെ വിശുദ്ധ പത്രോസിനും സിദ്ധിച്ചിരിക്കുന്നതു്. അതു ലോകമെങ്ങുംപോയി എല്ലാ ജാതികളോടും സുവിശേഷം പ്രസംഗിക്കുവാനാണു്; യൂദന്മാരോടുമാത്രം പ്രസംഗിക്കുവാനല്ല.

എന്നാൽ പത്രോസിനു മറെറാരു നിർദ്ദേശംകൂടി നൽകിയതായി വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ടു്. പത്രോസ് യോപ്പേപട്ടണത്തിൽ തോൽകൊല്ലനായ ശിമയോൻെറ വീട്ടിൽ പാർക്കുമ്പോൾ അദ്ദേഹത്തിനു ഒരു ദർശനമുണ്ടായി. ഭൂമിയിലെ സകല നാൽക്കാലികളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പക്ഷികളെയും കാണിച്ചുകൊണ്ടു് അവയിൽ ഇഷ്ടമുള്ളതു ഭക്ഷിക്കുവാൻ ഒരു സ്വരം ദർശനത്തിൽ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. ദൈവം ശുദ്ധീകരിച്ചവയെ മലിനമായി ഗണിക്കരുതെന്നും അരുളപ്പാടുണ്ടായി. ഈ ദർശനം 3 പ്രാവശ്യം ആവർത്തിച്ചു. സകലജാതികളെയും ദൈവത്തിൻെറ സഭയിലേക്കു സ്വീകരിക്കണമെന്നാണ് ഇതിൻെറ അർത്ഥമെന്നു് (നടപടി X 35) പത്രോസു മനസ്സിലാക്കി. അങ്ങനെ ആദ്യമായി കൊർണീലിയസ് എന്ന പുറജാതിക്കാരനെ സഭയിലേക്കു സ്വീകരിക്കുകയും ചെയ്തു. ഇതിൽനിന്നു പുറജാതികളുടെ ഇടയിൽ സുവിശേഷം അറിയിക്കുവാൻ വിശുദ്ധ പത്രോസ് പ്രത്യേകം നിയുക്തനായിരിക്കുന്നുവെന്നു സ്പഷ്ടമാണല്ലോ.

ഇനി വി. പത്രോസിൻെറ റോമാനിവാസത്തെപ്പററിയാണെങ്കിൽ, അക്കാലത്തെ ചരിത്രത്തെപ്പററി അല്പമെങ്കിലും പിടിപാടുള്ളവരാരും ഇന്നു് അതിനെ നിഷേധിക്കുന്നില്ല. "വി. പത്രോസ് തൻെറ ജീവിതസായാഹ്നത്തിൽ റോമയിൽ വേലചെയ്യുകയും, അവിടെ രക്തസാക്ഷിത്വംമൂലം തൻെറ ഭൗതികജീവിതം അവസാനിപ്പിക്കുകയും ചെയ്തുവെന്നതു അവിതർക്കിതമായവിധം തെളിയിക്കപ്പെട്ടിട്ടുള്ള ഒരു ചരിത്രവസ്തുതയാകുന്നു" എന്നാണു കാത്തലിക് എൻസൈക്ലോപീഡിയാ പറയുന്നതു്. ഒന്നും രണ്ടും നൂററാണ്ടുകളിലെ, വിവിധരാജ്യങ്ങളിൽനിന്നുള്ള വിഭിന്നങ്ങളായ തെളിവുകൾ ഈ ചരിത്രവസ്തുതയെ അവിതർക്കിതമായവിധം അനുകൂലിക്കുന്നുണ്ടു്. ഒന്നാം നൂററാണ്ടിൽതന്നെ ഈ വസ്തുത എങ്ങും അറിഞ്ഞിരുന്നുവെന്നാണു ഈ തെളിവുകൾ ചൂണ്ടിക്കാണിക്കുന്നതു്.

റോമയിലെ ക്ലെമൻറു് (95-97) കൊറിന്ത്യാക്കാർക്കു് എഴുതിയിട്ടുള്ള ലേഖനത്തിൽ, അനേകം കഷ്ടതകൾ സഹിച്ചു് സത്യത്തിനു സാക്ഷ്യം വഹിച്ചു് "ഞങ്ങളുടെ ഇടയിൽ" മഹത്വത്തിൻെറ സ്ഥലത്തേക്കു പ്രവേശിച്ച പത്രോസു പൗലോസു ശ്ലീഹന്മാരുടെ മാതൃകയെ ചൂണ്ടിക്കാണിക്കുന്നുണ്ടു്. പീഡനാർത്ഥം ഏ. ഡി. 117-ൽ റോമയിലേക്കു കൊണ്ടുവരപ്പെട്ട അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് റോമാക്കാർക്കു നൽകിയ ഉദ്ബോധനത്തിൽ "പത്രോസ് പൗലോസുമാരെപ്പോലെ ഞാൻ നിങ്ങളോടു കല്പിക്കുകയല്ല; അവർ ശ്ലീഹന്മാരായിരുന്നപ്പോൾ ഞാൻ ഒരു വെറും തടവുകാരനാണ്" എന്നു പ്രസ്താവിച്ചിരിക്കുന്നു. അധികാരപൂർവ്വം അവരോടു കല്പിക്കത്തക്കവണ്ണം പത്രോസ് പൗലോസ് ശ്ലീഹന്മാർ അവിടെ ശ്ലീഹന്മാരായിരുന്നുവെന്നാണല്ലോ ഇതിൻെറ അർത്ഥം.

കൊറിന്തിലെ ദിവന്നാസ്യോസ് മെത്രാൻ (165-174) റോമായിലെ സഭയ്ക്കു എഴുതിയ ഒരു കത്തിൽ പത്രോസും പൗലോസും റോമായിൽ സുവിശേഷം പ്രസംഗിച്ചതായി പ്രസ്താവിച്ചിരിക്കുന്നു. "എന്തെന്നാൽ അവർ ഇരുവരും എങ്ങനെ ഇററലിയിൽ ഒരേ സ്ഥലത്തു് പഠിപ്പിക്കുകയും ഒരേ സമയം വേദസാക്ഷിത്വം പ്രാപിക്കുകയും ചെയ്തുവോ അതുപോലെ തന്നെ ഒരുമിച്ചു കൊറിന്തിൽ സുവിശേഷവിത്തു വിതയ്ക്കുകയും, ഞങ്ങളെ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു" എന്നദ്ദേഹം എഴുതുന്നു. വിശുദ്ധ യോഹന്നാൻെറ ശിഷ്യനായ പൊളിക്കാർപ്പിൻെറ ശിഷ്യനായ ലയൺസിലെ ഇസിദോർ (ഏ. ഡി. 177) പ്രസ്താവിക്കുന്നു: "പത്രോസും പൗലോസുമെന്ന ഏററം മഹനീയരായ രണ്ടു് അപ്പസ്തോലന്മാരാൽ റോമയിലെ സഭ സ്ഥാപിക്കപ്പെടുകയും ക്രമീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ. എല്ലാവർക്കും അറിയപ്പെട്ടിട്ടുള്ള ഏററം മഹത്തും ഏററം പ്രാചീനവുമായ സഭ അതാകുന്നു." അലക്സാന്ത്രിയായിലെ വിശുദ്ധ ക്ലെമൻറു് (ഏ. ഡി. 190) പഠിപ്പിക്കുന്നു: "പത്രോസു് ദൈവവചനം റോമയിൽ പ്രഖ്യാപിക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തപ്പോൾ, പത്രോസിനെ തൻെറ യാത്രകളിൽ അനുഗമിച്ചിരുന്ന മർക്കോസിനോടു്, അപ്പസ്തോലന്മാർ തങ്ങളെ പഠിപ്പിച്ചവ എഴുതിത്തരുവാൻ ജനക്കൂട്ടം ആവശ്യപ്പെട്ടു."

"നീ വയസ്സൻ ആകുമ്പോഴോ നീ നിൻെറ കൈകൾ നീട്ടുകയും, മറെറാരുത്തൻ നിൻെറ അരകൾ കെട്ടി നീ ഇച്ഛിക്കാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും" എന്നു നമ്മുടെ കർത്താവു (യോഹ: XXI, 18) പത്രോസിനോടു പറഞ്ഞിരിക്കുന്നതു്

(ശേഷം -3ാംപേജിൽ)

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

# ലൂർദ്ദിലേക്ക് ഒരു യാത്ര

(ജെ. എസ്. ഡി. അൽമെയിഡാ)

ഡോക്ടർ അലക്സീസ് കാറൽ എഴുതിയിട്ടുള്ള ഒരു ഗ്രന്ഥമാണ് "ലൂർദ്ദിലേക്ക് ഒരു യാത്ര." ലൂർദ്ദിലെ ഗ്രോട്ടോയിൽവെച്ചു ആസന്നമരണയായ ഒരു പെൺകുട്ടി അത്ഭുതകരമായി രോഗശമനം പ്രാപിച്ചപ്പോൾ, യുവാവും യുക്തിവാദിയുമായ ഒരു ഡോക്ടർക്കുണ്ടായ പ്രത്യാഘാതങ്ങളെ ഈ ഗ്രന്ഥത്തിൽ അദ്ദേഹം വിവരിച്ചിരിക്കുന്നു. ശാസ്ത്രീയജ്ഞാനത്തിന്റെ പരിധികളുള്ളിൽ, അവളുടെ രോഗം പൊറുക്കുന്നതല്ലെന്നു ബോദ്ധ്യമായി. അവൾ ലൂർദ്ദിലേക്കു പുറപ്പെടുന്നതിനുമുൻപു അവളെ പരിശോധിച്ച ഡോക്ടർമാരും, അവൾ രോഗവിമുക്തി പ്രാപിച്ച ദിവസംതന്നെ അവളെ പരിശോധിച്ച ഡോക്ടർമാരും ഏതു നിമിഷത്തിലും അവൾ മരിക്കാമെന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു. ഒരു സ്റ്റ്രെച്ചറിൽ അവളെ ഗ്രോട്ടോയിലേക്കു എടുത്തുകൊണ്ടുപോയപ്പോഴത്തെ അവളുടെ സ്ഥിതി അത്തരത്തിലുള്ളതായിരുന്നു.

ലോകപ്രസിദ്ധനായ ഒരു ശാസ്ത്രകാരനാണു ഡോക്ടർ അലക്സിസ് കാറൽ. അദ്ദേഹത്തിന്റെ സത്യസന്ധതയേയും പാണ്ഡിത്യത്തേയും ശാസ്ത്രജ്ഞാനത്തേയും ഇതേവരെ ആരും ചോദ്യംചെയ്തിട്ടില്ല. ഒരു നിരീശ്വരനായിട്ടാണ് അദ്ദേഹം ലൂർദ്ദിലേക്കു പോയതു്. ലൂർദ്ദിൽ നടക്കുന്നതു എന്താണെന്നു നേരിട്ടു കാണണമെന്നതായിരുന്നു അദ്ദേഹത്തിന്റെ യാത്രയുടെ ഉദ്ദേശ്യം. ഒരു ഡോക്ടരുടെ നിഷ്പക്ഷമായ ചിത്തവൃത്തിയോടുകൂടി രോഗിണിയെ രോഗശാന്തിക്കു മുൻപും പിൻപും അദ്ദേഹം പരിശോധിക്കുകയുണ്ടായി. തന്റെ മനസ്സിന്റെ അന്വേഷണാത്മകമായ സ്ഥിരനിഷ്ഠയോടുകൂടി സംഗതികളെയും സംഭവങ്ങളെയും അദ്ദേഹം അപഗ്രഥിച്ചുനോക്കി. ഒരു ഡോക്ടരും അവിശ്വാസിയുമായ അദ്ദേഹം ശാസ്ത്രത്തിന്റെയും, വിശ്വാസത്തിനെതിരായി ശാസ്ത്രം നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിന്റെയും ഒരു പ്രതീകമായി അവിടെ നിലകൊണ്ടിരുന്നു.

ലൂർദ്ദിൽ നടക്കുന്ന അത്ഭുതകരമായ രോഗശാന്തികളെ, ദൈവത്തിന്റെ സഹായംകൂടാതെ, ശാസ്ത്രത്തിനു എങ്ങനെ വിശദീകരിക്കുവാൻ സാധിക്കുമെന്നു കണ്ടുപിടിക്കുന്നതിനാണു അദ്ദേഹം ലൂർദ്ദിലേക്കു പോയതു്. ചുരുവിലുള്ള രോഗശാന്തികൾ, വിശ്വാസപ്രേരണമൂലമുള്ള രോഗശാന്തികൾ, മനശ്ശാസ്ത്രപരമായ സ്വാധീനതമൂലമുള്ള രോഗശാന്തികൾ ഇതൊന്നും ഭൗതികവാദിയായ ഈ യുവഡോക്ടരെ തൃപ്തിപ്പെടുത്തുമായിരുന്നില്ല. "അത്ഭുതങ്ങ"ളെന്നു പറയപ്പെടുന്നവയെ കേവലം ശാസ്ത്രീയസിദ്ധാന്തങ്ങളായി മാററുവാൻ സാധിക്കുമോയെന്നു നോക്കുക. ഇതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ആ അത്ഭുതരോഗശാന്തി നടന്നപ്പോൾ, ആസന്നമരണയായ രോഗിണിയുടെ തൊട്ടടുത്തു് അദ്ദേഹം നിൽപ്പുണ്ടായിരുന്നു. പരിപാവനമായ ആ ഗ്രോട്ടോയിലെ ശുഭ്രനിറത്തിലുള്ള കന്യകാമാതാവിന്റെ സ്വരൂപത്തിനു മുമ്പിൽ, ആ രോഗിണി, മരണത്തിന്റെ പടിവാതിൽക്കലെ അബോധാവസ്ഥയിൽനിന്നു്, പൂർണ്ണസുബോധാവസ്ഥയിലേക്കു വരുന്നതു് അയാൾ കണ്ടു. ശോഷിച്ചു നിർജ്ജീവമായിരുന്ന ആ ശരീരത്തിൽനിന്നു ഇറങ്ങിപ്പൊയ്ക്കൊണ്ടിരുന്ന ജീവൻ പെട്ടെന്നു ശരീരത്തിലേക്കു തിരിച്ചുവരുന്നതും അവളുടെ ശുഷ്കിച്ച വദനങ്ങൾക്കു നിറവും, ഇരുണ്ട കണ്ണുകൾക്കു പ്രകാശവും നൽകുന്നതും അദ്ദേഹം കണ്ടു. അനേകകൊല്ലങ്ങളായി കിടക്കയിൽതന്നെ കഴിച്ചുകൂട്ടുകയായിരുന്ന അവൾ, കിടക്കയിൽനിന്നു പകുതി തന്നെത്തന്നെ ഉയർത്തി, വ്യക്തവും സ്ഫുടവുമായ സ്വരത്തിൽ പറഞ്ഞു: "എനിക്കു സുഖം തോന്നുന്നു." അവളുടെ രോഗശാന്തിയുടെ അപ്രമാദകമായ ആദ്യത്തെ അടയാളം അതായിരുന്നു.

ആ യുവഡോക്ടർക്കു തന്റെ കണ്ണുകളെ വിശ്വസിക്കുവാൻ സാധിച്ചില്ല. എന്നിരുന്നാലും അദ്ദേഹം വികാരാധീനനായിത്തീർന്നില്ല. അവസാനംവരെ ശാസ്ത്രത്തെയും, അതിന്റെ ലൗകായതികമായ ചിന്താഗതിയെയും മുറുകെപ്പിടിക്കുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. ഈ രോഗവിവരം അറിയുകയും അവളെ പരിശോധിക്കുകയും ചെയ്തിട്ടുള്ള ഡോക്ടർമാരുടെ ഒരു കോൺഫറൻസ് അദ്ദേഹം വിളിച്ചുകൂട്ടി. അവർ അവളുടെ നാഡി പിടിച്ചുനോക്കുകയും ഹൃദയമിടിപ്പു പരിശോധിക്കുകയും ചെയ്തു. ഏതാനും മണിക്കൂറുകൾക്കു മുൻപു മരണത്തിന്റെ അതിർത്തിയിലെത്തിയിരുന്ന അവ ഇപ്പോൾ സാധാരണമനുഷ്യരുടേതിനു തുല്യമായിത്തീർന്നിരിക്കുന്നു. പൊറുക്കാത്ത ഒരു വ്യാധിമൂലം വളരെ വീർത്തിരുന്ന അവളുടെ ഉദരം ഇപ്പോൾ വളരെ ചുരുങ്ങി സാധാരണസ്ഥിതിയിലെത്തിയിരുന്നു.

ട്യൂബർകുലോസിസ് പെരിടോണിററിസ് (ഒരുവക ക്ഷയം) എന്ന മാറാരോഗത്തിൽനിന്നു് അവൾ നിശ്ശേഷം മുക്തയായി. അറിയപ്പെട്ടിട്ടുള്ള ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ തീർത്തും പൊറുക്കാത്ത ഒരു രോഗമാണിതു്. എന്നിരുന്നാലും ഈ രോഗശാന്തിക്കു് വൈദ്യപരമായ എന്തെങ്കിലും ഒരു വ്യാഖ്യാനം കണ്ടെത്താമോയെന്നു അവിശ്വാസിയായ നമ്മുടെ ഡോക്ടർ പിന്നേയും പരിശ്രമിച്ചുനോക്കി. പക്ഷെ നഗ്നമായ വസ്തുതകളുടെ മുൻപിൽ ശാസ്ത്രം നിസ്സഹായമായി നിലകൊണ്ടു. യാതൊരു സംശയവുമെന്യേ ഇതൊരു "അത്ഭുത"മായിരിക്കുന്നു. അവസാനത്തെ വൈക്കോൽത്തുരുമ്പും നഷ്ടപ്പെട്ടതായി അദ്ദേഹത്തിനു ബോദ്ധ്യമായി.

എല്ലാ പ്രാകൃതികശക്തികളേയും അതിശയിക്കുന്ന രോഗശാന്തി ലൂർദ്ദിൽ നടക്കുന്നുണ്ടോയെന്നു നേരിട്ടുകണ്ടു മനസ്സിലാക്കുവാനാണു് ഡോക്ടർ അലക്സിസ് കാറൽ ലൂർദ്ദിലേക്കു പോയതു്. മതവിശ്വാസികളായ ആളുകൾ വിവരിക്കാറുള്ള സംഭവങ്ങളിൽ അദ്ദേഹത്തിനു വിശ്വാസം തോന്നിയില്ല. യഥാർത്ഥമായ ഒരു രോഗശാന്തിയെ, പരമാർത്ഥമായ യുക്തിയുടെ നിഷ്പക്ഷതയോടുകൂടി പരീക്ഷിച്ചുനോക്കണമെന്നു് അദ്ദേഹം ഉറച്ചു. താൻ നേരിട്ടുകണ്ട തന്റെ സ്വന്തം രോഗിയുടെ രോഗശാന്തി, അദ്ദേഹത്തിന്റെ വിമർശനബുദ്ധിയിൽ യാതൊരു സന്ദേഹവും അവശേഷിപ്പിച്ചില്ല.

പക്ഷെ അദ്ദേഹം ഭഗ്നാശനായി. ദൈവത്തിൽ വിശ്വസിക്കുകയെന്നതു്, അനേകവർഷത്തെ ക്ലേശകരമായ അനുഭവങ്ങളാൽ കരസ്ഥമാക്കിയ തന്റെ ഉദ്ധതമായ ജ്ഞാനം നിഷ്ഫലമാണെന്നു സമ്മതിക്കുകയാകുന്നു. അത്ഭുതംമൂലം സംജാതമായ ആശയക്കുഴപ്പത്തിനിടയിൽ ഒരു സംഗതി അദ്ദേഹത്തിനു ബോദ്ധ്യമായി; മനുഷ്യജീവിതത്തിൽ മാനുഷികബോദ്ധ്യത്തിനു് അതീതമായി എന്തോ ഒന്നുണ്ടു്. അതിനു വ്യക്തമായ ഒരു നിർവ്വചനം നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ലൗകായതികമായ പ്രപഞ്ചത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ ബോദ്ധ്യത്തിനെതിരായി, എല്ലാ ശക്തികളേയും അതിശയിക്കുന്ന ഒരു പരമശക്തിയെപ്പററിയുള്ള ആശയം സമരംചെയ്തുകൊണ്ടിരുന്നു. ശാസ്ത്രത്തിനു സാധിക്കാമെന്നു സ്വപ്നം കാണാൻപോലും സാദ്ധ്യമല്ലാത്ത സംഗതികൾ, മതവിശ്വാസത്തിനു സാധിക്കുവാൻ കഴിയുമെന്നു ഗ്രോട്ടോയുടെ മുൻപിലുണ്ടായ അനുഭവം അദ്ദേഹത്തിനു ബോദ്ധ്യപ്പെടുത്തിക്കൊടുത്തു.

അദ്ദേഹം ഒരു തീരുമാനത്തിലെത്തിച്ചേർന്നു. അദ്ദേഹം രേഖപ്പെടുത്തിവച്ചതു് ഇങ്ങനെയാണു്: "ആകയാൽ അത്ഭുതകരമായ ഈ മണ്ഡലത്തിൽ എല്ലാ കാര്യങ്ങളും സാദ്ധ്യമായിരിക്കുന്നു. മാനസികപദ്ധതികൾക്കു ഇവിടെ വലിയ സ്ഥാനമുള്ളതുപോലെ കാണുന്നില്ല. ജീവിതമരണങ്ങളുടെ രംഗത്തു കേവലസിദ്ധാന്തങ്ങൾ നിഷ്ഫലങ്ങളാകുന്നു. മനുഷ്യന്റെ ആന്തരികജീവിതത്തെ പോഷിപ്പിക്കുന്നതു ശാസ്ത്രമല്ല; ആത്മാവിന്റെ വിശ്വാസമാകുന്നു."

മനുഷ്യന്റെ ശക്തിമത്തായ മേധാശക്തിയെ ദൈവത്തിന്റെ നിസ്സാരമാർഗ്ഗങ്ങൾക്കു കീഴ്പ്പെടുത്തുന്നതിനു ഇതിനെക്കാൾ നല്ല ഒരു വിശദീകരണം നൽകാനില്ല. വസ്തുമാത്രമായ ഈ ലോകത്തിൽ, ഒരുകാലത്തു ഡോക്ടർ കാറലിന്റെ മനസ്സിൽ ഉണ്ടായിരുന്നതുപോലെ എന്തെങ്കിലും സംശയം ഇനിയും അവശേഷിക്കുന്നുണ്ടെങ്കിൽ, അതു് നമ്മുടെ ബാബേൽഗോപുരത്തിന്റെ ജാജ്ജ്വല്യമാനമായ ഉന്നതിയിൽനിന്നുകൊണ്ടു്, നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന സ്രഷ്ടാവിന്റെ സ്ദർശനത്തെ വീക്ഷിക്കുവാൻ നമുക്കു സാധിക്കുന്നില്ലായെന്നതുകൊണ്ടു മാത്രമാകുന്നു.

—o—

# തെങ്ങിലെ ഓലപ്പുഴ

കേരളത്തിലെ തെങ്ങുകൃഷിക്കു് വളരെയധികം നാശംചെയ്യുന്ന ഒരുതരം പുഴുവാണു് നെഫാന്തിസ് സെറിനോപ്പ. ഓലയുടെ അടിവശത്തു ചെറിയ അറകളുണ്ടാക്കി അതിലാണു് പുഴു ജീവിക്കുന്നതു്. തെങ്ങോലയിലെ പച്ചനിറത്തിലുള്ള പദാർത്ഥമാണു് പുഴുവിന്റെ ആഹാരം. പുഴുവിന്റെ ഉപദ്രവം കൂടുതലാകുമ്പോൾ ഓലകൾ ഉണങ്ങുകയും തെങ്ങിൽ നാളികേരം വളരെ കുറയുകയും ചെയ്യുന്നു. ഓലപ്പുഴുവിന്റെ ഉപദ്രവമുള്ള തെങ്ങുകൾ ഓലകളിൽ അങ്ങിങ്ങായി കാണുന്ന ഉണങ്ങിയ പാടുകൾകൊണ്ടും, ഓല മുഴുവനായി ഉണങ്ങുന്നതുകൊണ്ടും വേഗം തിരിച്ചറിയുവാൻ സാധിക്കുന്നതാണു്. ഈ പുഴുവിന്റെ ഉപദ്രവം കൂടുതലായുള്ളതു തീരപ്രദേശങ്ങളിലാണു്. ഫെബ്രുവരിമുതൽ ജൂൺവരെയുള്ള ചൂടുകൂടുതലുള്ള മാസങ്ങളിൽ ഓലപ്പുഴ വളരെവേഗം വർദ്ധിക്കുന്നു.

ഓലപ്പുഴുവിന്റെ ഉപദ്രവം നിയന്ത്രിക്കുന്നതിനു പ്രകൃതിദത്തമായുള്ള ഒരു മാർഗ്ഗമാണു് ഏററവും ഫലപ്രദമായി കണ്ടിരിക്കുന്നതു്. ഈ പുഴുക്കളെ തിന്നുന്ന ചില പ്രാണികളുണ്ടു്. അവയെ പ്രകൃതിയിൽനിന്നും ശേഖരിച്ചു് കൃത്രിമമായി വംശവർദ്ധനവുനടത്തി ഓലപ്പുഴുവിന്റെ ഉപദ്രവമുള്ള തെങ്ങിൻതോപ്പുകളിൽ തുറന്നുവിട്ടാൽ പുഴുക്കളെ വളരെവേഗം നിയന്ത്രിക്കുവാൻ സാധിക്കുന്നതാണു്.

ഓലപ്പുഴുവിനെ നശിപ്പിക്കുന്ന പ്രാണികളെ വളർത്തി വിതരണം ചെയ്യുന്ന അഞ്ചു കേന്ദ്രങ്ങൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, വൈററില, കാസർകോട്ട് എന്നിവിടങ്ങളിൽ കൃഷിഡിപ്പാർട്ടുമെന്റിന്റെ വകയായി ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ടു്. ഇൻഡ്യൻ കേന്ദ്രനാളികേരക്കമ്മിററിയും സംസ്ഥാനഗവർമ്മെൻറുംകൂടിയാണു് പ്രസ്തുത കേന്ദ്രങ്ങൾക്കു ധനസഹായം ചെയ്യുന്നതു്. ഓലപ്പുഴുവിനെ നശിപ്പിക്കുന്ന രണ്ടുതരം പ്രാണികളെ മേല്പറഞ്ഞ കേന്ദ്രങ്ങളിൽ പ്രത്യേകപരിശീലനം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ ഇപ്പോൾ വളർത്തി വിതരണം ചെയ്തുവരുന്നു.

1955-56, 56-57 എന്നീ വർഷങ്ങളിലായി 564 പ്രാവശ്യം ഈ കേന്ദ്രങ്ങളിൽനിന്നും ഏതാണ്ടു 20 ലക്ഷത്തോളം പ്രാണികളെ ഓലപ്പുഴുവിന്റെ ഉപദ്രവം നിയന്ത്രിക്കുന്നതിനായി വിതരണംചെയ്തിട്ടുണ്ടു്. കന്യാകുമാരി, നാഗർകോവിൽ, കുളച്ചൽ, തിരുവനന്തപുരം, ഇത്തിക്കര, കൈനകരി, തോട്ടപ്പള്ളി, നീണ്ടൂർ, ചിങ്ങവനം, വൈക്കം മുതലായ പല സ്ഥലങ്ങളിലും ഓലപ്പുഴുവിന്റെ ഉപദ്രവം കഴിഞ്ഞവർഷം വളരെ കൂടുതലായി ഉണ്ടായിയെങ്കിലും മേല്പറഞ്ഞ പ്രാണികളെ ഉപയോഗിച്ചു് അവയെല്ലാംതന്നെ തികച്ചും വിജയപ്രദമായിത്തന്നെ നിയന്ത്രിക്കയുണ്ടായി.

തെങ്ങിൻതോപ്പുകളിൽ ഓലപ്പുഴുവിന്റെ ഉപദ്രവം ഉണ്ടായാലുടൻതന്നെ മേല്പറഞ്ഞ കേന്ദ്രങ്ങളിൽനിന്നും പുഴുവിനെ നശിപ്പിക്കുന്ന പ്രാണികളെ വാങ്ങി അവയെ ഉപയോഗിച്ചു് പുഴുവിന്റെ ഉപദ്രവം നിയന്ത്രിക്കുക.

# തിരസ്കരണികളിൽ

(ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. എ.)

## പോളണ്ടു്

(തുടർച്ച)

സഭയ്ക്കെതിരായി കമ്മ്യൂണിസ്റ്റു ഗവൺമെൻറു് ഈ ഘട്ടത്തിൽ പോളിഷ് ജനതയിൽ ചെലുത്തുന്നമർദ്ദനശക്തികൂടുതൽ ആദർശപരമായിട്ടുള്ളതായിരുന്നു (Ideological). ഈദൃശ ആദർശപരമായ സമരത്തിൽ അവരുടെ മുദ്രാവാക്യം "യുവജനത്തെ പുനഃവിദ്യാഭ്യാസം ചെയ്യിക്കുക. കത്തോലിക്കാവിശ്വാസത്തെ വിജ്ഞാനപ്രബോധനങ്ങൾവഴി നശിപ്പിക്കുക" എന്നിവകളാണു്. ദേശീയ വൈദികരുടേയും അൽമായ കത്തോലിക്കാ പ്രവർത്തകരുടേയും ഒരു കമ്മിററിയേയാണു് ഇവയെ പ്രയോഗത്തിൽ വരുത്തുവാൻ നിയോഗിച്ചിരുന്നതു്. ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുവാനും അവരിൽ ആശയക്കുഴപ്പമുണ്ടാക്കുവാനുമുള്ള കമ്മ്യൂണിസ്റ്റുകാരുടെ അടവായിരുന്നു ഇതു്. വത്തിക്കാൻ ഈ പ്രസ്ഥാനത്തെ ശക്തിയായി എതിർത്തു. 1955 ജൂൺ 27-ാം തീയതി വത്തിക്കാനിലെ ഹോളി ഓഫീസ് "ഡിസ്സിസ്സ് ഈജ്ജ്രൊ" എന്ന പുരോഗമന കത്തോലിക്കാ വാരികയെ മുടക്കപ്പെട്ട പ്രസിദ്ധീകരണത്തിൽപ്പെടുത്തി. ഗവമ്മെണ്ടുമർദ്ദനം ഇത്രത്തോളമുണ്ടായിട്ടും പാശ്ചാത്യരാജ്യങ്ങളിൽ ലഭ്യമായിട്ടുള്ള കണക്കനുസരിച്ചു പോളണ്ടിൽ 1945-നുശേഷം പള്ളികൾ ധാരാളം വർദ്ധിച്ചിട്ടുണ്ടെന്നു കാണുന്നു. ഇന്നു പോളണ്ടിൽ 11000 പള്ളികൾ ഉണ്ടു്. ഇടവകസ്കൂളുകൾ ഗവമ്മെണ്ടു നിർത്തൽചെയ്തപ്പോൾ എല്ലാ ഇടവകകളിലും വേദോപദേശസ്കൂളുകൾ ജനങ്ങൾതന്നെ ആരംഭിച്ചു. മതഭക്തിപോളണ്ടിൽ അത്ഭുതാവഹമായി വർദ്ധിച്ചിട്ടുണ്ടെന്നു അവിടെനിന്നു രക്ഷപ്പെട്ട ഒരഭയാർത്ഥി ഈയിടെ പ്രസ്താവിക്കുകയുണ്ടായി. 1955-ൽ ചെസ്റ്റാക്കൗണിലുള്ള പ. ജനനിയുടെ തീർത്ഥകേന്ദ്രത്തിലേക്കുള്ള തീർത്ഥാടനസംഘത്തിൽ 10,000 ത്തോളം പോളീഷ്കാരാണു് സംബന്ധിച്ചിരുന്നതു്. പോളണ്ടിൽ "ടൂർസ്" എന്ന സ്ഥലത്തു ഫാത്തിമാമാതാവിന്റെ നാമധേയത്തിൽ ഒന്നാമതായി കൂദാശചെയ്യപ്പെട്ട ദേവാലയത്തിലേക്കു തീർത്ഥാടനം ചെയ്യുവരുടെ സംഖ്യ ഗവമ്മെണ്ടിനെക്കൂടി ഞെട്ടിപ്പിച്ചു. തന്മൂലം ആ ദേവാലയാധികാരിയായ വൈദികനെ ഗവമ്മെണ്ടു ഉടനെതന്നെ സ്ഥലം മാററി. ദുരിതങ്ങളും കഷ്ടപ്പാടുകളും കത്തോലിക്കർക്കു ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. വൈദികരുടെ ശമ്പളവും സ്റ്റൈപ്പൻറും ഗവമ്മെൻറു് നിയന്ത്രണത്തിലാണു്. അതുപോലെതന്നെ പോളണ്ടിലെ സഭയുടെ ഉദ്യോഗസ്ഥന്മാരുടെ നിയമനങ്ങളും. കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിനോടു വിരുദ്ധമനസ്ഥിതിയുള്ള വൈദികരുടെ ശമ്പളം കാരണമൊന്നുംകൂടാതെ ഇടയ്ക്കിടയ്ക്കു വെട്ടിക്കുറയ്ക്കുന്നതു ഒരു പതിവാണു്. എന്നിരുന്നാലും ഗവമ്മെണ്ടു ഇങ്ങനെ കഷ്ടപ്പെടുത്തിയിരുന്ന വൈദികരെ ജനങ്ങൾ സംഭാവന പിരിച്ചുകൊണ്ടു സഹായിച്ചിരുന്നു.

കമ്മ്യൂണിസ്റ്റുകാരുടെ മർദ്ദനനയം ഒരു പരാജയമായിരുന്നുവെന്നതിനു ഒരുദാഹരണം സ്റ്റലിനൊഗ്രാഡിലെ ഭദ്രാസനദേവാലയം പണിഅവസാനിപ്പിച്ച കഥയാണു്. ഈ ദേവാലയത്തിന്റെ പണി തുടങ്ങിയിട്ടു 28 കൊല്ലമായി. 1955 ഒക്ടോബർ 3-ാം തീയതി ഈ ദേവാലയം കൂദാശചെയ്യപ്പെട്ടു. മതസ്വാതന്ത്ര്യമുണ്ടെന്നു വരുത്തുന്നതിനും അതേസമയംതന്നെ വൈദികരെ നിർദ്ദയം മർദ്ദിക്കുന്നതിനും ഈ പള്ളിയുടെ പണി കമ്മ്യൂണിസ്റ്റുകാർ ഉപയോഗിച്ചു. സെമ്മിനാരിയിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികളെ ഷിഫ്റ്റു് അനുസരിച്ചു് ദിവസത്തിൽ 20 മണിക്കൂർ ജോലിചെയ്തു പള്ളിപണി പൂർത്തിയാക്കുവാൻ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറു നിയോഗിച്ചു. പക്ഷെ പോളണ്ടിലെ തൊഴിലാളികൾ ഗവമ്മെണ്ടിന്റെ ഹൃദയമില്ലാത്ത ഈ പ്രവൃത്തിയിൽ പ്രതിഷേധിച്ചുകൊണ്ടു അവർതന്നെ മുന്നോട്ടുവന്നു പള്ളിയുടെ പണി ഏറെറടുത്തു. മദ്ധ്യശതകങ്ങളിലെ മഹത്വമണിഞ്ഞ മതചൈതന്യത്തോടെ തൊഴിലാളികൾ ആ ഭദ്രാസനദേവാലയത്തിന്റെ പണി പൂർത്തിയാക്കി ദൈവമഹത്വത്തിനായി സമർപ്പിച്ചു. ഈ സംഭവത്തിനുശേഷം അഞ്ചു ആഴ്ച കഴിയുന്നതിനുമുമ്പു പ. പിതാവു് പന്ത്രണ്ടാം പീയൂസ് കാരാഗൃഹത്തിൽ കിടക്കുന്ന കർദ്ദിനാൾ വിഷിൻസ്കിക്കു ആവേശത്തോടുകൂടിയ ഒരു അനുമോദനക്കത്തു എഴുതുകയുണ്ടായി. ആ എഴുത്തിൽ പോളീഷ് ജനതയുടെ വിശ്വാസചൈതന്യത്തെ പ്രശംസിക്കുന്നതോടൊപ്പം നിരീശ്വരന്മാരുടെ വഞ്ചനാത്മകങ്ങളായ പ്രവർത്തനങ്ങളെ സർവ്വശക്തിയോടുംകൂടി ചെറുക്കണമെന്നു പോളിഷ് ജനതയെ ഉദ്ബോധിപ്പിക്കണമെന്നു മാർപ്പാപ്പാ കർദ്ദിനാളിനോടു ആവശ്യപ്പെടുകയും ചെയ്തിരുന്നു.

—o—

Wednesday
March 13
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM KERALA STATE)

Reg. No. M. 2293
Vol. 30
No. 30






വി. തർസീസിയൂസ്

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമ്മുടെ കൊച്ചുബാവാച്ചൻ—തർസീസിയൂസ്—ആ വികൃതികളും ആഭാസന്മാരുമായ കുട്ടികളുടെ നടുവിൽ കിടന്നു വിഷമിക്കുകയാണ്. ദുഷ്ടന്മാരായ ആ ഗണം അവനെ ചുററിവളഞ്ഞു. അവരുടെ ഇഷ്ടമനുസരിച്ചു അവൻ അവരോടുകൂടി കളിക്കണം. ദുഷ്ടക്കൂട്ടുകാരുടെ മദ്ധ്യത്തിൽ നല്ല കുട്ടികൾക്കു വന്നുചേരുന്ന നിസ്സഹായതയുടെ ഒരു ചിത്രമാണ് ഇവിടെ കാണുന്നതു്. നല്ല കുട്ടികൾക്കു എന്തെങ്കിലും ഒന്നു ചെയ്യുന്നതിനുമുമ്പു പലതും ആലോചിക്കാനുണ്ടാകും. അവർ ചെയ്യുന്ന പ്രവൃത്തി ദൈവത്തിനിഷ്ടമുള്ളതാണോ? അവരുടെ നല്ല മാതാപിതാക്കന്മാരും ഗുരുക്കന്മാരും മററും പറഞ്ഞുകൊടുത്തിട്ടുള്ള ഉപദേശങ്ങൾക്കനുസരിച്ചതാണോ? അതു അവരുടെ ആത്മാവിനും ശരീരത്തിനും ഗുണമുള്ളതാണോ? എന്നെല്ലാം. പക്ഷ, ഇത്തരത്തിലുള്ള യാതൊരു കർത്തവ്യബോധവുമില്ലാതെ വെറും മൃഗങ്ങളെപ്പോലെ ജീവിക്കുന്ന ചീത്തക്കുട്ടികളുണ്ടു്. അവക്കു ചിന്തിക്കാനൊന്നുമില്ല കളിക്കണമെന്നു തോന്നിയാൽ കളിക്കണം. അതിനു കാണുന്നവരെയെല്ലാം കൂട്ടുവിളിക്കും. ചീത്തപറയാൻ തോന്നിയാൽ ചീത്തപറയും. അതു ദോഷമാണെന്നോ, ചിലപ്പോൾ വല്ലവരുടേയും തല്ലുകൊള്ളാനുള്ള മാർഗ്ഗമാണെന്നോ ചിന്തിക്കുകയില്ല. നിങ്ങൾ കണ്ടിട്ടില്ലേ, ചില കുട്ടികൾ മുതിർന്ന ചില ചീത്തക്കുട്ടികളോടു ശണ്ഠകൂടുന്നതും ചീത്തപറഞ്ഞു അവരുടെ കൈയിൽനിന്നു കണക്കിനു തല്ലും ഇടിയും വാങ്ങിക്കുന്നതും. നല്ല കുട്ടികളൊന്നും ഈ കൂട്ടത്തിൽ പോകുകയില്ലല്ലോ. തർസീസിയൂസ് നിർഭാഗ്യവശാൽ ഇത്തരം റൗഡികളുടെ മദ്ധ്യത്തിലാണ് ചെന്നുപെട്ടതു്. മാത്രമല്ല, അവൻെറ നെഞ്ചിൽ വിശുദ്ധകുർബാന അവൻ വഹിച്ചുകൊണ്ടു പോവുകയുമാണ്. അവരോടുകൂടി കളിക്കാൻ അവനൊക്കുമോ? എന്നാൽ അവൻെറ ഒഴികഴിവൊന്നും അവക്കു കേൾക്കാൻ ഭാവമില്ല. അവർ അവനെ പിടിച്ചുവലിക്കാനും, ഇടിക്കാനും, തൊഴിക്കാനും തുടങ്ങി. പാവം, തർസീസിയൂസ്! വിശുദ്ധകുർബാനയെ നെഞ്ചിൽ അടക്കിപ്പിടിച്ചുകൊണ്ടു അവൻ ക്ഷമാപൂർവ്വം എല്ലാം സഹിച്ചു.

വല്യേട്ടൻ



13. "അമ്പടാ, അത്രയ്ക്കായോ നിൻെറ മുഷ്ക്കു്? നീ ഞങ്ങളോടു മുഷ്കു കാണിച്ചാൽ അതെല്ലാം ഞങ്ങൾ കണ്ടു സഹിച്ചുകൊള്ളണം, അല്ലേ? ഇവിടെ വാടാ."



14. "അയ്യോ, എന്നെ ഉപദ്രവിക്കരുതേ; ഞാൻ ഒരത്യാവശ്യകാര്യത്തിനു പോകുന്നതുകൊണ്ടു പറഞ്ഞതാണ്. ഞാൻ നിങ്ങളോടുയാതൊരു മുഷ്കും കാണിക്കുകയല്ല."

## 107–ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

| | | |
|---|---|---|
| 8 | 3 | 10 |
| 9 | 7 | 5 |
| 4 | 11 | 6 |

(പുറംകളങ്ങളിലെ നമ്പറുകൾ ക്രമമായി ഓരോ വശത്തും മാറി ഇടാവുന്നതാണ്.)

## പ്രശ്നം നമ്പ്ര് 108

(സി വി ജോസഫ് ചടാങ്കുളത്തു്
Reg. No. 112)

ഇന്നത്തെ ലോകത്തിലെ ഏററംവലിയ വിപത്തു ഞാൻതന്നെയാണ്. എന്നെക്കണ്ടു മതിമയങ്ങി അനേകലക്ഷങ്ങൾ എനിക്കടിമയാകുന്നു. എൻെറ പിടിയിൽ വന്നാൽ പിന്നെ ഞാനവരെ അത്ര എളുപ്പം വിടുന്നതല്ല. അവർ നിസ്സഹായരായി നരകിക്കുകയല്ലാതെ ഗത്യന്തരമില്ല. എൻെറ പേരിനു നാലക്ഷരംമാത്രം. ഒന്നാമത്തെ അക്ഷരം കളവിലുണ്ടു്, ചതിയിലില്ല. രണ്ടാമത്തെ അക്ഷരം മൂന്നിലുണ്ടു്, നാലിലില്ല. മൂന്നാമത്തെ അക്ഷരം മണിമഞ്ചത്തിലുണ്ടു്, കോസടിയിലില്ല. നാലാമത്തെ അക്ഷരം മാസത്തിലുണ്ടു്, വർഷത്തിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## 'അവൻപോയി'

(കുഴ്ച്ചൻ കെ. തടത്തിൽ
Reg. No. 103)

വല്യവീട്ടിലെ അവരാച്ചൻെറ മൂന്നാമത്തെ പുത്രനാണ് ജെയിംസ്. മററു രണ്ടു കുട്ടികളും അല്ലലറിയാത്ത—അനീതിയും അക്രമവുമില്ലാത്ത—ദാരിദ്ര്യവും മോഷണവുമില്ലാത്ത—പരലോകത്തിലേക്കു പോയിക്കഴിഞ്ഞു. അങ്ങനെ തനിക്കു കിട്ടിയിരിക്കുന്ന ഏക ഓമന പുത്രനെ ലാളിക്കുന്നതിനു കണക്കില്ല. ലോകത്തിൽ ആരുമാരും അവനേക്കാൾ കൂടുതലായി സുഖമനുഭവിപ്പാൻ പാടില്ലെന്നാണ് അവരാച്ചൻെറ നിർബന്ധം. സുഖസമൃദ്ധനായി ജെയിംസ് അങ്ങനെ വളരുകയാണ്.

x x x x

ജെയിംസ് ഹൈസ്കൂൾ പാസായശേഷം കോളേജിൽ പഠിക്കുവാൻ പോയി. കോളേജിലെ പല പല കുസൃതികളെയും നല്ലനല്ല കുട്ടികളെയും അവൻ പരിചയപ്പെട്ടു. തെരുവീഥികളിലൂടെ പിച്ചച്ചിരട്ടയും കയ്യിലേന്തി വടിയും കുത്തി നടക്കുന്ന ഭിക്ഷക്കാരെയും, നെൽപാടങ്ങളിൽ പ്രഭാതം മുതൽ പ്രദോഷംവരെ പണിയെടുക്കുന്ന കൃഷീവലന്മാരെയും, നേരം വെളുക്കുമ്പോൾ മുതൽ ചായക്കടകളിലും ക്ലബുകളിലും ഇരുന്നു നേരം കളയുന്ന സമയംകൊല്ലികളെയും ജെയിംസ് കണ്ടിട്ടുണ്ടു്. അവയോരോന്നും അവൻെറ അവഗാഢമായ ചിന്തയ്ക്കു വിഷയമാകാറുണ്ടു്.

x x x

വസന്തകാലങ്ങൾ പലതു കഴിഞ്ഞു. മഴക്കാലം മാറി വേനൽക്കാലം വരുകയും വീണ്ടും വർഷകാലം തന്നെ വരുകയും ചെയ്തു. ഇക്കാലങ്ങളിൽ പലരും വിവാഹം കഴിക്കുകയും, ചിലർ സെമ്മിനാരികളിൽ പോകുകയുമുണ്ടായി കാലത്തിൻെറ തികവിൽ ജെയിംസ് ബി എ പാസ്സായി വീട്ടിലെ കാര്യങ്ങൾ നോക്കാൻ ആരുമില്ലാത്തതിനാൽ ജെയിംസ് പഠനം നിറുത്തി വീട്ടുജോലികളിൽ ഏർപ്പെട്ടു.

ജെയിംസിനു പല പല കല്യാണാലോചനകളും നടക്കുന്നുണ്ടു്. ജെയിംസിനെപ്പററി പല പല വൻകോട്ടകളും അവരാച്ചൻ മനസ്സിൽ കെട്ടിപ്പൊക്കാറുണ്ടു് ഒരു ദിവസം ജെയിംസ് മുറിക്കകത്തു ഇരുന്നു മധുരമധുരമായി പാടുന്ന റേഡിയോഗാനം കേട്ടുകൊണ്ടിരിക്കുകയാണ്. പടിവാതിക്കൽ വന്നു് "വല്ലതും തരണേ"യെന്നു ഒരു പിച്ചക്കാരൻ നീട്ടി വിളിച്ചുതുടങ്ങി. തുടർച്ചയായ ഈ വിളികേട്ടു് ജെയിംസിനു കോപം സഹിച്ചില്ല എണീററു് അവനെ ആട്ടിയോടിച്ചു. "ശവങ്ങൾ ധമ്മം വാങ്ങിക്കാൻ വന്നിരിക്കുന്ന സമയം; പടിക്കകത്തു കാലുകുത്തിപ്പോകരുതു്."

x x x

അന്നും അങ്ങു് പടിഞ്ഞാറെ ചക്രവാളത്തിൽ പകലവൻ പല പല ചിത്രങ്ങൾ വരച്ചുകൊണ്ടു് ദൃഷ്ടിപഥത്തുനിന്നു മറഞ്ഞു. ഈ തക്കം നോക്കി ഇത്രയും സമയം സൂര്യനെ പേടിച്ചിട്ടെന്നപോലെ മേഘപടലങ്ങളിൽ മറഞ്ഞിരുന്ന ചന്ദ്രിക പ്രത്യക്ഷയായി. എന്തോ അവളുടെ സുന്ദരമുഖം മ്ലാനമായിരിക്കുന്നു. ഉപദ്രവികളായ മഴക്കാറുകൾ ആയിരിക്കണം അതിനു കാരണം.

പതിവുപോലെ സന്ധ്യാജപവും അത്താഴവും കഴിഞ്ഞു് ജെയിംസ് ഉറങ്ങുവാൻ കിടന്നു. ഉറക്കം വന്നില്ല. രാവിലത്തെ ആ പിച്ചക്കാരൻെറ ചിന്ത കഠിനമായി ജെയിംസിനെ പിടികൂടി. അവൻ ചിന്തിച്ചു: പാവപ്പെട്ട മനുഷ്യർ! ഇങ്ങനെ മുതലാളിമാരുടെ ഗേററുകൾ വന്നു പിച്ചയാചിക്കുമ്പോൾ എല്ലാവരും അവരെ ആട്ടിയോടിച്ചാൽ, ദൈവമേ! അവർ എങ്ങനെ ജീവിക്കും? ഈ ലോകത്തിലെ ജീവിതത്തിനുവേണ്ടി മനുഷ്യർ എന്തെല്ലാം ചെയ്യുന്നു?. ഇനിയും, ദൈവത്തെ അറിയാത്തവരായി ലോകത്തിൽ അനേകംപേർ ആത്മീയമായി അലഞ്ഞു തിരിയുന്നു. ഞാനിങ്ങനെ ഇരുന്നാൽ മതിയോ?. ഞാൻ പിന്നെന്തുചെയ്യും?...പിതാവു് ദുഃഖിക്കയില്ലേ? ഇല്ല. ദുഃഖിച്ചാൽ തന്നെയും ഇതിലും നീതിമാനായ ഒരു പിതാവല്ലേ എന്നെ വിളിക്കുന്നതു്? അദ്ദേഹത്തെയാണ് അനുസരിക്കേണ്ടതു്.

ഇങ്ങനെയോരോന്നു ദീർഘനേരം അവൻ ചിന്തിച്ചു. ആരുമാരുമറിയാതെ ജനാലയുടെ അഴികളിലൂടെ ഒരു മിന്നാമിനുങ്ങു് കയറിവന്നതു ജെയിംസിൻെറ വിചാരം എന്തെന്നു അറിയുവാൻ ആയിരിക്കും ജെയിംസ് കിടക്കയിൽനിന്നു എണീററു. ചന്ദ്രക്കല ആകാശത്തിൽനിന്നു പുഞ്ചിരിക്കുന്നുണ്ടായിരുന്നു. അതിലെകൂടി ഒരു പടിഞ്ഞാറൻകാററു് കടന്നുപോയി. അവൻ നേരെ അപ്പച്ചൻെറ മുറിയിലേക്കു ചെന്നു. അദ്ദേഹം ഉറങ്ങിയിരുന്നില്ല പുറകിൽ നിന്നു വന്ന മകനെ നോക്കി അവരാച്ചൻ ചോദിച്ചു.

"എന്താ മോനെ?"

ജെയിംസ് ഒന്നും പറഞ്ഞില്ല. അവൻ കുറെനേരം അവിടെത്തന്നെ നിന്നതിനുശേഷം പറഞ്ഞു.

"അപ്പച്ചാ, പ്രിയപ്പെട്ട അപ്പച്ചാ പുത്രവത്സലനായ ഈ മകനോടു ക്ഷമിക്കുമോ?"

മകൻെറ ഈ ദയനീയത കണ്ടിട്ടു് ആ നല്ല പിതാവിനു സങ്കടമുണ്ടായി.

"എന്താ മോനേ? പറയൂ. എന്തിനു മടിക്കുന്നു. എല്ലാം ക്ഷമിക്കാം."

"അപ്പച്ചാ എനിക്കു കല്യാണാലോചന നടക്കുന്നുണ്ടല്ലോ. ഞാൻ കല്യാണം കഴിക്കുന്നില്ല. എനിക്കു പോകണം."

"എവിടെപ്പോകാൻ?" ആ പിതാവിനു സങ്കടവും ജിജ്ഞാസയും ഉണ്ടായി. അവരാച്ചൻെറ കണ്ണുകൾ നിറഞ്ഞു. "എവിടെ പോകാനാ മോനെ?"

"എനിക്കു ലോകത്തിൻെറ സന്തോഷങ്ങളിൽ യാതൊരു തൃപ്തിയും തോന്നുന്നില്ല. അനേകമാളുകൾ ദൈവത്തെ അറിയാതെ ജീവിക്കുമ്പോൾ നാം ഇങ്ങനെ സുഖിച്ചു ജീവിച്ചാൽ മതിയോ?. അവരുടെ ആത്മാവു് നമ്മളോടു പ്രതികാരം ചോദിപ്പാനായി ദൈവസന്നിധിയിൽ ഒരുകാലത്തു സമരമുയർത്തുമ്പോൾ നമ്മൾ എന്തുചെയ്യും. അപ്പച്ചൻ ദുഃഖിക്കരുതു്. എന്നെ അനുവദിക്കണം ഞാൻ മിഷൻ ജോലിക്കായി പോകുന്നതിനു നിശ്ചയിച്ചു"

"എൻെറ മോനെ, ഇക്കാണാവുന്ന സ്വത്തുക്കളും എന്നെയും നിൻെറ അമ്മയെയും ഉപേക്ഷിച്ചിട്ടു് നീ പോയാൽ?"

"അതു സാരമില്ല വസ്തുവകകൾ. അതെല്ലാം പാപങ്ങൾക്കു കൊടുക്കുക. അപ്പച്ചാ എന്നെ അനുവദിക്കുക."

"മകനെ നീയാണ് എൻെറ സർവ്വസ്വവും. എങ്കിലും വേണ്ടവിധം ആലോചിച്ചശേഷം നിൻെറ ഇഷ്ടംപോലെ ആയിക്കൊള്ളുക. ഇപ്പോൾ നീ പോയിക്കിടന്നു ഉറങ്ങുക."

ജെയിംസ് പോയികിടന്നു. അവൻ സംതൃപ്തനായി. ദിവസങ്ങൾ അധികം വേണ്ടിവന്നില്ല അതു നടക്കുവാൻ. അവൻ പോയി.

—o—

## സ്നേഹറാണിയായ ചെറുപുഷ്പം

(ഇ. എൽ. കൊച്ചൗസേപ്പ്
Reg. No. 13?)

"സ്നേഹം സ്നേഹംകൊണ്ടു മാത്രമേ വീട്ടപ്പെടുകയുള്ളൂ വെന്ന പല്ലവിയും പാടിക്കൊണ്ടാണ് വി. കൊച്ചുത്രേസ്യാ കന്യകാമഠത്തിലേക്കു് പ്രയാണം ചെയ്തതു്. സ്നേഹം എന്ന ഒരേ ഒരു വികാരം അവളുടെ ഹൃദയത്തെ സദാ പ്രക്ഷുബ്ധമാക്കിക്കൊണ്ടിരുന്നു.

മനുഷ്യരോടുള്ള സ്നേഹത്തെപ്രതി കുരിശിൽതൂങ്ങി, അവസാന തുള്ളി രക്തംപോലും ചിന്തിയ ക്രിസ്തുനാഥനു് പ്രതിസ്നേഹം കാണിക്കുന്നതിനായിരുന്നു അവൾ തൻെറ ജീവിതം വിനിയോഗിച്ചതു്. അവളുടെ ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും വേദനകളുമെല്ലാം ഈശോയോടുള്ള സ്നേഹാഗ്നിയിൽ സ്വയം ഹോമിച്ചതിൻെറ ഭാഗങ്ങളായിരുന്നു. പീഡാപൂർണ്ണമായ ഈശോയുടെ ത്യാഗത്തോടു് അവളുടെ ത്യാഗങ്ങൾ തുലനംചെയ്യുമ്പോൾ അവ എത്ര നിസ്സാരങ്ങളായിരുന്നെന്നു് അവൾക്കു തോന്നിയിരുന്നു. ഈശോയ്ക്കുവേണ്ടി കൂടുതൽ ത്യാഗങ്ങൾ സഹിക്കുവാൻ തനിക്കു് കഴിയുന്നില്ലല്ലോ എന്ന വ്യഥ അവളുടെ ഹൃദയത്തെ സദാ പീഡിപ്പിച്ചുകൊണ്ടിരുന്നു.

(ശേഷം 8-ാം പേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1